കമ്മിറ്റി പ്രധാനമായും പരിശോധന നടത്തിയതു്. പല ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചും കമ്മിറ്റി പരിശോധന നടത്തി. അതിൽ അഞ്ചു ഡിപ്പാർട്ടുമെൻറുകളുടെ റിപ്പോർട്ട് ഇപ്പോൾ സമർപ്പിക്കുന്നു. കൂടാതെ ജനറൽ റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടു്. ബാക്കിയുള്ള ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചു റിപ്പോർട്ടുകളും താമസിയാതെ സമർപ്പിക്കുന്നതാണു്. ഈ റിപ്പോർട്ടു സഭ പ്രത്യേകിച്ചു് ആലോചിക്കണമെന്നാണു് കമ്മിറ്റിയുടെ പേരിൽ എനിക്കു അപേക്ഷിക്കാനുള്ളതു്.

കഴിഞ്ഞ ഏതാനും കൊല്ലങ്ങളായിട്ടു്, കമ്മിറ്റിയുടെ നിർദ്ദേശങ്ങളും പറയത്തക്കവണ്ണം ഗൗനിക്കാതെ കഴിഞ്ഞുപോയിട്ടുള്ളതായി മനസ്സിലാക്കിക്കൊണ്ടു കമ്മിറ്റി പരിശോധിച്ചു ചില ഡിപ്പാർട്ടുമെൻറുകളിലെ അനുവേണ്ടപ്പെട്ടതുടെ അടിസ്ഥാനത്തിൽ ചില തത്വങ്ങളും രൂപംകൊള്ളിച്ചതാണു് ഈ ഒന്നാമത്തെ റിപ്പോർട്ടു്. മേലാലെങ്കിലും ഇതുവരെയുള്ള സമ്പ്രദായം തുടരാതെ കമ്മിറ്റിയുടെ നിർദ്ദേശം സ്വീകരിക്കേണ്ടതാണെന്നുള്ള കാര്യം ഉദ്ബോധിപ്പിച്ചുകൊണ്ടു സഭയുടെ അംഗീകാരത്തിനായി ഈ ആറു റിപ്പോർട്ടുകളും സമർപ്പിച്ചുകൊള്ളുന്നു.

SHRI A. A. D. LUIZ: On the 13th, when the Privilege Motion was discussed, Shri T. O. Bava produced a document and said it would be placed on the table. May I know whether the hon. Speaker has ordered it to be placed on the table?

MR. SPEAKER: That question is not before the House now.

SHRI A. A. D. LUIZ: Will the Speaker kindly order that it be placed on the Table? That is a very relevant document for the discussions.

MR. SPEAKER: Please put it in writing and I shall consider it.

Report of the Committee of Privileges

MR. SPEAKER: The report of the Committee of Privileges may be taken up now.

SHRI MANJANATHA PRABHU: Sir, I move the following amendment to the motion that the first report of the Committee of Privileges be adopted.

"Delete 'adopted' and add instead the following: 'be sent back to the Committee for the following reasons. The question of Privileges is not properly dealt with and necessary evidence was not brought in to decide it."

ശ്രീ. ഡ: പിയേരാനന്ദൻ: സർ, ഒരു അമൻഡ്മെൻറു ഞാനും അവതരിപ്പിച്ചിരുന്നു. ഇതു ഏതാണെന്നു അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: റീ കമ്മിറ്റിയെ ചെയ്യാനുള്ള ഒരു ഭേദഗതി അഡാപ്റ്റു ചെയ്തുകയാണെങ്കിൽ പിന്നെ മറ്റു ഭേദഗതി ഒന്നുംതന്നെ ആവശ്യമില്ല. അതുകൊണ്ടു് അതു മൂവുചെയ്താൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞനാഥപ്രഭു : സർ, പ്രിവിലേജസ്സ് കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധം ചെയ്തിരിക്കുന്നതു ചീണ്ടും കമ്മറ്റിക്കു തന്നെ അയയ്ക്കുന്നതിനാണ് എന്റെ അമൻഡ്മെന്റ്. രണ്ടാമതായി അനുസരിച്ചു ഇതു കമ്മറ്റി ചെയ്യാവുന്നതാണ്. റൂൾ 163-ൽ പറയുന്നതു :

"If leave under Rule 162 is granted, the Assembly may consider the question and come to a decision or refer it to a Committee of Privileges on a motion made by the Leader of the House or any other member to whom he may delegate his function under this rule."

റൂൾ 174-ൽ ഇങ്ങനെ പറയുന്നു :

"The Speaker may refer any question of privilege to the Committee of Privileges for examination, investigation or report."

റൂൾ 174 അനുസരിച്ച് ഇതു കമ്മിറ്റിചെയ്യുമ്പോൾ "ഫർ എക്സാമിനേഷൻ, ഇൻവെസ്റ്റിഗേഷൻ ആർ റിപ്പോർട്ട്" എന്നു പറയും പ്രകാരമുള്ള ഒരു റിപ്പോർട്ടാണ് കമ്മിറ്റിയിൽ നിന്നും സഭ പ്രതീക്ഷിക്കുന്നതു. കമ്മിറ്റിക്കു അയയ്ക്കുമ്പോൾ തന്നെ പലസംഗതികളും നോക്കുന്നുണ്ട്. ഈ മോഷൻ എന്തിനാണയച്ചതെന്നുനോക്കാം.

"The Speaker made a statement in the House in regard to this matter on the 21st April 1955 and referred the question to the Committee of Privileges for examination and report. Extracts from the statement are reproduced below:"

"I think it is necessary in the first instance to examine the genuineness or otherwise of the document if the question of privilege has any relation to or depends upon the question of genuineness or otherwise of the document. Even otherwise such an examination is necessary to prevent the production of any documents which are not genuine or are fabricated and to see that no member misleads intentionally or unintentionally any section of the House by referring to or placing on the table documents which are not genuine. Further, the document in question has been placed on the table by the Chief Minister, and the relevant proceedings go to show that Government have got it from somewhere else."

"In view of the complicated issues involved in the matter, it seems desirable that such matters go to the Committee of Privileges for the purpose of examining the genuineness or otherwise of the document placed on the table by the Chief Minister on the 13th April 1955. The Committee will not only go into the limited question of the genuineness or otherwise of the document produced but also of other allied questions including the question of any breach of privilege and other incidental matters."

LIBRARY ARCHIVES Kerala Legislative Assembly

എന്ന പ്രത്യേകം പറഞ്ഞതുതന്നെയാണ് ഇതു പ്രിവിലേജസ് കമ്മിറ്റിക്ക അയച്ചിട്ടുള്ളതു്.

ഈ കമ്മിറ്റിയുടെ ഫൈൻഡിംഗ്സിൽ ആദ്യം പറയുന്നതു് ഇങ്ങനെയാണ്:

"The question of determination of the genuineness or otherwise of the document placed on the table of the House by the Chief Minister being a factual matter, the Committee first addressed itself to the task of verifying whether the document placed on the table of the House by the Chief Minister on the 13th April 1955 was 'a falsified and fabricated one' as alleged by Shri T. V. Thomas.

അതായതു് "ഫാക്ചൽ മാറ്റർ" എന്നാണു് കമ്മിറ്റിതന്നെ പറഞ്ഞിരിക്കുന്നതു്. ഫിസിക്കൽ, സൈക്കോളജിക്കൽ എന്നു രണ്ടുതരം ഫാക്റ്റ്സുണ്ടു്. എവിഡെൻസു് എടുത്തപ്പോൾ ഫിസിക്കൽ ഫാക്റ്റ്സാണോ, സൈക്കോളജിക്കൽ ഫാക്റ്റ്സാണോ എന്നതരം തിരിച്ചു് ഒരു തീരുമാനം ചെയ്യേണ്ടതായിരുന്നു. അങ്ങനെ കമ്മിറ്റി ചെയ്തിട്ടുള്ളതായി കാണുന്നില്ല.

പിന്നെ സഖാവു കെ. സി. ജോർജ്ജിന്റെ ഡിസെന്റിംഗ് നോട്ടിൽ 5-ാംപേജിൽ അവസാനത്തെ പാരഗ്രാഫിൽ;

"The publication of the book entitled "Communist Conspiracy at Madura" which purports to publish the resolution passed by the Communist Party Congress held in Madura can be considered a genuine document only if it publishes the true copy of those resolutions actually passed there. It becomes fabricated or false document otherwise."

എന്നു വ്യക്തമായി പറയുന്നുണ്ടു്. അതായതു് മുഖ്യമന്ത്രി വായിച്ചതു് മധുര കോൺഫറൻസിൽ പാസ്സാക്കിയ പ്രമേയമല്ലെന്നാണു്. ശരിയായ എവിഡൻസു് എടുക്കാതെ ഈ പ്രശ്നം പരിഹരിച്ചതെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. എവിഡൻസു് എടുക്കാനുള്ള പൗവ്വർ റൂൾ 167-ൽ കാണുന്നുണ്ടു്.

Rule 167—The Committee shall examine every question referred to it and determine with reference to the facts of each case whether a breach of privilege is involved, and if so, the nature of the breach, the circumstances leading to it and make such recommendation as it may deem fit.

Subject to the provisions of sub-rule (i) of this Rule, the report may also state the procedure to be followed by the Assembly in giving effect to the recommendations made by the Committee."

റൂൾ 168-ൽ കാണുന്നതു്—

LIBRARY ARCHIVES Kerala Legislative Assembly

Rule 168—"The Committee of Privileges shall have power to require the attendance of persons or the production of papers or records if such a course is considered necessary for the discharge of its duties." എന്നാണ്.

സർ, ബഹുമാനപ്പെട്ട സ്പീക്കരുടെ സ്റ്റേറ്റുമെൻറിൽത്തന്നെ ഈ പ്രശ്നം വളരെ കാംപ്ലിക്കേഷൻ ഉള്ളതാണെന്നു പ്രത്യേകം ചില തീരുമാനങ്ങൾ എടുക്കേണ്ടതാണെന്നു പറഞ്ഞിട്ടുണ്ട്. അതെല്ലാം മാറ്റിവച്ചിട്ട് മിനിട്സ് നോക്കുമ്പോൾ—

"As regards the question of privilege raised by Shri T. V. Thomas, the Chairman referred to the statement made by the Speaker on the 21st April 1955 referring the question to the Committee of Privileges and added that the Committee has mainly to examine the genuineness or otherwise of the document placed on the Table of the House by the Chief Minister and see whether it was a false or fabricated one as alleged by Shri T. V. Thomas."

ഇതാണ് മെയിൻ ക്വസ്റ്റ്യൻ. പക്ഷെ അതു മാത്രമല്ല; കൂടുതൽ കാര്യങ്ങളും ഇവിടെ ആലോചിക്കേണ്ടതായിട്ടും ഉണ്ട്. അതിലൊന്നിലും തന്നെ കമ്മിറ്റി പ്രവേശിച്ചുകാണുന്നില്ല; തീരുമാനവും എടുത്തിട്ടില്ല. കഴിയുന്നിടത്തോളം എവിഡൻസു ശരിയായെടുത്തു റിപ്പോർട്ടു സമർപ്പിക്കേണ്ട കാര്യം കമ്മിറ്റി പര്യാലോചിക്കണം. ഇക്കാര്യങ്ങളെല്ലാം പുനഃപരിശോധന ചെയ്യുന്നതിലേയ്ക്കു ഈ റിപ്പോർട്ട് തിരിച്ചയയ്ക്കുന്നുമെന്നുള്ള ഈ അമൻഡ്മെൻറ് ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ രാഘവക്കുറുപ്പ്: ബഹുമാനപ്പെട്ട കോതമംഗലം മെംബർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. ഈ ഭേദഗതിയെ പിൻതാങ്ങുമ്പോൾ ഒരു കാര്യം കൂടി എനിക്കു പറയാനുണ്ട്. ഈ സഭ ഈ റിപ്പോർട്ടു തിരസ്കരിച്ചാലും, ഇതിനെ വീണ്ടും പ്രിവിലേജസ് കമ്മിറ്റിക്കു് അയച്ചാലും ഫലം ഒന്നാണു്. ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട സ്പീക്കർ അവർകൾ ഇവിടെ പറയുകയുണ്ടായി. അതുകൊണ്ടു് ഈ റിപ്പോർട്ടിനെ മൊത്തത്തിൽ എതിർക്കുമെന്നാണു്, ബഹുമാനപ്പെട്ട കോതമംഗലം മെംബറിൻറെ അമൻഡ്മെൻറിനെ പിൻതാങ്ങുമ്പോൾ ഞാൻ ഉദ്ദേശിക്കുന്നതു്.

ആദ്യമായിട്ടു് ഒരു സംഗതി, ഞാൻ ഈ സഭയുടെയും, ബഹുമാനപ്പെട്ട മെംബറന്മാരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈസംഗതിയെ സംബന്ധിച്ചു സംസാരിക്കുന്ന അവസരത്തിൽ, ബഹുമാനപ്പെട്ട ചാലക്കുടി മെംബറെപ്പറ്റി എന്തെങ്കിലും, പേരു പറഞ്ഞോ, അല്ലാതെയോ പരാമർശിച്ചെന്നുവരികിൽ, അതു് അദ്ദേഹത്തിൻറെ പേരിനോടുള്ള പ്രത്യേക മമത കൊണ്ടായിരിക്കുകയില്ല; പിന്നെയോ, അദ്ദേഹം ഇതിലെ കഥാനായകനോ, പ്രതിനായകനൊ ആയതുകൊണ്ടു മാത്രമാണെന്നു് ബഹുമാനപ്പെട്ട ചാലക്കുടി മെംബറും സഭയും മനസ്സിലാക്കണമെന്നപേക്ഷയുണ്ടു്.

സർ, ഈ റിപ്പോർട്ടു് വായിച്ചപ്പോൾ എനിക്കു് ഒരു സംഭവം ഓർമ്മയിൽ വന്നു. കുറച്ചുകാലം മുമ്പാണു്, ഈ സഭയിലെ എല്ലാവരും തന്നെ കേട്ടിരിക്കാൻ ഇടയുള്ള ആളാണു്; പലതരത്തിലും അറിയപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭദ്രമഹിളയാണ്. ഇൻഡ്യയിലെ മിക്ക ഒരു ഫിലാൻത്രോപിസ്റ്റാണ് അദ്ദേഹം, ശ്രീ. ഹരീന്ദ്രനാഥ ചട്ടോപാദ്ധ്യായ. കുറച്ചു വർഷങ്ങൾക്കു മുമ്പ് അദ്ദേഹം എന്തോ കാര്യം പ്രമാണിച്ചു കോട്ടയത്തു വന്നിരുന്നു. കോട്ടയത്തു് ഒരു തിയേറ്ററിൽ അദ്ദേഹം ഒരു മോണോ ആക്റ്റ് പ്രദർശിപ്പിക്കുകയുണ്ടായി. ധാരാളം ആളുകൾ സന്നിഹിതരായിരുന്നു. സ്റ്റേജിൽ അദ്ദേഹം മാത്രമേയുണ്ടായിരുന്നുള്ളൂ. ആദ്യമായി അദ്ദേഹം ഘനഗംഭീരനായ, ഒരു യൂറോപ്യന്റെ ഭാഗം അഭിനയിച്ചു. ഞങ്ങൾ ഒരു യൂറോപ്യനെ അങ്ങനെ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഒരു പരിഷ്കൃത സ്വഭാവത്തിലുള്ള സംസാരവും. അപ്പോൾ കേൾക്കാം ഒരു യൂറോപ്യൻ സ്ത്രീയുടെ സംസാരം. ആ പുരുഷന്റെ സംഭാഷണത്തിനു മറുപടി പറയുകയാണ്. ഞങ്ങൾ പകച്ചു നോക്കിയിരിക്കുകയാണ്, ഒരു സ്ത്രീയെ കാണാൻ. ഒന്നും മനസ്സിലാകാതെ അര സെക്കൻഡോളം ഇരുന്നപ്പോൾ ശ്രീ. ഹരീന്ദ്രനാഥൻ തന്നെയാണ് പുരുഷന്റേയും സ്ത്രീയുടേയും ഭാഗം അഭിനയിക്കുന്നതെന്നു മനസ്സിലായി. സ്വരവും, രീതിയും എല്ലാം വളരെ തന്മയത്വമായിരുന്നു.

സർ, ഈ റിപ്പോർട്ട് വായിച്ചപ്പോൾ ആ ഒരു പ്രതീതിയാണ് എനിക്കുണ്ടായതു്. ആ റിപ്പോർട്ടിൽ ഒരു ഭാഗത്തു പറയുന്നു;

"Not as a member of the Committee, but as the person accused, I would like to make a statement" ഇതു ബഹുമാനപ്പെട്ട ചാലക്കുടി മെംബറുടെ മൊഴിയാണ്, പ്രതിയെന്ന നിലയിൽ പ്രിവിലേജസ് കമ്മിറ്റിയുടെ ഒരു മെംബർ എന്ന നിലയിലല്ല, ഒരു കുറ്റം ആരോപിക്കപ്പെട്ട പ്രതിയായിട്ട് ഈ കമ്മിറ്റി മുമ്പാകെ തനിക്കു ഒരു സ്റ്റേറ്റുമെൻറ് വായ്ക്കുവാനുണ്ടെന്നു് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ഒരു ഭാഗത്തു പറയുന്നുണ്ട്. ഞാൻ റിപ്പോർട്ടിന്റെ എട്ടാമത്തെ വശത്തേയ്ക്കു നോക്കി. ആരാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നതെന്നു്. എട്ടാമത്തെ വശത്തിന്റെ നേരെ മുകൾഭാഗത്തു്;

"The following members were present·—

....

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ" എന്നും കാണുന്നു.

സർ, ഒരു ഭാഗത്തു പനമ്പിള്ളി ഗോവിന്ദമേനോൻ പറയുന്നു, ഞാൻ ഇതിൽ പ്രതിയാണ്, കമ്മിറ്റിക്കാർ വിധികർത്താക്കളാണ്, ഞാൻ കുറ്റക്കാരനല്ല, എന്നെ നിർദ്ദോഷിയെന്നു നിങ്ങൾ, കമ്മിറ്റിക്കാർ വിധികല്പിക്കണം. ഇതു കഴിഞ്ഞു നാം കേൾക്കുന്ന ശബ്ദം കോടതിയിൽ നിന്നുള്ള, നീതിന്യായാധിപന്റെ വിധിയാണ്. "പനമ്പള്ളി ഗോവിന്ദമേനോൻ, താങ്കൾ നിർദ്ദോഷിയാണ്" ഈ ശബ്ദം കേട്ടപ്പോൾ ആണ് എനിക്കു സംശയം തോന്നിയതു്. ഈ വിധി പറയുന്ന കൂട്ടത്തിൽ ഏറ്റവും മുഴച്ചു കേട്ട ശബ്ദം ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റേതായിരുന്നു. ഒരു ഭാഗത്തു കുറ്റക്കാരനായിട്ടും, മറുഭാഗത്തു ന്യായാധിപനായിട്ടും ഒരാൾ തന്നെ പ്രത്യക്ഷപ്പെടുക അസാധാരണമല്ലേ? സർ, കുറ്റം ആരോപിക്കപ്പെട്ട ആൾ ന്യായാധിപപീഠത്തിൽ അധിഷ്ഠിതനായാൽപ്പിന്നെ, അയാളുടെ മേലുള്ള കുറ്റങ്ങൾ അന്വേഷണം വരുമ്പോൾ, അയാൾ ആ സ്ഥാനം വിട്ടു മാറേണ്ടതു് നീതിന്യായനടത്തിപ്പിന്റെ പ്രാഥമികപാഠങ്ങളിൽ ഒന്നല്ലേ? നാം അതംഗീകരിക്കേണ്ടതല്ലേ? ശ്രീ. ഗോവിന്ദമേന

LIBRARY ARCHIVES Kerala Legislative Assembly

വന്റെ മേൽ ആരോപണം സംബന്ധിച്ചു തീരുമാനം എടുക്കുന്ന കമ്മിറ്റിയിൽ അദ്ദേഹം ഹാജരായി അതിന്റെ നടപടികളിൽ പങ്കെടുക്കുന്നതു തെറ്റല്ലയോ എന്നു നാം ചിന്തിക്കണം. സർ, ഞാൻ ഇതു പറയുമ്പോൾ ഒരു വ്യക്തിയെ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നില്ല. ഇതു് ഈ സഭയുടെ അന്തസ്സിനേയും, അഭിമാനത്തെയും ബാധിക്കുന്നതാണു്. ഈ റിപ്പോർട്ടും അതിലെ നടപടിക്രമങ്ങളും മായാത്ത രേഖകളായിത്തീരുവാനുള്ളതാണു്. മാവിലമുറകൾക്കു മാർഗ്ഗദർശനം ചെയ്യേണ്ടതാണു്. എല്ലാവിധ നീതിക്കും ന്യായത്തിനും എതിരായുള്ള ഇത്തരം നടപടിക്രമങ്ങൾ നാം അംഗീകരിച്ചാൽ, അതു് അഞ്ജതയും, എനിക്കും, ബഹുമാനപ്പെട്ട ചാലക്കുടി മെംബർക്കും പോലും അഭിമാനകരമല്ല.

അതുകൊണ്ടു് ഈ ഒരൊറ്റ കാരണത്താൽത്തന്നെ പ്രിവിലേജസ് കമ്മിറ്റിയുടെ റിപ്പോർട്ടു് തിരസ്കരിച്ചു്, വീണ്ടും ഇക്കാര്യം കമ്മിറ്റിയുടെ പുനരാലോചനയ്ക്കു വിടണം. ഇക്കാര്യത്തിനു കമ്മിറ്റി വീണ്ടും കൂടുമ്പോൾ ബഹുമാനപ്പെട്ട ചാലക്കുടി മെംബർ എന്ന നിലയ്ക്കുള്ള അദ്ദേഹത്തിന്റെ കൃത്യം നിർവ്വഹിക്കാൻ അനുവദിച്ചുകൂടാ. ആരോപണത്തിനു വിധേയനായ ഒരു വ്യക്തി എന്ന നിലയ്ക്കു്, അദ്ദേഹത്തിനെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾക്കു മറുപടി പറയാൻ അദ്ദേഹത്തെ അനുവദിക്കുകയും വേണം.

സർ, ഇതു് ഒരു പാർട്ടിക്കാര്യമായി കണക്കാക്കരുതെന്നാണു് എനിക്കു സഭയിലെ അംഗങ്ങളോടു പറയാനുള്ളതു്. ഈ സഭയിലെ അംഗങ്ങളുടെയ നമ്മുടെ എല്ലാവരുടേയും അഭിമാനത്തെയും, ഈ സഭയുടെ അന്തസ്സിനെയും, അങ്ങയുടെതന്നെ അന്തസ്സിനെയും ബാധിക്കുന്ന ഒന്നാണതു്. ഈ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ വീണ്ടും ഇക്കാര്യം ചർച്ച ചെയ്യുന്നതിനു കമ്മിറ്റിക്കു് അയയ്ക്കണമെന്നാണു് എനിക്കാദ്യമായി പറയുവാനുള്ളതു്.

ഈ റിപ്പോർട്ടു തിരസ്കരിക്കണമെന്നു പറയുന്നതിനു് മറ്റു കാരണങ്ങളുണ്ടു്. സാധാരണ കോടതിനടപടിക്രമമായി താരതമ്യപ്പെടുത്തിയാൽ ഈ സഭ ഇപ്പോൾ അപ്പീൽ കേൾക്കുന്ന ഒരു കോടതിയാണു്. പ്രിവിലേജസ് കമ്മിറ്റി ചില കാര്യങ്ങൾ സംബന്ധിച്ചു് അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ ആവശ്യപ്പെട്ടു. അതിനെത്തുടർന്നു ചില തീരുമാനം എടുത്തു് കമ്മിറ്റി റിപ്പോർട്ടു് ഈ സഭയുടെ മുമ്പിൽ വച്ചിരിക്കുകയാണു്. ഈ സഭ ഈ തീരുമാനത്തിന്റെ മേൽ ഒരു അപ്പീൽക്കോടതിയായിട്ടുവേണം എന്തെങ്കിലും തീരുമാനിക്കാൻ. ഈ റിപ്പോർട്ടു വായിച്ചപ്പോൾ, എനിക്കുള്ള പരിചയം വച്ചുകൊണ്ടു ഞാൻ പറയുകയാണു്, ഒരപ്പീൽക്കോടതിയിൽ ഇതു കൊണ്ടുകാണിച്ചാൽ മതി, കമ്മിറ്റി ചെയ്തിരിക്കുന്ന തീരുമാനം ന്യായമായിട്ടുള്ള വിധത്തിലല്ലെന്നു്. ആ കോടതി നിശ്ചയമായും വിധിക്കുന്നതിനു വലിയ വാദത്തിന്റെ ഒന്നും ആവശ്യം വേണ്ടിവരില്ല. ഈ സഭയുടെ നേതാവു് ആയ മുഖ്യമന്ത്രി ഈ സഭയിൽ ഹാജരാക്കിയ ഒരു രേഖ ശരിയായതാണോ അല്ലയോ എന്നുള്ള കാര്യത്തെപ്പറ്റി, അതിനു സംശയമുള്ള മാറ കാര്യം കൂടി ആലോചിച്ചു് ഒരു വിധി ഈ സഭയുടെ മുമ്പാകെ വയ്ക്കണമെന്നാണു് അങ്ങു് ഈ കമ്മിറ്റിയോടാവശ്യപ്പെട്ടിരുന്നതു്. അങ്ങു് ഈ കമ്മിറ്റിയോടാവശ്യപ്പെട്ടതു്, ആ രേഖ ജനയിന്റെ ആണോ അല്ലയോ, എന്നു തീരുമാനിക്കാനാണു്. അതിനെ സംബന്ധിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

ഈ റിപ്പോർട്ടിൽ ചെയ്തിരിക്കുന്ന തീരുമാനം ഒരു തീരുമാനമെന്നു പറയാവുന്നതാണോ? വിഷയത്തെപ്പറ്റി ജനുയിൻ ആണോ എന്നും മറ്റും പരിശോധിച്ചു് ഒരു തീരുമാനം ചെയ്യുവാനാണു് അങ്ങു കമ്മിറ്റിയോടാവശ്യപ്പെട്ടതെങ്കിലും, അതേപ്പറ്റി കമ്മിറ്റി ശ്രദ്ധിച്ചിട്ടില്ല എന്നുള്ളതാണു് പരമാർത്ഥം. ജനുയിൻ എന്നു പറഞ്ഞാൽ എന്താണർത്ഥം? അങ്ങയുടെ റഫറൻസ് ആർഡറിൽ പറയുന്നതു് ഇങ്ങനെയാണു്.

For the purpose of examining the genuineness or otherwise of the document placed on the table by the Chief minister.

ഇതിൽ പറയുന്ന ജനുയിൻനെസ്സു് എന്ന പദത്തിന്റെ അർത്ഥം

'genuine' means belonging to the original or true stock having the character or origin represented

എന്നാണു്. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ഹാജരാക്കിയിരിക്കുന്ന രേഖയുടെ ഉത്ഭവസ്ഥാനം ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മധുര കാൺഫറൻസ്സു് ആണെന്നാണു് ആരോപണം. ഇതിന്റെ ജനുയിൻനെസ്സു് പരിശോധിക്കുക എന്നു പറഞ്ഞാൽ ഈ രേഖയുടെ ഉത്ഭവസ്ഥാനം ആരോപിതമായിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി കാൺഗ്രസ്സു് ആണോ എന്നു അന്വേഷിക്കുക എന്നാണു്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ കഴിഞ്ഞ നിയമസഭയിൽ ഒരു രേഖ ഹാജരാക്കുകയുണ്ടായി. അദ്ദേഹം അതു് ഇന്നാരു പബ്ലിഷ് ചെയ്തതാണെന്നോ, ഇന്നാരു് പ്രിന്റു ചെയ്തതാണെന്നോ പറഞ്ഞിട്ടില്ല. "ഒരു കൊല്ലം മുമ്പു് മധുരയിൽവച്ചു് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു കാൺഫറൻസിൽ വച്ചു് ആ പാർട്ടി സ്വീകരിച്ച ടാക്റ്റിക്കൽ റസല്യൂഷൻ" എന്നേ പറയുന്നുള്ളൂ. അങ്ങനെ മധുരയിൽവച്ചു് കമ്മ്യൂണിസ്റ്റ് പാർട്ടി പാസ്സാക്കിയ ഒരു റസല്യൂഷനാണു് ഇതു് എന്നു പറഞ്ഞുകൊണ്ടു് ഒരു രേഖ അദ്ദേഹം സഭയുടെ മുമ്പിൽ വച്ചു. ആ രേഖ ജനുയിനാണോ എന്നു പ്രിവിലേജസ് കമ്മിറ്റിയോടാവശ്യപ്പെട്ടു.

ആ കമ്മിറ്റി പറയുകയാണു് മറ്റൊരു പുസ്തകം കൂടി ഞങ്ങളുടെ മുമ്പിലുണ്ടു്. ആ പുസ്തകത്തിൽ ഇതുപോലുള്ള ഒരു ഭാഗം ഉണ്ടു്. ഏതു തന്നെയല്ല ആ പുസ്തകത്തിന്റെ അനേകായിരം കാപ്പികൾ പരസ്യപ്പെടുത്തിയിട്ടുണ്ടു്. അതുകൊണ്ടു് ഇതു ജനുയിൻ ആണു്. ഇവിടെ കള്ളനോട്ടടിപ്പിനെപ്പറ്റി നാം കേട്ടിട്ടുണ്ടല്ലൊ. ഗവണ്മെന്റിന്റെ അറിവിൽ ഒരു കള്ളനോട്ടു് കണ്ടുപിടിച്ചു എന്നു വിചാരിക്കുക. അതു റിസർവ്വ് ബാങ്കിൽ നിന്നടിച്ചു വിതരണം ചെയ്ത നോട്ടാണോ എന്നു കോടതി നോക്കി പരിശോധിക്കുന്നു. ഉടൻ തന്നെ പ്രതിപതിനായിരക്കണക്കിനുള്ള കള്ളനോട്ടുകൾ കോടതിമുമ്പാകെ ഹാജരാക്കിക്കൊണ്ടു പറയുകയാണു് "ഇതുപോലെ പതിനായിരക്കണക്കിനുള്ള നോട്ടുകൾ വേറെയും ഉള്ളതുകൊണ്ടു് ഇതു കള്ളനോട്ടല്ല" എന്നു്. ആ വാദം ഒരു കോടതി സ്വീകരിച്ചാലുണ്ടാകുന്ന ഭവിഷ്യത്തെന്താണെന്നു് ഒന്നാലോചിച്ചു നോക്കണം. ഇതുപോലുള്ള ഒരു reasoning ആണു് ഈ കമ്മിറ്റി സ്വീകരിച്ചിരിക്കുന്നതു്. മധുരയിൽ പാസ്സാക്കിയ റസല്യൂഷൻ തന്നെയാണോ ചീഫ് മിനിസ്റ്റർ ഉദ്ധരിച്ചതു് എന്നു കമ്മിറ്റി നോക്കിയിട്ടില്ല. ആ ഗ്രന്ഥത്തിനു കൂടുതൽ പ്രചരണം ഉണ്ടെന്നു പറഞ്ഞുകൊണ്ടു് ചീഫ് മിനിസ്റ്ററുടെ പ്രവൃത്തികൾ കമ്മിറ്റി സാധൂകരിക്കുകയാണു ചെയ്തിരിക്കുന്നതു്. ഇതൊരു നിയമപരിജ്ഞാനം പോലുമില്ലാതെതന്നെ ഇതു

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചാൽ കാണാൻ സാധിക്കും, ഈ തീരുമാനം തെറ്റാണെന്ന്. ഈ തീരുമാനം നാം ശരിവച്ചാൽ നാം മറ്റുള്ളവരുടെ മുമ്പിൽ ഒരു നിന്ദാപാത്രമായിത്തീരും. അത്ര തെറ്റായ ഒരു റിസണിംഗാണ് ഈ റിപ്പോർട്ടിൽ അംഗീകരിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രത്യേകിച്ചും കാൺഗ്രസ്സ് ബഞ്ചിലെ സഹോദരന്മാരോട് എനിക്കു പറയുവാനുള്ളത്, പാർട്ടിപരിഗണനയാതൊന്നും കൂടാതെ നമ്മുടെ ബുദ്ധിശക്തിയേയും, സാമാന്യജ്ഞാനത്തേയും ചോദ്യം ചെയ്യുന്നക്കാര്യത്തിൽ കൊണ്ടുവന്നിരിക്കുന്ന ഈ റിപ്പോർട്ട് തിരസ്കരിച്ച് പ്രശ്നം വീണ്ടും കമ്മിറ്റിയുടെ പരിശോധനയ്ക്കായി അയയ്ക്കണമെന്നാണ്.

മറ്റൊരു സംഗതികൂടിയുണ്ട്. കമ്മിറ്റിക്കു വിട്ടുകൊടുത്തിരിക്കുന്ന പ്രശ്നം തെളിവുകൾ ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ തീരുമാനം ചെയ്യേണ്ടതാണ്. അതിനുള്ള അധികാരവും കമ്മിറ്റിക്കുണ്ട്. ഞങ്ങളുടെ പാർട്ടിക്കെതിരായി ചീഫ് മിനിസ്റ്റർ ഒരാരോപണം കൊണ്ടുവന്നു. ആ ആരോപണം തെളിയിക്കുന്നതിനു ചില രേഖകളും ഹാജരാക്കി.

അതിനെ സംബന്ധിച്ചു റിപ്പോർട്ടിൽ പറയുന്നതു ഇങ്ങനെയാണ്.

"Further on a comparison of the paragraphs quoted by the Chief Minister contained in the document placed on the Table of the House, with the relevant passages in the book Communist Conspiracy at Madura the Committee found that they tallied exactly with each other 'word-for-word'. Besides the book Communist Conspiracy at Madura was a publication available for the use of the public in general. Under the circumstances, the Committee is of opinion that the document in question is not a false or fabricated one as alleged and that therefore there was no breach of privilege".

ആരോപണം മനഃപൂർവ്വം അറിഞ്ഞുകൊണ്ട് സഭയെ വഞ്ചിക്കുന്നതിനു വേണ്ടി ഉന്നയിച്ചിട്ടുള്ളതാണെന്നും അതിന്റെ വെളിച്ചത്തിൽ ഹാജരാക്കിയിരിക്കുന്ന പ്രമാണം കൃത്രിമമായി സൃഷ്ടിച്ചിട്ടുള്ളതാണെന്നും, പ്രതിപക്ഷനേതാവ് പ്രതിവാദം പുറപ്പെടുവിച്ചു. ഈ ആരോപണപ്രത്യാരോപണങ്ങളിൽ ഏതാണു ശരിയെന്നു തീരുമാനിക്കാൻ കമ്മിറ്റിയോട് അഭ്യർത്ഥിക്കുകയുണ്ടായി. കമ്മിറ്റി ഒരു ഭാഗത്തെ തെളിവുകൾ മാത്രം ശേഖരിച്ചു. മറുഭാഗത്തോട് യാതൊന്നും അന്വേഷിക്കുകപോലും ചെയ്യാതെ ആ തീരുമാനം കൈക്കൊണ്ടു. അത് ഏകപക്ഷീയമാണെന്ന് കൂടുതൽ വല്ല തെളിവും വേണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ആരോപണം കൊണ്ടുവന്ന പാർട്ടിയിലെ ഒരു പ്രധാന അംഗംകൂടി ആ കമ്മിറ്റിയിലില്ലേ?

ശ്രീ. എൻ. രാഘവമേനോൻ: ഉണ്ട്. ഈ ആരോപണം ഒരു ടെക്നിക്കൽ ഗ്രൗണ്ടിൽ വച്ചുകൊണ്ട് അന്വേഷണം നടത്തുകയല്ല വേണ്ടതെന്നും, അതു തെറ്റാണെന്നും അദ്ദേഹം പറഞ്ഞു. അഭിപ്രായ വ്യത്യാസം ഉള്ളതുകൊണ്ട് അദ്ദേഹം ഒരു ഡിസെന്റിംഗ് മിനിട്ടും എഴുതിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അദ്ദേഹത്തിന്റെ ഡിസന്റിംഗ് നോട്ടിൽ "I have no objection to dropping the question" എന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. രാഘവക്കുറുപ്പ് : ഉണ്ട്. എനിക്കും അതിനു വിരോധമില്ല. അതിനു പറയുന്ന കാരണങ്ങൾ ഇതൊന്നുമായിരിക്കരുത്. ഈ സഭയിലെ അംഗങ്ങളുടെ പ്രിവിലേജിംഗ് കപ്പാസിറ്റിയെ ചോദ്യം ചെയ്യത്തക്ക രീതിയിലുള്ള ഒരു റിപ്പോർട്ടല്ലായിരുന്നു ഇതെങ്കിൽ എനിക്കും വിരോധമില്ലായിരുന്നു. സാമാന്യജ്ഞാനംപോലുമില്ലാത്ത അംഗങ്ങളാണു ഈ സഭയിലുള്ളതെന്നു, ഈ റിപ്പോർട്ട് ഇതേപടി അംഗീകരിച്ചാൽ, ആർക്കും തോന്നിപ്പോകുന്നതാണ്. ഭാവി തലമുറയ്ക്കുതന്നെ നമ്മെപ്പറ്റി ലജ്ജ തോന്നുന്നില്ലേ! സാർ. മറ്റു ചില രേഖകൾ കൂടി ഈ കമ്മിറ്റിയുടെ പരിഗണനയിൽ കൊണ്ടുവന്നിട്ടുണ്ട്. അപ്പൻഡിക്സ് ബി-യിൽ ഒരെഴുത്തിനെപ്പറ്റി പറയുന്നുണ്ട്. അപ്പൻഡിക്സ് ബി. ശരിയാണോ അല്ലയോ എന്നു ഞാൻ പരിശോധിക്കുന്നില്ല. ആ എഴുത്തു കിട്ടിയച്ചു, അതെഴുപ്പിട്ടതു് ആരാണ്. അതിൽ പറയുംപ്രകാരം ഒരു സ്ഥാപനമോ, ആളോ ഉണ്ടോ, എങ്ങനെയാണ് എഴുത്തയച്ചതു് ഇതൊന്നും റിപ്പോർട്ടിൽ പറയുന്നില്ല. അതേപ്പറ്റി കമ്മിറ്റി ചിന്തിച്ചിട്ടുമില്ല. ആ എഴുത്തു തെളിവായി സ്വീകരിച്ചുകൊണ്ടു ഒരു തീരുമാനം ചെയ്യുകയാണുണ്ടായതു്. തെളിവെടുക്കുന്ന രീതിയെപ്പറ്റി എന്തെങ്കിലും അറിയാവുന്ന ആളുകൾ ഇങ്ങനെ നിരുത്തരവാദപരമായി ചെയ്യുമോ സാർ. മറ്റൊരു സംഗതി, ഡെമോക്രാറ്റിക് റിസർച്ച് സർവ്വീസിന്റെ സെക്രട്ടറി അങ്ങേയ്ക്കു് അയച്ച കത്തിൽ ഇങ്ങനെ പറയുന്നു. കമ്മിറ്റി റിപ്പോർട്ടിന്റെ 12-ാമതു പേജിലേയ്ക്കു് ഞാൻ അതിന്റെ ശ്രദ്ധയെ ക്ഷണിക്കുകയാണ്.

"We may be permitted to inform you that our Organisation had secured copies of several secret documents which were circulated by the C. P. I. to the delegates to their third Congress held at Madura and supplied them, *inter alia*, to the Chief Minister of Travancore-Cochin. Since then we have published the said documents in a book form."

സർ, കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നതു് ഈ സഭയിൽ ചീഫ് മിനിസ്റ്റർ വായിച്ച രേഖ കമ്മ്യൂണിസ്റ്റ് കാൺസ്പ്രസി എന്ന പുസ്തകത്തിന്റെ തനി പകർപ്പാണെന്നാണ്. ബി. ഷെഡ്യൂൾ രേഖയിൽനിന്നതന്നെ, ഇവിടെ ഹാജരാക്കിയിരിക്കുന്ന രേഖ ആ പുസ്തകം അച്ചടിക്കുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ കയ്യിൽ കിട്ടിയതാണ്. ചീഫ് മന്ത്രി അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റിൽ പറയുന്നതു് ഈ രേഖ അദ്ദേഹത്തിനു കിട്ടുന്നതിനുമുൻപു് ഒരു മിസ്റ്റർ മസാനിയുടെ പുസ്തകവും കാൺസ്പ്രസി എന്ന പബ്ലിക്കേഷനും അദ്ദേഹം വായിച്ചിട്ടുണ്ട് എന്നാണ്. അദ്ദേഹത്തിന്റെ കൂട്ടുപ്രതിയായിരിക്കുന്ന Democratic research service കാരുടെ കത്തിൽത്തന്നെ സമ്മതിക്കുന്നു, മുൻപു പറഞ്ഞ പുസ്തകങ്ങൾ അച്ചടിക്കുന്നതിനു മുമ്പു്, ചീഫ് മിനിസ്റ്റർ ഉൾപ്പെടെയുള്ള ഒരു ഗ്രൂപ്പ് സംഘം ജനങ്ങളെ വഞ്ചിക്കുന്നതിലേയ്ക്കുവേണ്ടി ഇപ്രകാരം ഒരു രേഖ മനഃപൂർവ്വം സൃഷ്ടിച്ചതാണെന്നു്. ഇങ്ങനെയുള്ള ഒരു കള്ളരേഖ വളരെ മുൻപുതന്നെ ചീഫ് മന്ത്രിയുടെ അടുക്കൽ വന്നിട്ടുള്ളതാണ്. പ്രിൻറ

LIBRARY ARCHIVES Kerala Legislative Assembly

ടെയോ പബ്ലിഷറുടേയോ പേരില്ലാത്ത ഒരു ലേഖനം തീർച്ചയായും കള്ളവും കൃത്രിമവും ആയിരിക്കണം. അതു് യഥാർത്ഥത്തിൽ ഒരു കള്ള ലേഖനമാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ബഹുമാനപ്പെട്ട മെംബർ വളരെ സമയം ഇതിലേയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതുകൊണ്ടു് മറ്റുള്ളവർക്കു് സംസാരിക്കുവാനുള്ള സമയം നഷ്ടപ്പെടുകയാണു് ചെയ്യുന്നതു്. ആയതിനാൽ ഓരോരുത്തർക്കും സംസാരിക്കാൻവേണ്ടി ഒരു സമയക്രിമം ചെയ്യേണ്ടതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സഭയിൽ അവതരിപ്പിക്കുന്ന ഒരു ബില്ല് പോലെ ഈ പ്രമേയവും പരിഗണിക്കേണ്ടതാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഇവിടെ സമയം അനുവദിച്ചിട്ടുള്ളതു തന്നെ വളരെ കുറവാണു്. അങ്ങനെ ഇരിക്കെ ബഹുമാനപ്പെട്ട മെംബർ കൂടുതൽ സമയം എടുക്കുന്നതു അനുവദനീയമാണോ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഒരു ബില്ലു് ചർച്ചയ്ക്കു വരുമ്പോൾ എത്ര സമയം അനുവദിക്കുമോ അത്രയും സമയം ഇക്കാര്യത്തിനും അനുവദിക്കേണ്ടതാണു്. റൂൾസ് അനുസരിച്ചു് ഉള്ള സമയം അങ്ങു് എനിക്കു് നിഷേധിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സർ, അതുകൊണ്ടു് ഞാൻ പറയുന്നതു് ചീഫ് മന്ത്രി ഈ സഭയിൽ ഹാജരാക്കിയിട്ടുള്ള രേഖകളുള്ള മേഖയാണു് എന്നാണു്

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, മിസ്റ്റർ കുറുപ്പ് പറയുന്നതു് ഒരു ബില്ലിനെപ്പറ്റി ഡിസ്കസ് ചെയ്യുന്നതുപോലെ ഈ കാര്യത്തെപ്പറ്റിയും ഡിസ്കസ് ചെയ്യാനുള്ള സമയം റൂൾ അനുസരിച്ചു് ഉണ്ടു് എന്നാണു്. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ഈ ഒരു അവകാശ സ്വാതന്ത്ര്യം ഞങ്ങൾക്കുകൂടി ലഭിക്കണമെന്നുള്ളതാണു്.

മി. സ്പീക്കർ: ഈ വാദപ്രതിവാദത്തിനെ സംബന്ധിച്ചിടത്തോളം സഭയുടെ സെൻസ് എന്താണെന്നു് അറിഞ്ഞാൽകൊള്ളാം.

ശ്രീ. ഏ. താണുപിള്ള: ഈ കാര്യത്തെപ്പറ്റി ഇന്നതന്നെ സംസാരിച്ചു തീർന്നില്ലെങ്കിൽ ഒരു ദിവസംകൂടി ഇതിലേയ്ക്കുവേണ്ടി അനുവദിക്കണമെന്നാണു് എന്റെ അഭിപ്രായം.

SHRI PANAMPILLI GOVINDA MENON: The Rule is that the debate should close at 12-30. It necessarily follows that there should be time limit for speeches by individual members. I am sorry, not the Rules but the Ruling. The Ruling is that the debate will close at 12-30 P. M. That was what was stated by the Deputy Speaker. If that is so, it follows that time should be arranged and fixed. Therefore I submit that the point of order raised by Shri Joseph Chazhikattu may be considered and a Ruling given.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ് : നമ്മുടെ നിയമസഭയെ സംബന്ധിച്ചിടത്തോളവും വളരെ പ്രാധാന്യമേറിയ ഒരു ചർച്ചയാണ് ഇന്നു നടക്കുന്നത്. മാത്രമല്ല ഈ ചർച്ചയുടെ അവസാനതീരുമാനം നമ്മെയും നിയമസഭയേയും ഒന്ന ബാധിക്കുന്നതു്. ഇതിലേയ്ക്കു ഒരു ക്ലിപ്തസമയം നിശ്ചയിക്കുന്നതിനോടകരം ഇതു സംബന്ധിച്ചു ചർച്ച മുഴുവനും ആയിട്ടുണ്ടെന്നു് അദ്ധ്യക്ഷപ്പെടുന്നതുവരെ ഈ ചർച്ച തുടരുന്നതു നന്നായിരിക്കും. ഈ അഭിപ്രായത്തോടു സഭയിലുള്ള എല്ലാ അംഗങ്ങളും സഭയുടെ അന്തസ്സിന്റെ പേരിൽ യോജിക്കുമെന്നുമാണ് എന്റെ വിശ്വാസം.

SHRI PANAMPILLI GOVINDA MENON : I object to that procedure because it was stated yesterday that there will be debate up to 12-30 and Government business have been posted to be taken up at 12- 30. If the Leader of the Opposition does not want the matter to be closed to-day I have no objection. Let it not be discussed today. Either let us have the discussion to-day and close it at 12-30 as ruled by you or postpone it. If it is to be closed at 12-30 then proper debate of business requires that the time for speech by members should be limited. Otherwise, under the standards laid down by Mr. Raghava Kurup there is nothing preventing him to speak till 12 because all sorts of aspersions about members of the Committee etc. etc. have been made. Therefore this debate must be curtailed if the various sections of the House should be in a position to contribute to debate. After all the points involved in the motion are very limited. Therefore I submit that a time limit should be fixed with regard to speeches.

ശ്രീ. ടി. വി. തോമസ് : അത്യാവശ്യമായിട്ടുള്ള ഗവണ്മെന്റ് കാര്യങ്ങൾ നടത്തണമെന്നുള്ള ചീഫ് മന്ത്രിയുടെ അഭിപ്രായത്തോടു് ഞാനും യോജിക്കുന്നു. അതനുസരിച്ചു് 12-30-നു് ഇതിന്റെ ചർച്ച അവസാനിപ്പിക്കുന്നതിനും എനിക്കു് വിരോധമില്ല. മറ്റു് ഒരു കാര്യം പറയാനുള്ളതു് ഇതു വളരെ പ്രധാനപ്പെട്ട ഒന്നാണെന്നു് ചീഫ് മന്ത്രി തന്നെ പറയുകയുണ്ടായി. അങ്ങനെ പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനു് ഈ സഭയിലുള്ളവർക്കു് മൂന്നോ നാലോ മിനിട്ടു് കൊടുത്തുകൊണ്ടു് കാര്യങ്ങൾ പെട്ടെന്നു് അവസാനിപ്പിക്കണമെന്ന ഉദ്ദേശമാണെങ്കിൽ വാസ്തവത്തിൽ ഈ പ്രശ്നത്തിന്റെ പ്രാധാന്യം അദ്ദേഹം മനസ്സിലാക്കാത്തതുകൊണ്ടാണു്. അതല്ലെങ്കിൽ അറിഞ്ഞുകൊണ്ടു് മനഃപൂർവ്വം പ്രവർത്തിക്കുകയാണു്. സർ, ഇതു് നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ആദ്യസംഭവമാണു്. നിയമസഭയുടെ വളർച്ചയെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നമായതുകൊണ്ടു് സംസാരിക്കാൻ കഴിവുള്ളിടത്തോളം കൂടുതൽ സമയം അനുവദിക്കേണ്ടതാണു്. ഒരു പൂർണ്ണമായ ചർച്ചയ്ക്കുള്ള സമയം അങ്ങു് അനുവദിക്കണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : സർ, പ്രിവിലേജ് കമ്മറ്റി റിപ്പോർട്ടിനെപ്പറ്റിയുള്ള ചർച്ച ഇന്ന് 12-30 വരെ നടത്തണമെന്നും ചീഫ് മന്ത്രിയും ആ സമയംകൊണ്ട് ചർച്ച മുഴുവനും അവസാനിച്ചില്ലെങ്കിൽ മറ്റൊരു ദിവസത്തേക്കുകൂടി മാറ്റിവയ്ക്കണമെന്നും പ്രതിപക്ഷനേതാവും പറഞ്ഞിരുന്നു. ഈ സെഷന്റെ അനൗദ്യോഗികദിവസം നിശ്ചയിച്ചിരിക്കുന്നത് നാളെയാണ്. അതുകൊണ്ട് ഒന്നുകിൽ ഇതിനെപ്പറ്റിയുള്ള ചർച്ച ഇന്ന 12-30-നകം അവസാനിപ്പിക്കുക, അല്ലെങ്കിൽ അടുത്ത ദിവസത്തേക്കുകൂടി നീട്ടിവയ്ക്കുക. ഇതല്ലാതെ നാളെ അനൗദ്യോഗിക ദിവസമാണെന്ന വിചാരിച്ച് ഇതിന്റെ ചർച്ച രണ്ടോ മൂന്നോ മാസംകഴിഞ്ഞ് മാറ്റിവയ്ക്കുകയാണെങ്കിൽ അതായത് ഇന്ന തീരാതെയിരുന്നാൽ, അത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഇത് നിയമപരമായ സംഗതികളെപ്പറ്റിയുള്ള ചർച്ച ആയതുകൊണ്ട് ഇങ്ങനെ പകുതിപകുതിയായി പലേ അവസരങ്ങളിൽ ചർച്ച നടത്തുന്നത് ശരിയല്ലെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

ശ്രീ ജോസഫ് ചാഴിക്കാട്ട് : ഇന്ന് 12-30-നകം ഇവയെപ്പറ്റിയുള്ള ചർച്ച അവസാനിപ്പിക്കണമെന്നാണ് ഇന്നലെ തീരുമാനിച്ചിട്ടുള്ളത്. ഇന്ന് ശ്രീ. ടി. വി. തോമസ് അഭിപ്രായപ്പെടുന്നത് ബഹുമാനപ്പെട്ട സ്പീക്കർ ഇതു സംബന്ധിച്ചുള്ള ചർച്ച കേട്ട മതിയാകുന്നതുവരെ നടത്തുകയും അതുകഴിഞ്ഞ് നിർത്തുകയും വേണം എന്നാണ്.

ശ്രീ. ടി. വി. തോമസ് : സർ, ഞാൻ പറഞ്ഞതു ബഹുമാനപ്പെട്ട സ്പീക്കർക്ക് ഈ ചർച്ച പൂർണ്ണമായി എന്നു തോന്നുമ്പോൾ നിർത്തുന്നതിൽ ഞങ്ങൾക്കു വിരോധമില്ലെന്നാണ്. ഒരു മെമ്പർ ഒരു ക്ലോഷർമോഷൻ കൊണ്ടുവന്നാൽ അതു അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം സ്പീക്കർക്കാണുള്ളതു്. മാത്രവുമല്ല ക്ലോഷർമോഷൻ അവതരിപ്പിക്കാതെതന്നെ ഈ ചർച്ച അവസാനിപ്പിക്കാനുള്ള അധികാരവും സ്പീക്കർക്കുണ്ട്. ആ സ്ഥിതിക്ക് എപ്പോൾ വേണമെങ്കിലും ബഹുമാനപ്പെട്ട സ്പീക്കർ ഈ കാര്യം അവസാനിപ്പിക്കാം എന്നുള്ളതാണ്. ഇതാണ് ഞാൻ മുൻപു പറഞ്ഞതും.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഇന്ന പറ്റുന്നതല്ലെന്നല്ല, കൂടെ മറ്റു രണ്ടോ മൂന്നോ മന്ത്രിമാർ പറഞ്ഞാലും തീരാത്ത വിധം രണ്ടുമൂന്നു ഐറ്റംകൂടി ഉണ്ട്. അതുകൊണ്ട് ഒന്നുകിൽ എല്ലാപേർക്കും ഈ സംഗതിയെപ്പറ്റി അരമുക്കാൽ മണിക്കൂർ പറയാനുള്ള സമയം കൊടുക്കണം. അതല്ലെങ്കിൽ അങ്ങനെ പരത്തി പറയാനുള്ള സമയം കൊടുക്കണം. ഇതു രണ്ടും അല്ലാതെ ശ്രീ. ടി. കെ. ദിവാകരൻ പറഞ്ഞതുപോലെ പകുതിയാക്കി വച്ചിട്ട് പിന്നെ ഒരു മൂന്നോ നാലോ മാസം കഴിഞ്ഞിട്ട് ഇതിലേക്കു വേണ്ടി സമയം അനുവദിക്കുന്നതു ശരിയല്ല. അതുകൊണ്ട് ഒരു കണിശമായിട്ടുള്ള സമയക്രമം എല്ലാവർക്കും അനുവദിക്കേണ്ടതാണ്.

SHRI PANAMPILLI GOVINDA MENON : In regard to these matters, I would very respectfully submit to the Chair that the Rulings once made regarding transactions of business should not be disturbed unless there is a unanimous

LIBRARY ARCHIVES Kerala Legislative Assembly

request from the House. As it is the Leader of the Opposition and his friends were satisfied yesterday that a discussion up to 12-30 would be sufficient, what further fact has emerged ..

SHRI CHAZHIKATTU JOSEPH : "The Leader of the Opposition and his friends" എന്ന പദപ്രയോഗത്തിൽ അദ്ദേഹത്തിന്റെ മന്ത്രിമാരെ തന്നെയാണോ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നു പറഞ്ഞാൽകൊള്ളാം.

SHRI PANAMPILLI GOVINDA MENON : Including myself. So we are agreed, Mr. Thomas and myself and our other friends in the House that the discussion should be over by 12-30 today. I should submit that you, Mr. Speaker, will be placed in difficulty if things decided once are reopened from time to time on impetuous requests made from certain sections of the House. Therefore I would suggest to you to close the discussion at 12-30 If you do so, it necessarily follows that you should distribute the time among the different parties in the House. If one party wants to nominate only one speaker that is a different matter. After all much discussion on this matter is not necessary. The question is a limited one. The report was considered for hours by the Privileges Committee presided over by the Deputy Speaker in which members from various sections of the House were present and it had the advantage of the address by the Advocate General. The only question is whether it should be rejected, adopted or re-committed. I should think that your Ruling given yesterday that the discussion should be closed by 12-30 should be stuck to and need not be changed unless there is a consensus of agreement in the House.

ശ്രീ. പി. വിശ്വംഭരൻ : റൂൾ 183 അനുസരിച്ച് ഇതു റഫർ ചെയ്യാനുള്ള അധികാരം സ്പീക്കർക്കുണ്ട്. അതുകൊണ്ട് ഇനി അധികം ഈ കാര്യത്തെക്കുറിച്ചു സംസാരിച്ച് സമയം കളയാതെ സ്പീക്കർതന്നെ ഇതിനു സമയക്രമം വയ്ക്കാവുന്നതാണ്. 10 A.M.]

മി. സ്പീക്കർ : എല്ലാ തീരുമാനങ്ങളും സഭയുടെ അഭിപ്രായമനുസരിച്ച് ചെയ്യണമെന്നുള്ള അഭ്യർത്ഥനയാണ് ഞാൻ ഇതു ഇവിടെ ചർച്ചചെയ്യാൻ അനുവദിച്ചത്. പിന്നെ സഭാനേതാവും പ്രതിപക്ഷനേതാവുംകൂടി ആലോചിച്ച് ഇതു പന്ത്രണ്ടരമണിവരെ വയ്ക്കാമെന്നു പറഞ്ഞു തീരുമാനിച്ചതിനെ മാറ്റേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾ മന്ത്രി പറഞ്ഞതായി, ഒന്നരമണിക്കൂർ പ്രതിപക്ഷത്തിനും, ഒരു മണിക്കൂർ സഭാനേതാവിനും നൽകണമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON: In this matter Government are the opposition. Therefore, the usual rule in giving time should be changed.

SHRI A. THANU PILLAI: Sir, I rise to a point of order. In regard to the question of privilege, can it be said that the Government are a party? It is as a Member of the House that the Chief Minister made those statements and the question of privilege has arisen. Can he say that the Government take up one stand in regard to this question of privilege and that Government are in the opposition?

SHRI PANAMPILLI GOVINDA MENON: That was because the Speaker referred to the Opposition as a party.

SHRI A. THANU PILLAI: I should make it clear that the Chief Minister is distinctly wrong in invoking the aid of his entire party and the Governmental prestige in support of what he has done. That is not the way in which the question of privilege should be viewed and considered. As a Member of the House he has made a statement. The question is whether he has violated the privileges of the House in so doing. Other factors like the Government, his party etc do not matter here Not that I am opposing him. That is not what I mean by saying this. The question of privilege should be viewed not as a matter of Government affair.

SHRI PANAMPILLI GOVINDA MENON: I agree with the hon. Member for Trivandrum entirely; but because the Speaker said that the Opposition will have 1 1/2 hours and the others one hour, I just said the Government is the Opposition

SHRI A. THANU PILLAI: The Speaker is also a human being. He may make a mistake. But it is not for me as a member of the House to say that he has committed a mistake.

MR. SPEAKER: I cannot allow anybody to refer to the Speaker. If he is wrong, Members are expected to suffer. But here he is not in the wrong What he meant by 'Opposition' referred to the parties not occupying the Treasury Benches. Presumably that has not been correctly understood.

LIBRARY ARCHIVES Kerala Legislative Assembly

പന്ത്രണ്ടര മണിക്ക് ഡിസ്ക്കഷൻ തീരും. മി. കെ.പി.സി.സി പത്തു മിനിട്ടുകൂടി അനുവദിക്കും. ഒരോരുത്തർക്കും പത്തുമിനിട്ടിൽ കൂടുതൽ അനുവദിക്കുകയില്ല. മി. കെ.പി.സി.സി തുടരാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സഭയുടെ സമയം കൂടുതൽ എടുക്കാതെ ഞാൻ പെട്ടെന്ന് അവസാനിപ്പിച്ചുകൊള്ളാം.

ഈ കമ്മിറ്റി ശ്രദ്ധിക്കേണ്ട മറ്റൊരു സംഗതി ഈ ബുക്കിൽ പറയുന്ന രേഖ ഇന്ത്യൻ ആണോ എന്നാണ്. അപ്പൻഡിക്സ് ബി പ്രമാണത്തിൽ പറയുന്നത് ഇങ്ങനെയാണ്: "Copies of several documents which were circulated." അതായത് മധുര കമ്മ്യൂണിസ്റ്റ് കോൺഗ്രസ്സിൽ പാർട്ടി മെമ്പറന്മാരുടെ ഇടയിൽ വിതരണം ചെയ്ത എന്ന ആരോപണത്തോടുകൂടിയാണ് ഇതു് പ്രസിദ്ധം ചെയ്തിരിക്കുന്നതു്. വിതരണം ചെയ്തതു് എന്തിനാണെന്നോ, ആരാണ് വിതരണം ചെയ്തതു് എന്നോ പറയുന്നില്ല. കമ്മ്യൂണിസ്റ്റ് കോൺസ്പിറസി എന്ന ബുക്കിൽ ഈ രേഖ മധുര കോൺഗ്രസ്സിൽ പാസ്സാക്കിയതാണെന്നോ, ഇതു് പാർട്ടി അംഗീകരിച്ചതാണെന്നോ പറയുന്നില്ല. എന്നാൽ നേരേമറിച്ചു് സഭാനേരവിൻറെ ആരോപണം ഇതു് മധുര കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കോൺഫറൻസ് തീരുമാനിച്ച ടാക്റ്റിക്കൽ റസല്യൂഷൻ ആണെന്നാണ്. അതു് സ്വീകരിച്ചു് നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രമേയമാണോ എന്നു് അന്വേഷിക്കേണ്ടതായിട്ടുണ്ടു്. ഇപ്പോൾ ഇങ്ങനെയൊരു പ്രമേയം കമ്മ്യൂണിസ്റ്റ് പാർട്ടി അവതരിപ്പിക്കുവാനുള്ള കാരണം എന്തു്? ഇതും അന്വേഷിക്കണം. ഒരുപക്ഷേ പ്രമേയം തള്ളിക്കളഞ്ഞതാകാം. മെമ്പറന്മാർ ആരെങ്കിലും റസല്യൂഷനായി വോട്ടുചെയ്തവരാമെന്നു് വിചാരിച്ചുകൂടാകാം. ഇതൊക്കെ നോക്കുമ്പോൾ ഈ റിപ്പോർട്ട് പ്രിവിലേജ് കമ്മിറ്റിക്കു് തിരിക്കൽക്കുടി അയയ്ക്കേണ്ടതാണെന്നാണ് എനിക്കു പറയുവാനുള്ളതു്.

മറ്റൊരു സംഗതികൂടി. സഭയുടെ മുമ്പിൽ ഹാജരാക്കിയിരിക്കുന്ന രേഖ പ്രിൻറഡേയോ, പബ്ലിഷഡേയും ചേർത്തിട്ടുള്ളതാണു്. അങ്ങനെയുള്ള ഒരു രേഖ ഈ രാജ്യത്തെ മുഖ്യമന്ത്രി, നിയമം നടപ്പാക്കാൻ ഉത്തരവാദിയായ മുഖ്യമന്ത്രി, നിയമം സൃഷ്ടിക്കേണ്ട ഈ നിയമസഭയിൽ ഹാജരാക്കിയിട്ടുണ്ടു്. സർ, പ്രസ്സ് ആക്റ്റ് മൂന്നാംവകുപ്പിൽ പറയുന്നതു് ഇങ്ങനെയാണു്:

Section 3 of the Press Act:—

Every book or paper printed within British India shall have printed legibly on it the name of the printer and the place of printing and if the book or paper be published the name of the publisher and the place of publication."

ഒരുപക്ഷേ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇതു് ഒരു pamphlet ആണെന്നു പറഞ്ഞേയ്ക്കും. എന്നാൽ ഈ ആക്റ്റിൽത്തന്നെ ബുക്ക് ഡിഫയിൻ ചെയ്തിരിക്കുന്നതിൽ pamphlet-ും ഇതുപോലെയുള്ള അച്ചടിച്ച എല്ലാ സംഗതികളും ഉൾപ്പെടുന്നുണ്ടു്. ഇതുകൊണ്ടു് ഈ രാജ്യത്തു് നിയമത്തിൻറെ കാവൽക്കാരനായ കോൺഗ്രസ്സ് ചീഫ് മിനിസ്റ്റർ നിയമം നിഷേധിച്ചു് അവതരിപ്പിച്ചിരിക്കുന്ന ഒരു പുസ്തകമാണു് ഇതു്. ഈ കാര്യത്തിനുതന്നെ ആത്മാസവും, രണ്ടായിരം രൂപയും ശിക്ഷ കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്നാണ് വ്യവസ്ഥ. നിയമം പാലിക്കുന്നതിന് ഉത്തരവാദപ്പെട്ട ഒരാൾ ഈ നിയമസഭയിൽ നിയമത്തിനു വിരുദ്ധമായി അച്ചട്ടു ഒരു രേഖ ഹാജരാക്കി. ഇതൊക്കെ കമ്മിറ്റി ചിന്തിക്കേണ്ട വിഷയങ്ങളാണ്.

സർ, ഇങ്ങനെയുള്ള അനേകം കാരണങ്ങളാൽ ഈ റിപ്പോർട്ട് തിരസ്കരിച്ചു, ഈ പ്രിവിലേജ് പ്രശ്നം വീണ്ടും നിയമാനുസരണം പ്രിവിലേജുകമ്മിറ്റി പരിശോധിക്കുന്നതിലേയ്ക്ക് അയയ്ക്കണമെന്നു ഞാൻ വിനീതമായി സഭയോടഭ്യർത്ഥിയ്ക്കുന്നു.

SHRI M. P. MENON: Sir, Two members have already spoken and they have pointed out that the committee in handling the evidence has not acted properly. The Chairman of the Committee and the mover of the resolution may be in a position to enlighten us further on the matter. I submit that they may be given a chance to do that before allowing any other Member to speak on the matter.

ശ്രീ. ഡി. ദാമോദരൻ പോറ്റി: സർ, ഈ സഭയുടെ മുമ്പാകെ ചർച്ചയ്ക്കു വച്ചിരിയ്ക്കുന്ന പ്രശ്നങ്ങളുടെ സാരാംശത്തിലേയ്ക്കു കടന്നു് എന്തെങ്കിലും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. പ്രിവിലേജുകമ്മിറ്റിയുടെ റിപ്പോർട്ടു് സഭയുടെ മുമ്പാകെ വച്ചിട്ടുണ്ടു്. അതിന്റെ ഉള്ളടക്കത്തെപ്പറ്റി എനിക്കുള്ള അഭിപ്രായം ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല. പ്രിവിലേജു കമ്മിറ്റിയുടെ ചില നടപടിപ്പിശകുകളെപ്പറ്റി ശ്രീ. പ്രഭുവും, ശ്രീ കുറുപ്പും പറഞ്ഞതിനെപ്പറ്റി രണ്ടുമൂന്നു വാക്കു് പറയണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഈ കമ്മിറ്റിയുടെ മുമ്പിലു് ഈ പ്രശ്നം വിട്ടതിനുള്ള പ്രധാനകാര്യങ്ങളെപ്പറ്റി തീരുമാനമെടുക്കുന്നതിനാണു്. ആ രണ്ടു കാര്യങ്ങളെപ്പറ്റി മാത്രം തീരുമാനം എടുക്കണമെന്നാണു് ആവശ്യപ്പെട്ടിട്ടുള്ളതു്. ആദ്യമായി ഡാക്യുമെന്റു് ജനുവിൻ ആണോ എന്നു് പരിശോധിക്കണമെന്നാണു് പറഞ്ഞിട്ടുള്ളതു്.

"In view of the complicated issues involved in the matter it seems desirable that such matters go to the Committee of Privileges for the purpose of examining the genuineness or otherwise of the document Placed on the Table by the Chief Minister on the 13th April 1955."

ജനുവിൻ ആണോ എന്നു തീരുമാനിച്ചതിനുശേഷം രണ്ടാമതായി തീരുമാനിക്കേണ്ടതു്—

"The Committee will not only go into the limited question of the genuineness or otherwise of the document produced but also of other allied questions including the question of any breach of privilege and other incidental matters."

ഈ കാര്യമാണു്. സർ, എനിക്കു് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു് പ്രധാനപ്പെട്ട പ്രശ്നം ഇതു് ജനുവിൻ ആണോ അല്ലയോ എന്നുള്ളതാണു്. ജനുവിൻ ആണെന്നു് കണ്ടുകഴിഞ്ഞാൽ ഇൻസിഡെന്റൽ ആയിട്ടുള്ള പ്രശ്നങ്ങൾ അവശേഷിക്കുന്നില്ല എന്നാണു് കമ്മിറ്റിയുടെ ഭൂരിപക്ഷാഭിപ്രായം. അതുകൊണ്ടു് മറ്റെ

LIBRARY ARCHIVES Kerala Legislative Assembly

വിസ്തരിക്കുന്നതിനുവേണ്ടി മിസ്റ്റർ തോമസ്സിനെ വിസ്തരിക്കുന്നുണ്ടെന്നു് തീരുമാനിച്ചു. റിപ്പോർട്ട് പരിഗണിക്കുമ്പോൾ ഒരു ഹൌസ് കൺവെൻഷൻ സൃഷ്ടിച്ചുകൊണ്ടുപോകണമെന്നു് പറഞ്ഞു. അതു് സ്പീക്കറിച്ചുകൊണ്ടു തന്നെയാണു് പോയിട്ടുള്ളതു്. സർ, ഇതോടുകൂടി ഇതിനെക്കുറിച്ചു് ലോകസഭയിൽ നടന്ന സംഗതമായ ഒരു കാര്യത്തെക്കുറിച്ചു് പ്രസ്താവിക്കാമെന്നു് വിചാരിക്കുന്നു.

House of the People—Committee of Privileges (The Sinha Case) Report—1952.

"SHRI H. N. MUKERJEE: Is the hon. Member entitled to repeat his practice of referring to certain documents of a mysterious character which he has not the gumption to lay on the Table of the House and to subject it to an examination by an impartial Commission to be appointed by Parliament or by any other quasi-judicial body?

MR. DEPUTY SPEAKER: I have understood the point of order. If any hon. Member refers to any document or reads extracts on the floor of the House, he must place it on the table of the House. It is open to him not to refer to any or say in his own words."

ഇത്രയും മാത്രമാണു് ഇതിൽ നടന്ന വാദപ്രതിവാദം. ഇതു നടന്ന അവസരത്തിനു മി. സിൻഹായുടെ കൈവശം document ഇല്ലായിരുന്നു. അതു് അടുത്ത ദിവസം മാത്രമാണു് ടേബിളിൽ വച്ചതു്.

"Dr. S. N. SINHA: I beg to lay on the Table the following papers:—

1. A typed copy of draft Secret Protocol.
2. Extracts from the 'Current Digest' of the Soviet Press. (11 pages of typed sheets).
3. A very valuable document, a Soviet map published in 1950 showing Kashmir as British."

അവിടെ സിൻഹയും മിസ്സിസ് രേണുകാചക്രവർത്തിയുമായി ഒരു വാദപ്രതിവാദമുണ്ടായി. രേണുകാചക്രവർത്തിയെപ്പറ്റി ചില ആരോപണങ്ങൾ ഉണ്ടാകുകയും അതു് രേണുകാചക്രവർത്തിയുടെ അന്തസ്സിനെ ബാധിക്കുന്ന ഒന്നാണെന്നും മാത്രമല്ല ഹാജരാക്കിട്ടുള്ള റിക്കാർഡുകൾ false-ും fabricated-ും ആണെന്നും വാദം ഉണ്ടായതിന്റെ ഫലമായി ഈ പ്രശ്നം പ്രിവിലേജ് കമ്മറ്റിക്കു് അയയ്ക്കുകയുണ്ടായി. അങ്ങനെ ഏതാനും ടൈപ്പ്ഡ് ഷീറ്റ്സും ഒരു മ്യാപ്പും മാത്രമാണു് അവിടെ ഹാജരാകിയിട്ടുള്ളതു്. ആ കമ്മിറ്റിയിൽ നടന്ന ചർച്ചയുടെ റിപ്പോർട്ട് ഞാൻ വായിക്കാം സാർ. ഈ കമ്മിറ്റി കാൺസ്റ്റിറ്റ്യൂട്ട ചെയ്തിട്ടുള്ളതു് ശ്രീ. കൈലാസനാഥകട്ജു, ശ്രീ. സത്യനാരായണ സിൻഹാ, ശ്രീ. എ. കെ. തോമാലൻ, ശ്രീമതി സുചേതാ കൃപാലനി, ശ്രീ. സാരംഗധരദാസ്, ശ്രീ. ശ്യാമപ്രസാദ് മുക്കർജി മുതലായവരെ ഉൾപ്പെടുത്തിയാണു്. ഈ കമ്മിറ്റി കൂടിയതിന്റെ ആദ്യത്തെ മിനിട്സ് ഞാൻ വായിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആ കമ്മിറ്റിയിൽ മി. സിൻഹാ പ്രസന്റ് ആയിരുന്നോ ?

ശ്രീ. ഡി. ദാമോദരൻ പോറ്റി : ഇല്ല.

"The Committee met from 6-40 to 7-30 P. M.

2. The following were present:—

Dr. Kailas Nath Katju—Chairman.

Members:—

Shri A. K. Copalan
Dr. Syama Prasad Mookerjee
Srimati Sucheta Kripalani
Shri Sarangadhar Das
" B. Shiva Rao
" R. Venkataraman
" Radhelal Vyas

3. The Committee deliberated on the question of privilege raised by Shri A. K. Gopalan regarding certain papers laid on the Table of the House by Dr. Satyanarain Sinha.

4. The Committee decided that Dr. Satyanarain Sinha should be asked to produce the original of the copy of a secret protocol which was laid by him on the Table of the House on the 12th June 1952.

5. The Committee directed that the Secretary should prepare a memorandum on the facts of the case and precedents, if any, bearing on the question.

സർ, അടുത്ത കമ്മിറ്റിമീറ്റിംഗിൽ മറ്റൊരു തീരുമാനം ഉണ്ടായി. ആ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഡാക്കുമെന്റ്സ് പരിശോധിക്കുന്നതു സംബന്ധിച്ച് പറഞ്ഞിട്ടുള്ള ഭാഗങ്ങളും വായിക്കണമെന്നു ഞാൻ വിചാരിക്കുകയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആ ഡിസിഷൻ എടുത്ത കമ്മിറ്റിയിൽ ശ്രീ. സിൻഹാ പാർട്ടിസിപ്പേറ്റ് ചെയ്തിരുന്നോ ?

ശ്രീ. ഡി. ദാമോദരൻ പോറ്റി : ഇല്ല. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ വായിക്കുകയാണ്; സർ.

"The Committee decided to recommend to the House that no breach of privilege was involved in the question referred to them."

"As regards the charge "that the documents placed on the Table of the House by Dr. Satyanarain Sinha were false, fabricated and forged" the Committee have on investigation found that they are copies from the three issues of a regular printed magazine and a German book which are available for the use of public in general.

LIBRARY ARCHIVES Kerala Legislative Assembly

In the light of these facts Dr. Sinha cannot be said to have "forged or fabricated" the documents which he presented to the House. The Committee is therefore of the opinion that this charge has not been proved and no breach of privilege is therefore involved on this ground also."

ശ്രീ. എൻ രാഘവക്കുറുപ്പ് : ഈ സഭയിൽ ഹാജരാക്കിയിരിക്കുന്ന പ്രമാണം അച്ചടിച്ചതാരാണെന്ന് അന്വേഷിച്ചിട്ടുണ്ടോ ? ഈ കമ്മിറ്റിയുടെ പ്രൊസീഡിംഗ്സിൽ വായിച്ചത് ഒരു ബുക്കലെറ്റാണെന്നാണ്. അതിന്റെ ഉത്ഭവാദിത്വം ആർക്കാണെന്ന മനസ്സിലാകുന്നില്ല.

ശ്രീ. ഡി. ദാമോദരൻ പോറ്റി : കേന്ദ്രത്തിലെ പ്രിവിലേജസ് കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കിയിട്ടുള്ള ഏതാനും ടൈപ്പ്ഡ് പേപ്പറുകളെപ്പറ്റിയാണ ഞാൻ പ്രസ്താവിച്ചത്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ സഭയിൽ ഹാജരാക്കിയിരിക്കുന്ന രേഖ അച്ചടിച്ചത് ഏതാണെന്നും ആരാണെന്നും അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ഡി. ദാമോദരൻ പോറ്റി : അതേപ്പറ്റി അന്വേഷിക്കേണ്ട ആവശ്യമുണ്ടെന്ന കമ്മിറ്റി വിചാരിച്ചില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കമ്മ്യൂണിസ്റ്റ് കാൺസ്പിറസി എന്ന പുസ്തകത്തിന്റെ കോപ്പിയാണ് ഇവിടെ ഹാജരാക്കിയിട്ടുള്ളത് എന്നു പറഞ്ഞു. ഇവിടെ മുഖ്യമന്ത്രി ഹാജരാക്കിയ പുസ്തകം അദ്ദേഹം പ്രത്യേകമായി അദ്ദേഹത്തിന്റെ ആവശ്യത്തിലേയ്ക്ക് തയാറാക്കിയിട്ടുള്ളതാണോ അല്ലയോ എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. ഡി. ദാമോദരൻ പോറ്റി : ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ ആവശ്യത്തിലേയ്ക്കുവേണ്ടി അദ്ദേഹം ഈ കമ്മ്യൂണിസ്റ്റ് കാൺസ്പിറസി എന്ന പുസ്തകം അച്ചടിച്ചതാണെന്ന് ഈ കമ്മിറ്റിക്ക് വിശ്വസിക്കുന്നതിന് യാതൊരു കാരണവുമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അതല്ല. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇതു രഹസ്യമായി അച്ചടിച്ചതല്ല എന്ന് തെളിയിച്ചിട്ടുണ്ടോ ?

ശ്രീ. ഡി. ദാമോദരൻ പോറ്റി : അങ്ങനെയുള്ള തെളിവുകൾ എടുക്കണമെന്ന് ഈ കമ്മിറ്റി വിചാരിച്ചില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇതു വളരെ കായ്മയിട്ടുള്ള ഒരു സംഗതിയാണ്. അദ്ദേഹം ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിനെപ്പറ്റി പറയുകയാണ്. ആ റിപ്പോർട്ടിനെപ്പറ്റി പറയുമ്പോൾ അതിലേയ്ക്ക് എന്തെല്ലാം തെളിവുകൾ എടുത്തു എന്നു പറയേണ്ടതാണ്. അതു അദ്ദേഹം പറയാതിരിക്കുന്നതു വളരെ സങ്കടമാണ്.

SHRI P. S. NATARAJA PILLAI : Is it a point of order coming from Mr. Raghava Kurup ?

SHRI N. RAGHAVA KURUP : I will put it in the form of a point of order.

MR. SPEAKER : Not necessary.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. ദാമോദരൻപോറ്റി : ഞാൻ നേരത്തെ പ്രസ്താവിച്ചതു പോലെ അതിന്റെ ഗുണദോഷങ്ങളെപ്പറ്റിയൊന്നും അഭിപ്രായം പുറപ്പെടുവിക്കണമെന്നു വിചാരിക്കുന്നില്ല. ഇതിനെ സംബന്ധിച്ചുള്ള ഈ കമ്മിറ്റിയുടെ പ്രൊസീഡ്യൂവർ ഒരുതരത്തിൽ ശരിയായ പ്രൊസീഡ്യൂവർ തന്നെയാണ്. സെൻട്രൽ അസംബ്ലിയുടെ നടപടികളും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ റിപ്പോർട്ട് റീകമ്മിറ്റുചെയ്യുമെന്നുള്ള ഒരു മോഷനാണ് ഇപ്പോൾ വന്നിരിക്കുന്നതു്. അതല്ലാതെ പല ഭേദഗതികളും ഇവിടെ ഹാജരാക്കപ്പെടേണ്ടതായിട്ടുണ്ട്. അതെല്ലാംകൂടി പന്ത്രണ്ടര മണിയ്ക്കകം ചർച്ച ചെയ്യേണ്ടതാണോ? അതിനു സമയം ലഭിക്കുമോ? അതുകൊണ്ട് ശ്രീ. മഞ്ഞനാഥപ്രഭുവിന്റെ മോഷൻ മാത്രം ചർച്ച ചെയ്താൽ മതിയോ?

മി. സ്പീക്കർ : ഒരു മോഷനെ കുറിച്ചുള്ള ഡിസ്കഷൻ അവസാനിച്ചതിനെ തുടർന്നു് മറ്റുള്ള മോഷൻസും എടുക്കുന്നതാണു്.

SHRI PANAMPILLI GOVINDA MENON : If there are other amendments, let them also be moved. There is one by Mr. Vivekanandan and another by Mr. Kunjachan.

SHRI P. K. KUNJACHAN : I am not moving my amendment, Sir.

SHRI D. VIVEKANANDAN : Sir, I move:

After the words 'that the report be adopted' add the following:—

'Without the dissenting note of Shri.K. C. George.'

സർ, കഴിഞ്ഞ ഏപ്രിൽ 13-ാംതീയതി പോലീസിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു് ചർച്ച നടന്ന അവസരത്തിൽ മറുപടി പറഞ്ഞുകൊണ്ടു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു ഭാഗമുണ്ട്.....

SHRI P. S. NATARAJA PILLAI : Sir, a clarification. It is said that the report be adopted without the dissenting note of Mr. K. C. George. Will it be in order? Can a report be adopted without the dissenting note if there is a dissenting note to it?

MR. SPEAKER : I am afraid it will not be in order. So also the amendments of Mr. Ramaswami and Mr. Kunjan Nadar.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഈ പ്രിവിലേജസ് കമ്മിറ്റി യുടെ റിപ്പോർട്ട് സഭയുടെ മുമ്പാകെ വച്ചിരിക്കുകയാണ്. ആ റിപ്പോർട്ട് ഇപ്പോൾ തിരുവാർപ്പ് മെമ്പർ പറഞ്ഞതുപോലെ ഒരു അപ്പീൽകോടതിയുടെ നടപടിയിൽ ഇരിക്കുകയാണ് എന്നു വേണം നാം വിചാരിക്കുവാൻ. കമ്മിറ്റി കൊടുത്തിരിക്കുന്ന റിപ്പോർട്ടു പറയുന്നതു് "In the circumstances the Committee recommends that the question be dropped." സർ, ഇതു് നോക്കുമ്പോൾ സർ റോജർ ഡി കോവർലി പറയുന്നതുപോലെ much might be said on both sides എന്നു് ജോസഫ് അഡിസന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതാണ് ഓർമ്മയിൽ വരുന്നതു്.

ഇതിൽ സർക്കംസ്റ്റൻസസ് മുഴുവൻ പറയുന്നുണ്ട്. ആ കമ്മിറ്റി യുടെ റിപ്പോർട്ടിൽ എതിരായി അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതു് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഒരു പ്രധാന അംഗമായ ശ്രീ. കെ. സി. ജോർജ്ജ് റിപ്പോർട്ടിൽ പറയുന്നതു് "I have no objection in dropping the question" എന്നാണ്.

ശ്രീ. കെ. സി. ജോർജ്ജ് : ആ വാചകം മുഴുവൻ ഒന്നു വായിക്കണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : മുഴുവൻ വായിക്കാൻ സമയം തികയുകയില്ല. എങ്കിലും വായിക്കാം.

"I have no objection in dropping the question, as per the decision of the majority, on the technical ground that the reference is limited in its scope but I have to point out that no responsible member of the House should follow the example laid down by the Chief Minister in this case."

അതൊരു നല്ല ഉപദേശം. അതുകൊണ്ടു് അതു ശരിയാണെന്നു ഞാൻ പറയുന്നില്ല. നമ്മുടെ മുമ്പിൽ ഇരിക്കുന്ന ഒരു പ്രമാണത്തെപ്പറ്റി സംസാരിക്കുന്ന അവസരത്തിൽ പനമ്പിള്ളി ഗോവിന്ദമേനോൻ എന്നും മറ്റും പേരുവിളിച്ചു പറയാതെ ചാലക്കുടിമെമ്പർ എന്നോ തിരുവാർപ്പു മെമ്പർ എന്നോ പറയുന്നതു ഒന്നുകൂടി നല്ലതാണെന്നു എനിക്കു തോന്നുന്നു. ആ ഉപദേശം ഈ പിള്ളേരും മനസിലാക്കിയാൽ കൊള്ളാം. ഈ മിസ്റ്റർ പനമ്പിള്ളി എന്നു വിളിക്കുന്നതിനെക്കാൾ അതാണു നല്ലതു്.

ശ്രീ. പി. ഭാസ്കരൻ നായർ : സർ, ഈ പിള്ളേർ എന്നു വിളിക്കുന്നതു പാർലമെന്ററിയാണോ ?

[Mr. Deputy Speaker in the Chair]

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ആദ്യം പറഞ്ഞതു പിൻവലിച്ചുകൊണ്ടു് ബഹുമാനപ്പെട്ടമെംബറന്മാർ എന്നു പറഞ്ഞുകൊള്ളട്ടെ. സർ, ഇവിടെ ഹാജരാക്കപ്പെട്ട പ്രമാണങ്ങൾ false and fabricated ആണോ എന്നുള്ള സംഗതിയാണു നാം നോക്കേണ്ടതു് അതെപ്പറ്റിയാണ് ഈ കമ്മിറ്റി ചർച്ച നടത്തിയതു്. അങ്ങനെ ചർച്ച നടത്തിയിട്ടു് അതു കള്ളമാണോ വ്യാജനിർമ്മിതമാണോ എന്നുള്ളതിലേയ്ക്കു് ഒരു തീരുമാനവും ഇതേവരെ ഉണ്ടായിട്ടില്ല. ആ കമ്മിറ്റി പറയുന്നതു ഇതു പബ്ലിഷ് ചെയ്തി

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ട്ടുള്ള ഒന്നാണെന്നും, ഇതു പ്രൊഡ്യൂസ് ചെയ്തിട്ടുള്ള ആളല്ല പബ്ലിഷ് ചെയ്തതെന്നും ചീഫ്മിനിസ്റ്റർ ഈ ആവശ്യത്തിലേയ്ക്കുവേണ്ടി കള്ളപ്രമാണങ്ങൾ വ്യാജനിർമ്മിതമായി കൊണ്ടുവന്നിട്ടില്ലാ എന്നുള്ളതു തീർച്ചയാണെന്നുമാണ്. ഇതേ പുസ്തകം തന്നെ മി. മസാനി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും അതു പബ്ലിഷ് ചെയ്തിട്ടുള്ളതു് ഡെമൊക്രാറ്റിക്ക് റിസർച്ച് ഇൻസ്റ്റിട്യൂട്ടിൽ നിന്നുമാണെന്നും പറയുന്നു. അതുകൊണ്ട് ഇതു ചീഫ് മിനിസ്റ്റർ കളവായും കൃത്രിമമായും നിർമ്മിച്ചു കൊണ്ടുവന്നിട്ടുള്ളതല്ല എന്നുള്ളതു തീർച്ചയാണ്. നാം കോടതിയിൽ ഒരു പ്രമാണം ഹാജരാക്കുമ്പോൾ കോടതി എക്സിബിറ്റായി ചേർക്കുന്നതിനുവേണ്ടിയാണു് ശരിയായിട്ടുള്ള പ്രമാണമാണോ എന്നു നോക്കിയതിനുശേഷമെ രേഖയായി അക്കമിടുകയുള്ളൂ. പ്രമാണം ഹാജരാക്കിയ ആളിനു് എങ്ങനെ കിട്ടി, അസ്സലായിരുന്നാൽ ആരെഴുതി, എഴുതിയ ആളിന്റെ പേരും സമ്മതവുമുണ്ടോ, പകർപ്പാണെങ്കിൽ അതിന്റെ മൂലവുമായി ഒത്തുനോക്കി, അധികാരമുള്ളയാൾ മൂലവുമായി ഒത്തുനോക്കി സർട്ടിഫൈചെയ്തിട്ടുണ്ടോ, കൈവശക്കാരനു ന്യായമായി കൈവശം ലഭിച്ചതാണോ എന്നൊക്കെ നോക്കുന്നതാണ്. എന്നാൽ ചീഫ്മിനിസ്റ്റർ കളവും വ്യാജനിർമ്മിതവുമായ ഒരു പ്രമാണം കൈവശപ്പെടുത്തി കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ആക്ഷേപമുണ്ടാക്കുന്നതിനുവേണ്ടി ഈ കേസിൽ ഹാജരാക്കിയിരിക്കയാണെന്നു പറയുന്ന ശ്രീ. ടി. വി. തോമസിന്റെ വാദത്തിനു് ഒരു മറുപടി ഇതുകൊണ്ടു് വരുന്നില്ല. അതുകൊണ്ട് ചീഫ്മിനിസ്റ്റർ, അല്ലെങ്കിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ കളവും വ്യാജനിർമ്മിതവുമായ ഒരു പ്രമാണം ഉണ്ടാക്കിയിട്ടില്ലെന്നുള്ളതു് തീർച്ചയാണ്. ഹാജരാക്കിയപ്രമാണം വ്യാജനിർമ്മിതമാണെന്നുള്ളതിനു് ഈ വിധിയിൽ മറുപടി പറയുന്നില്ല.

രണ്ടാമതായി ഹാജരാക്കിയിട്ടുള്ളപ്രമാണം അതിന്റെ മൂലത്തിൽത്തന്നെ കളവായിട്ടുണ്ടാക്കിയതാണോ, എന്നു കാണേണ്ടതായിരുന്നു. ആ പ്രമാണം നിർമ്മിതാക്കൾക്കു് ഇതു് എങ്ങനെകിട്ടി എന്നുള്ളതിനെപ്പറ്റി തെളിവെടുത്തു് ചർച്ചനടത്തുന്നതിനുള്ള അവകാശം കമ്മറിക്കുണ്ടായിരുന്നു. അങ്ങിനെ ഒരു പടികൂടി കമ്മിറ്റി മുൻപോട്ടു പോകേണ്ടിയിരുന്നു. ബഹുമാനപ്പെട്ട തിരുവാർപ്പുമെംബർ പറഞ്ഞതുപോലെ ഇവിടെ ഹാജരാക്കിയപ്രമാണം കളവായിട്ടു് ചീഫ്മിനിസ്റ്റർ ഉണ്ടാക്കിയതല്ലെന്നു് തീർച്ചയാണ്. പക്ഷെ കള്ളനോട്ടുകൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതു ഇൻഡ്യൻ പീനൽക്കോഡനുസരിച്ചു് കുറ്റകരമാണ്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ കള്ളനോട്ടു് ഉണ്ടാക്കിയില്ല. കള്ളനോട്ടു് കൈവശംവച്ചുകൊണ്ടിരിക്കയും ഈ പീടികയിൽ കൊണ്ടുവന്നു് ചെലവാക്കുകയും ചെയ്തു. അതിനു പറയുന്ന സമാധാനം കള്ളനോട്ടു് അദ്ദേഹം ഉണ്ടാക്കിയതല്ലെന്നാണ്. അതു കള്ളനോട്ടാണോ എന്നതിനു തീരുമാനം ഉണ്ടായിട്ടില്ല. അതിനാൽ ഈ വിധി ന്യായമായും പൂർണ്ണമായും ഉള്ള ഒന്നല്ല. അതുകൊണ്ടു് ഈ ബഹുമാനപ്പെട്ട അംഗങ്ങൾ അടങ്ങിയ കമ്മറി-"The Committee members are honourable men"-ശരിയായ ഒരുവിചാരണ നടത്തിവീണ്ടും ഒരു തീരുമാനം ഉണ്ടാക്കേണ്ടതാണ്. എന്റെ സ്നേഹിതന്മാർ പലരും പറഞ്ഞതുപോലെ .....

Mr. SPEAKER : Please conclude.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പ്രിവിലേജ് കാര്യം സംബന്ധിച്ച് പ്രധാനമായി വന്നിട്ടുള്ള ഒരു പ്രശ്നമാണിതു്. അതിനു് ഫൈനലായ ഒരു വിധി ഉണ്ടാക്കേണ്ടതാണു്. ഇവിടെ ഹാജരാക്കിയ പ്രമാണം നിജമാണോ അല്ലയോ എന്നുള്ളതിനു് ഒരു തീർച്ച ഉണ്ടാക്കേണ്ടതാണു്.

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, ഇപ്രകാരം കമ്മിറ്റിക്കു് റിക്കമ്മിറ്റ് ചെയ്യണമെന്നുള്ള ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഇതുവരെയുള്ള ചർച്ചകളും ഈ കമ്മറിയുടെ കോൺസ്റ്റിറ്റ്യൂഷനെപ്പറ്റിയായിരുന്നു. കമ്മിറ്റിയുടെ കോൺസ്റ്റിറ്റ്യൂഷൻ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെയോ ശ്രീ. കെ. സി. ജോർജിന്റെയോ അഭിപ്രായപ്രകാരമല്ല. അതു സ്പീക്കറുടെ അധികാരപരിധിയിൽ പെട്ടതാണു്. അതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ തെറ്റ് സ്പീക്കറുടേതാണു്. ഈ റിപ്പോർട്ട് വായിച്ചാൽ ഏകദേശം ഐകകണ്ഠ്യേനയുള്ളതാണെന്നുകാണാം. ശ്രീ. കെ. സി. ജോർജ് ഒരു മൈനാറിറ്റിറിപ്പോർട്ട് എഴുതിയിട്ടുണ്ടെങ്കിലും രീതിമാനത്തിൽ യോജിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ആ റിപ്പോർട്ടിനെപ്പറ്റിയാണു് എനിക്കു് പറയുവാനുള്ളതു്. ഈ സഭ അടിസ്ഥാനപരമായി ഈ തത്വത്തെപ്പറ്റി ചിന്തിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. പ്രിവിലേജ് വളരെ പരിപാവനമായ ഒരു അവകാശമാണു്. എന്നാൽ ഈ സഭയിൽ എന്താണു് നടക്കുന്നതു്? ഈ രാജ്യത്തെ ജനങ്ങളുടെ വിഷമങ്ങളെപ്പറ്റി ചിന്തിക്കാനും നിയമം ഉണ്ടാക്കാനും ഗവണ്മെന്റിനു തെറ്റു പറയേണ്ടിവന്നാൽ അതു് തിരുത്താനുമുള്ള ഒരു സഭയാണിതു്. എന്നാൽ ഇവിടെ ആരെങ്കിലും സംസാരിക്കാനുള്ള സമയം കിട്ടിയാൽ അതു് രാഷ്ട്രീയ പ്രചരണത്തിനു് ഉപയോഗിക്കുന്ന ഒരു പാരമ്പര്യമാണു കാണുന്നതു്. ഈ രാജ്യവാസികൾക്കു് ഇത്തരം രാഷ്ട്രീയ പ്രചരണത്തിൽ തല്പര്യമില്ല. ശ്രീ. കെ. സി. ജോർജ്ജിന്റെ റിപ്പോർട്ടിൽ പറയുന്നതു് ഇങ്ങനെയാണു്:

> "Democratic Research Service is a well known American Agency serving the American Imperialist interests in India."

ഇതാരു പറഞ്ഞു; ഇതദ്ദേഹം പറയുകയാണു്. ഒരു കോടതിയുടെ മുമ്പാകെയാണു് കമ്മിറ്റിക്കുള്ളതു്. രാഷ്ട്രീയ പ്രചരണത്തിനതിൽ സ്ഥാനമില്ല. റിപ്പോർട്ടിന്റെ ഭാവമിതാണു്:—

> "This fact may not be accepted by a section including Shri Govinda Menon, but there is a considerable section in the House as well as among the people of our country who do believe that it is so. The argument that it is published by Democratic Research Service and is hence genuine does not, according to me, carry any weight. The genuineness of a document should be determined by the genuineness of its contents. The publication of the book entitled "Communist Conspiracy at Madura" which purports to publish the resolution passed by the Communist Party Congress held in Madura can be considered a genuine document only if it publishes the true copy of those resolutions actually passed there."

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. കുഞ്ഞൻ നാടാർ]

കമ്മ്യൂണിസ്റ്റ്പാർട്ടി പാസ്സാക്കിയ തീരുമാനം അല്ല ഇതെന്നുണ്ടെങ്കിൽ ആ തീരുമാനം ഫാജരാക്കുന്നതിനുള്ള സന്ദർഭം ശ്രീ. ജാർജ്ജിനുണ്ടായിരുന്നു. ആ നിലയിൽ അദ്ദേഹം ചെയ്യേണ്ട ചുമതല നിറവേറ്റിയിട്ടില്ല. ഇതൊരു പാർട്ടി പ്രചരണത്തിനുവേണ്ടി എഴുതിച്ചേർത്തിട്ട്

"I have no objection in dropping the question" എന്നു തീരുമാനിച്ചിരിക്കുകയാണ്.

സർ, ഈ സഭയ്ക്കോ ഈ രാജ്യത്തിനോ ഇതിനെപ്പറ്റി വലിയ താല്പര്യമൊന്നുമില്ല. ഈ സഭയുടെ അന്തസ്സിനെപ്പറ്റിയും പ്രിവിലേജിനെപ്പറ്റിയുമെല്ലാം ചില അംഗങ്ങൾ വളരെ പരിഹാസനമാണെന്നുള്ള രീതിയിൽ പ്രസംഗിക്കാറുണ്ട്. പോലീസ് ന്റെ ലാത്തിച്ചാർജ്ജിനെ പ്രതിഷേധിച്ചു് ഇവിടെ പ്രസംഗിക്കയുണ്ടായി. ഞാൻ ലാത്തിച്ചാർജ്ജിനെ അനുകൂലിക്കുന്ന ഒരാളല്ല. പോലീസുമർദ്ദനത്തെ അങ്ങേയറ്റം എതിർക്കുന്നവനാണ്. പക്ഷെ ഈ സഭയുടെ അന്തസ് പോലിക്കേണ്ടതു് വിവരമില്ലാത്ത പൊലീസുകാരല്ല. ഈ സഭയിലെ അംഗങ്ങളാണ്. എന്താണ് ഇവിടെ നടന്നതു്? ഈ സഭയിലെ അംഗങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ചെളിവാരിയെറിയുന്ന ഒരു രംഗമാണ് ഇവിടെ കണ്ടതു്. ശ്രീ. കെ. ബാലകൃഷ്ണൻ ഇവിടെ പ്രസംഗിച്ചപ്പോൾ ഈ സഭയിലെ അംഗങ്ങളിൽ ചിലർ എഴുന്നേറ്റുനിന്നു പറയുകണ്ടായി.

മി. സ്പീക്കർ: റിപ്പോർട്ടിനെപ്പറ്റി സംസാരിച്ചാൽമതി.

ശ്രീ. എ. കുഞ്ഞൻ നാടാർ: ശ്രീ. ബാലകൃഷ്ണൻ ഈ സഭയിലെ അംഗങ്ങൾ എഴുന്നേറ്റുനിന്നു പറഞ്ഞു. അങ്ങു് ഈ സഭയുടെ സ്പീക്കറാണ്. ഈ സഭയിലെ ഒരംഗമാണ്. അങ്ങയെ നോക്കിയാണ് എഴുന്നേൽ എന്നുപറഞ്ഞതു്. നോ കാൺഫിഡൻസുമോഷൻ വന്നപ്പോൾ ശ്രീ. പനമ്പിള്ളിയെ കുറെ തെറി പറഞ്ഞു. അദ്ദേഹത്തിനു അതുകേൾക്കേണ്ടചുമതലയുണ്ട്. കാരണം ഈ രാജ്യത്തെ മന്ത്രിയായിരിക്കുന്നവർ ആരായിരുന്നാലും തെറി കേൾക്കണം. അതാണിവിടത്തെ പാരമ്പര്യം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഉപദേശം നൽകുന്ന ബഹുമാനപ്പെട്ട മെംബർതന്നെ ബന്ധമില്ലാതെയാണ് സംസാരിക്കുന്നതു്. അതിനെയെ സംസാരിക്കുകയുള്ളൂ എന്നു് നിർബന്ധമുണ്ടെങ്കിൽ അതിനെ നിയന്ത്രിക്കാതിരിക്കാൻ യാതൊരു നിവൃത്തിയുമില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ചില അംഗങ്ങൾ അങ്ങനെ പ്രസംഗിക്കുന്നുണ്ടെങ്കിൽ അതു നിയന്ത്രിക്കുതന്നെ വേണം. എനിക്കു് പറയാനുള്ളതു് ഈ സഭയിലെ അംഗങ്ങൾ സഭയുടെ പ്രിവിലേജ് വളരെ പരിപാവനമായിട്ടുള്ളതാണെന്നുള്ള കരുതണമെന്നും അതനുസരിച്ചു് പെരുമാറണമെന്നുമാണ്.

ഈ മൈനാറിറ്റി റിപ്പോർട്ട് അംഗീകരിക്കയാണെങ്കിൽ അതു് ഈ സഭയുടെ പ്രിവിലേജിനേയും അന്തസ്സിനേയും ബാധിക്കുന്നതായിരിക്കും. ഒരു ജൂഡീഷ്യൽ മൈൻഡ് വച്ചുകൊണ്ടു് ഒരു റിപ്പോർട്ട് എഴുതിയിരുന്നുവെങ്കിൽ എനിക്കു് പരാതിയില്ലായിരുന്നു. ഇതു വെറും പാട്ടിപ്രചരണത്തിനുവേണ്ടി എഴുതി ചേർത്തിട്ടുള്ളതാണ്. ഇവിടത്തെ കാൺഗ്രസ്കാർ

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിക്കാരാണെന്നും കാൺഗ്രസ്മന്ത്രിമാർ കൈക്കൂലിക്കാരാണെന്നും മറ്റും പ്രതിപക്ഷങ്ങൾ വളരെ പരാതികൾ പ്രചരിപ്പിച്ചിട്ടുണ്ട്. പക്ഷെ ഈ രാജ്യത്തു് കാൺഗ്രസ്മന്ത്രിസഭകൾ വളരെ അധികമുണ്ടായിട്ടും മന്ത്രിമാരുടെ ഭാര്യമാരും മരുമക്കളും കൈക്കൂലിവാങ്ങിച്ചു എന്നൊരു പരാതി ഇതുവരെ പ്രതിപക്ഷം പോലും പറഞ്ഞതിട്ടില്ല. എന്നാൽ അങ്ങനെ ഒരു പരാതി കഴിഞ്ഞ പി. എസ്സ്. പി. മന്ത്രിസഭക്കാലത്തു് ഇവിടെ മുഴങ്ങിയിട്ടു.

SHRI A. THANU PILLAI: Sir, I rise to a point of order. I want to know whether this kind of irresponsible, vulgar talk can be allowed in this House.

SHRI A. KUNJAN NADAR: I want the Member to withdraw the word 'irresponsible'.

SHRI A. THANU PILLAI: What else is this kind of talk?

SHRI A. KUNJAN NADAR: I think it is fully responsible.

SHRI A. THANU PILLAI: It has nothing to do with the subject under discussion.

SHRI A. KUNJAN NADAR: .....

MR. SPEAKER: Order, order. The Chair is on its legs. You have no right to stand and talk like that when the Chair is on its legs. You are talking irrelevantly, and so, I cannot allow such kind of talk.

ശ്രീ. ഡി. വിവേകാനന്ദൻ: സർ ബഹുമാനപ്പെട്ട മെംബർ ശ്രീ. മണ്ണത്തുനാഥപ്രഭുവിന്റെ ഭേദഗതിയോടു് അനുകൂലിക്കുവാൻ നിവൃത്തിയില്ലെന്നു ഞാൻ ആദ്യമേ പറഞ്ഞുകൊള്ളട്ടെ. അതിനുള്ള കാരണങ്ങൾ ഞാൻ അൽപ്പസമയംകൊണ്ടു് പറയാം. ശ്രീ. പ്രഭു ആവശ്യപ്പെട്ടതു് റിപ്പോർട്ട് സഭ സ്വീകരിക്കാതെ വീണ്ടും പ്രിവിലേജുകമ്മറിയുടെ പരിശോധനക്കു് അയയ്ക്കണമെന്നാണു്. പ്രിവിലേജ്കമ്മിറ്റി ഇക്കാര്യത്തെപ്പറ്റി പരിശോധിച്ചു് ഇതു് ഡ്രാപ്പുചെയ്യേണ്ടതാണെന്നു് ഏകകണ്ഠമായി തീരുമാനിച്ചിരിക്കെ, അതു തിരിച്ചയയ്ക്കേണ്ട യാതൊരാവശ്യവും ഞാൻ കാണുന്നില്ല. ഈ സഭയുടെ പ്രിവിലേജ് വളരെ പരിപാവനവും അത്യന്തവുമാണു്. കഴിഞ്ഞ ഏപ്രിൽ 13-ാംതീയതി മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗവേളയിൽ അദ്ദേഹത്തിന്റെ വിചാരഗതിക്കനുസരണമായി രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടി അദ്ദേഹം കമ്മ്യണിസ്റ്റ്പാർട്ടിയുടെ നേക്കു് ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. അതിനാധാരമായ ചില കാര്യങ്ങൾ ഒരു പുസ്തകത്തിൽനിന്നും അദ്ദേഹം ഇവിടെ വായിക്കുകയുമുണ്ടായി. ആ പുസ്തകം ശരിയല്ലെന്നും അങ്ങനെ ഒരു പബ്ലിക്കേഷൻ ഇല്ലെന്നും കമ്മ്യൂണിസ്റ്റ് പാർട്ടി മെംബറന്മാർ ഇവിടെ വാദിച്ചു. അയഥാർത്ഥമായ ഒരു രേഖ ഇവിടെ ഹാജരാക്കുകയാണെങ്കിൽ അതു സഭയുടെ പ്രിവിലേജിനെ ബാധിക്കുന്ന കാര്യമായി വരും. അങ്ങനെ ഒരു പബ്ലിക്കേഷൻ ഉണ്ടോഎന്നും അതാരെങ്കിലും വായിച്ചുതെന്നും പരിശോധിക്കണമെന്നുള്ളതായിരുന്നു കമ്മറിക്കു് കൊടുത്ത റഫറൻസ്. അതു് ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഡി. വിവേകാനന്ദൻ]

ടി. വി. തോമസിന്റെ കമ്യൂണിസ്റ്റ്പാർട്ടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രി വായിച്ച രേഖ ഇവിടെ സമർപ്പിച്ച പ്രിവിലേജ് കമ്മിറ്റിയുടെ മുമ്പിൽ ഒരു വിശദീകരണവും നൽകി. മുഖ്യമന്ത്രിയുടെ രേഖയും സ്റ്റേറ്റുമെൻറും കമ്മിറ്റി പരിശോധിക്കുകയും ഈ സഭയുടെ പ്രിവിലേജിനെ ലംഘിക്കുന്നതരത്തിൽ ഒരു പ്രസ്താവനയും മുഖ്യമന്ത്രി നടത്തിയിട്ടില്ലെന്ന് അസന്നിഗ്ദ്ധമായി അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. ആ കമ്മിറ്റിയിൽ ശ്രീ. കെ. സി. ജോർജ്ജും ഒരു മെമ്പറാണ്. അദ്ദേഹം ഒരു ഡിസൻറിംഗ്നോട്ട് എഴുതിയിട്ടുണ്ടെങ്കിലും കമ്മിറ്റിയുടെ വാദഗതിയോടുപൂർണ്ണമായും യോജിക്കുന്നതായി എഴുതിയിട്ടിരിക്കുന്നു. ഈ question ഡ്രാപ്പുചെയ്യണമെന്ന് പറഞ്ഞിട്ടുമുണ്ട്. അദ്ദേഹത്തിന്റെ ആക്ഷേപം, മുഖ്യമന്ത്രി പ്രസ്താവിച്ചതു് കമ്യൂണിസ്റ്റ്പാർട്ടി ഹാജരാക്കിയ പ്രമേയമല്ലെന്നാണ്. അങ്ങനെ ആക്ഷേപം ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിനും ശ്രീ. ടി. വി. തോമസിനും അതിനിടെ ഉന്നയിക്കാമായിരുന്നു. അതുപോലെതന്നെ മുഖ്യമന്ത്രി കമ്യൂണിസ്റ്റ്പാർട്ടിയുടെമേൽ ചെളിവാരി എറിയുകയാണെന്ന വാദം സമർത്ഥിക്കുന്നതിനുവേണ്ടി അദ്ദേഹത്തിനു് കമ്യൂണിസ്റ്റ്പാർട്ടി പാസാക്കിയ പ്രമേയം ഇവിടെ ഹാജരാക്കുകയും ചെയ്യാമായിരുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: തെളിവ് ആവശ്യപ്പെടാത്തതുകൊണ്ടു് കൊടുത്തില്ല.

ശ്രീ. ഡി. വിവേകാനന്ദൻ: സർ, ഇങ്ങനെ ഒരാരോപണം മുഖ്യമന്ത്രി ചെയ്തുവന്നിട്ടുള്ള അയഥാർത്ഥമാണെന്നു ബോദ്ധ്യമുണ്ടെങ്കിൽ, കമ്യൂണിസ്റ്റ് പാർട്ടിയെ ആക്ഷേപിക്കണമെന്നുള്ള ഒരുദ്ദേശത്തോടുകൂടിയാണ് ആരോപണം കൊണ്ടുവന്നതെങ്കിൽ, ശ്രീ. ടി. വി. തോമസിനു് ശരിയായ രേഖ ഹാജരാക്കി മുഖ്യമന്ത്രിയുടെ ആ ശ്രമത്തെ വിഫലപ്പെടുത്താമായിരുന്നു. അതു ചെയ്യാതെ ഇതു പ്രിവിലേജസ് കമ്മിറ്റിക്കു അയച്ചു, കമ്മിറ്റി ഏകകണ്ഠമായ തീരുമാനത്തിൽ എത്തിച്ചേർന്നിരിക്കുന്ന ഈയവസരത്തിൽ തെളിവുശേഖരണം പൂർത്തിയായിട്ടില്ലെന്ന കാരണത്താൽ വീണ്ടും കമ്മിറ്റിക്കു അയക്കണമെന്നു പറയുന്നതും ശരിയല്ല. മുഖ്യമന്ത്രി ഇവിടെ വായിച്ച രേഖയിൽ ആദ്യമായി പറയുന്നതു് ഇങ്ങനെയാണ്.

> "The immediate main objective set forth in the draft programme of the Communist Party of India are, the complete liquidation of feudalism the distribution of all land held by feudal owners among the peasants and agricultural workers and achievement of full national independence and freedom. These objectives cannot be realised by a peaceful parliamentary way. These objectives can be realised only through a revolution."

സർ, ഈ ഭാഗം Communist Conspiracy in Madura എന്ന പുസ്തകത്തിൽ ഉള്ളതാണ്. ആ പുസ്തകവും കമ്മിറ്റി പരിശോധിച്ചു. സർ, കമ്മ്യൂണിസ്റ്റുകാർ പറയേണ്ട കാര്യം ഇവിടെ മുഖ്യമന്ത്രി പറഞ്ഞുവെന്നല്ലാതെ, മാർക്സിസ്റ്റു സിദ്ധാന്തത്തിൽ വിശ്വസിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിക്ക് ഇതു ഒരുവിധത്തിലും ഉപക്ഷേപകരമാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഉൾപ്പെടുന്ന കേരളാ സോഷ്യലിസ്റ്റ് പാർട്ടി മാർക്സിസത്തെ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതുകൊണ്ടു തന്നെ കമ്മ്യൂണിസത്തിനേതിരായ സഖാവ് ടി. വി. തോമസ് ഈ കാര്യത്തിൽ ഇത്രമാത്രം അരിശംകൊണ്ടതിന്റെ കാരണം എനിക്കു മനസ്സിലാകുന്നില്ല. മുഖ്യമന്ത്രിയുടെ ആരോപണം വാസ്തവത്തിൽ ഒരു ദ്രഷണമായിട്ടുവേണം കരുതാൻ. മാർക്സിസത്തിന്റെ വിപ്ലവമാർഗ്ഗത്തിൽ വിശ്വാസമില്ലെന്നു തുറന്നു പറയാൻ സഖാവ് ടി. വി. സന്നദ്ധനാണോ? മാർക്സിസത്തിൽനിന്നും അകന്നുവരുന്ന ശ്രീ. ടി. വി. യുടെ പാർട്ടി ഇന്നതിനാണെന്നു പറയാനുള്ള ധൈര്യം. ആ പാർട്ടിയുടെ ഇന്നത്തെ നിലപാടു വ്യക്തമാക്കാനാണ് ഈ പ്രശ്നം പ്രിവിലേജസ് കമ്മിറ്റിക്കു അയച്ചുതന്നതുകൂടി ഓർമ്മിപ്പിക്കുന്നു.

സർ, അങ്ങ് പ്രതിപക്ഷനേതാവിന് ഈ സഭയിൽ ഒരു രേഖയായി 'മനയുഗം' വായിക്കാൻ അനുവാദം നൽകിയതായി ഓർക്കുന്നു. അതുപോലെ മുഖ്യമന്ത്രിക്കു അദ്ദേഹത്തിന്റെ വാദഗതിയെ വിശദമാക്കുന്നതിനോ, ഉറപ്പിക്കുന്നതിനോ ആവശ്യമായ രേഖകൾ ഈ നിയമസഭയിൽ ഹാജരാക്കാവുന്നതല്ലേ? അതു നിഷേധിക്കുന്നതിനും യഥാർത്ഥ കാര്യങ്ങൾ വെളിവാക്കുന്നതിനും ഹാജരാക്കി മുഖ്യമന്ത്രിയുടെ പ്രസ്താവന തെറ്റാണെന്നു സ്ഥാപിക്കുന്നതിനും ഇവിടെ ആർക്കും അവകാശമുള്ളതാണ്. സഖാവു ടി. വി. തോമസ് മുഖ്യമന്ത്രിയുടെ പ്രസ്താവനയെ നിഷേധിച്ചുതല്ലാതെ വെളിവാക്കുന്നതു തെറ്റാണെന്നു ഈ സഭയെ ബോദ്ധ്യപ്പെടുത്തിയിലെന്നുള്ളതാണ് എന്റെ പരാതി.

ശ്രീ. കെ. സി. ജോർജ്ജ് റിപ്പോർട്ടിൽ ഒരു ഡിസന്റിംഗ് നോട്ട് എഴുതി ചേർത്തിരിക്കുന്നു. ഞാൻ വ്യക്തിപരമായി വളരെയധികം ബഹുമാനിക്കുന്ന സഖാവു ജോർജിനോടുള്ള ആദരവിനു യാതൊരു കോട്ടവും കൂടാതെതന്നെ ഞാൻ തുറന്നു പറയുന്നു, ഇതൊരു ഡിസന്റിംഗ് നോട്ടേയല്ല എന്നു്. അതിന്റെ അവസാനഭാഗത്തു അദ്ദേഹം എഴുതിച്ചേർത്തിട്ടുള്ള കുറിപ്പു ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

"I have no objection in dropping the question, as per the decision of the majority, on the technical ground that the reference is limited in its scope."

അദ്ദേഹം കമ്മിറ്റിയുടെ തീരുമാനത്തെ അനുസരിക്കുകയാണ്. കൂടാതെ അദ്ദേഹം നിയമസഭയിലെ മറ്റു മെംബറന്മാർക്കു ഒരു ഉപദേശംകൂടി നൽകിക്കാണുന്നു.

"But I have to point out that no responsible member of the House should follow this example laid down by the Chief Minister in this case."

ഇതെന്തിനാണെന്നു എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. ശ്രീ. ജോർജ്ജാണെങ്കിൽ നല്ല പരിചയമുള്ള ഒരു പാർലമെന്റേറിയനാണ്. പാർലമെന്റിന്റെ ഉപദിസഭയിൽ അദ്ദേഹം മെംബറായിരുന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ പരിചയസമ്പത്തൊക്കെ വച്ചു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഡി. വിവേകാനന്ദൻ]

കൊണ്ട് ഇങ്ങനെ മറ്റുള്ള മെംബറന്മാരെ ഉപദേശിക്കാൻ സന്നദ്ധത എങ്ങനെയുണ്ടായി എന്നു മനസ്സിലാകുന്നില്ല. പ്രിവിലേജ് ലംഘിച്ചിട്ടില്ലെന്നു കമ്മിറ്റിക്കു ബോദ്ധ്യമുള്ള ഒരു മാപ്പ് മറ്റാരും സ്വീകരിക്കരുതെന്നു പറയുന്നതു ശരിയല്ല.

സർ, ഈ കാര്യത്തെപ്പറ്റിയുള്ള ചർച്ചക്കിടയിൽ എനിക്ക് ഒരു കഥയാണ് ഓർമ്മയിൽ വരുന്നതു്. മഹാഭാരതത്തിലെ പാഞ്ചാലിയുടെ വസ്ത്രാക്ഷേപകഥ. കമ്മ്യൂണിസ്റ്റുപാർട്ടിയാകുന്ന പാഞ്ചാലിയുടെ വസ്ത്രാക്ഷേപത്തിനു പനമ്പിള്ളിയാകുന്ന ദുശ്ശാസനൻ ഒരു ശ്രമം നടത്തി. പുരാണത്തിലെ പാഞ്ചാലിക്ക് ശ്രീകൃഷ്ണഭഗവാന്റെ കാരുണ്യംകൊണ്ട് ദുശ്ശാസനന്റെ ആക്രമണത്തെ അതിജീവിക്കാൻ കഴിഞ്ഞെങ്കിൽ ഇവിടെ ശ്രീ. ആലപ്പുഴ മെംബറുടെ പാർട്ടിയാകുന്ന പാഞ്ചാലിക്ക് മാർക്സിസമാകുന്ന ശ്രീകൃഷ്ണനോടുള്ള കുറില്ലായ്മകാരണം സ്വയം രക്ഷിക്കാൻ സാധിച്ചില്ലെന്നുള്ളതാണ് പരമാർത്ഥം.

സർ, ഞാൻ ഈ അമൻഡ്മെൻറിനെ എതിർക്കുന്നു.

ശ്രീ. ടി. വി. തോമസ് : ശ്രീ. മഞ്ജനാഥപ്രഭു അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. അനുകൂലിക്കുന്നതിനെന്നു പ്രേരിപ്പിച്ച കാരണങ്ങളെ സംബന്ധിച്ചു പറയുന്നതിനുമുൻപായി, സഖാവു വിവേകാനന്ദൻ ചെയ്ത പ്രസംഗത്തെപ്പറ്റി ഒന്നു സൂചിപ്പിച്ചില്ലെങ്കിൽ അതു പലതരത്തിലുള്ള തെറ്റിദ്ധാരണ ഉണ്ടാക്കുകയില്ലേ എന്നെനിക്കു സംശയമുണ്ട്. പണ്ടാരോ പാടിയിട്ടുണ്ട്, സ്നേഹിതന്മാരിൽനിന്നു രക്ഷപ്പെടണമെ എന്നു്. ഇങ്ങനെയുള്ള മാർക്സിസ്റ്റുപാർട്ടിയിൽനിന്നു ഞങ്ങളുടെ മാർക്സിസ്റ്റുപാർട്ടിയെ രക്ഷപ്പെടുത്തണമെ എന്നു പ്രാർത്ഥിക്കുവാനാണ് എനിക്കു ഇപ്പോൾ തോന്നിയതു്.

ശ്രീ. എ. താണുപിള്ള : രണ്ടു പാർട്ടികളിൽനിന്നും ലോകത്തെ രക്ഷപ്പെടുത്തുന്നതല്ലേ ഇതിനെക്കാൾ കൊള്ളാവുന്നതു്?

ശ്രീ. ടി. വി. തോമസ് : ശ്രീ. പട്ടം താണുപിള്ള അങ്ങനെ ആഗ്രഹിക്കുന്നതിൽ അർത്ഥമുണ്ടെന്നും കാരണമുണ്ടെന്നും എനിക്കറിയാം. അദ്ദേഹം അങ്ങനെ ആഗ്രഹിക്കുവാനുള്ള പരിതസ്ഥിതി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. താണുപിള്ള : അതൊന്നും ഇല്ല.

ശ്രീ. ടി. വി. തോമസ് : നോക്കാം.

ശ്രീ. എം. പി. മേനോൻ : ഇതൊരു പാർട്ടിപ്രശ്നമല്ലെന്നു സഖാവു രാഘവക്കുറുപ്പു പറഞ്ഞതിനോടു ബഹുമാനപ്പെട്ട മെംബർ യോജിക്കുന്നുണ്ടോ?

ശ്രീ. ടി. വി. തോമസ് : പിന്നെ എന്തുകൊണ്ടാണ് എന്റെ പാർട്ടി, എന്റെ പാർട്ടി എന്നു സഖാവു വിവേകാനന്ദൻ പറഞ്ഞതു്?

ഞാൻ ഭേദഗതിയെ അനുകൂലിച്ചു സംസാരിക്കുമ്പോൾ, അതിൽ അന്തർഭവിച്ചിരിക്കുന്ന പ്രശ്നങ്ങളുടെ മൂലാമാലകളെയും, നിയമത്തിന്റെ സാങ്കേതികതയെയും വലിച്ചിഴച്ചുകൊണ്ടുവരാതെ, ഈ പ്രശ്നത്തിന്റെ പ്രാധാന്യത്തെ പരിഗണിച്ചു നിഷ്പക്ഷമായ ഒരു തീരുമാനം ചെയ്യണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അതു ചെയ്യുന്നതു്. ഈ കമ്മിറ്റിയുടെ സംഘടന, അതിന്റെ പ്രവർത്തനം, അതു പ്രിവിഡൻസു ആക്റ്റ് അനുസരിച്ചു തെളിവു എടുത്തിട്ടുണ്ടോ ഇതൊന്നും ഞാൻ നോക്കുന്നില്ല. അതാണ് എനിക്കു സഖാവു വിവേകാനന്ദനോടു പറയുവാനുള്ളതു്. ഇങ്ങനെയുള്ള ഒരു പ്രസ്താവന ചീഫ് മിനിസ്റ്റർ ചെയ്യുമ്പോൾ അതു നിഷേധിക്കാമായിരുന്നില്ലേ, അതിന്റെ ശരിയായ പ്രമാണം ഹാജരാക്കാമായിരുന്നില്ലേ, എന്നു് സഖാവു വിവേകാനന്ദൻ ചോദിക്കുകയുണ്ടായി.

[Mr. Dy. Speaker in the Chair]

Shri T. T. DANIEL : May I know from the hon'ble Member whether he means that a document becomes a false document if it contains matters that are not true ?

ശ്രീ. ടി. വി. തോമസ് : സർ, ഞാൻ ഇതിന്റെ നൂലാമാലകളിലേക്കു പ്രവേശിക്കുന്നില്ല. മുഖ്യമന്ത്രി ഈ പ്രസ്താവന ചെയ്യുമ്പോൾ ആ നിമിഷത്തിൽതന്നെ, ഞാൻ അതു നിഷേധിച്ചിട്ടുള്ളതാണ്. അതു ഈ സഭയിലെ മറ്റംഗങ്ങളുടെ അറിവിനായി ഞാൻ വ്യക്തമാക്കുകയാണ്. ഒരു പാർട്ടിയുടെ രേഖ എന്നു പറഞ്ഞുകൊണ്ടു ഇവിടെ ഹാജരാക്കപ്പെട്ടതു പാർട്ടിയുടെ ഒരു ഏരിയാ പ്രസിദ്ധീകരണമാണ്, അതു അപ്പോൾതന്നെ നിഷേധിച്ചിട്ടുമുണ്ട്.

ശ്രീ. ഡി. വിവേകാനന്ദൻ : മധുരയിലെ കമ്മ്യൂണിസ്റ്റ് കോൺസ്റ്റിറ്റ്യൂഷൻ എന്നു പറഞ്ഞു, മുഖ്യമന്ത്രി ഒരു രേഖ ഹാജരാക്കുമ്പോൾ യഥാർത്ഥമായ രേഖ ഏതാണെന്നു ബഹുമാനപ്പെട്ട മെംബർക്കു തന്നെ ഇവിടെ ഹാജരാക്കാമായിരുന്നില്ലേ?

ശ്രീ. ടി. വി. തോമസ് : യഥാർത്ഥരേഖ ഇവിടെ ഹാജരാക്കണമെങ്കിൽ, അങ്ങനെ ചെയ്യുവാൻവേണ്ടി ആവശ്യപ്പെടണമെന്നാണു സാമാന്യ മര്യാദയനുസരിച്ചു് എനിക്കു പറയുവാനുള്ളതു്. സാമാന്യ മര്യാദ വിടണമെന്നു എനിക്കാഗ്രഹമില്ല. ഞാൻ അതിനെ നിഷേധിച്ചു. ഞാൻ പറഞ്ഞു അതു ശരിയല്ലെന്നു്. എന്നിട്ടും, ഞാൻ യഥാർത്ഥമായ രേഖ ഹാജരാക്കാത്തതു എന്റെ കുറവാണെന്നു പറഞ്ഞാൽ ഞാൻ അതു അംഗീകരിക്കാൻ പോകുന്നില്ല.

ഞാൻ ഈ പ്രശ്നത്തെ സമീപിക്കുന്നതു പ്രിവിലേജസു കമ്മിറ്റിയെ കുറപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല. ക്ഷമാപണത്തോടുകൂടിയാണു ഞാൻ സമീപിക്കുന്നതു്. അതുപോലെതന്നെ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെ കുറപ്പെടുത്താനും, ഒരു കുറവാളിയായി പ്രഖ്യാപിക്കുവാനും എനിക്കുദ്ദേശമില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ നിയമസഭാ ചരിത്രത്തിൽ, ആദ്യമായുണ്ടായ ഒരു സംഭവമാണിതു്. ഈ സഭയിലെ ഓരോ അംഗവും പരിപാവനമെന്നു കരുതപ്പെടുന്ന ചില സംഗതികളുണ്ടു്. അതിനു ഒരു ലംഘനമുണ്ടായി എന്ന ഒരു പരാതി വന്നപ്പോൾ വാസ്തവത്തിൽ അങ്ങനെ ഉണ്ടായോ, ഇല്ലയോ എന്നു ഒരു ചർച്ചചെയ്യുകയും മേലാൽ ഒരു നല്ല കീഴ്വഴക്കം സൃഷ്ടിക്കുകയും ചെയ്യണമെന്നുള്ളതാണു ഉദ്ദേശം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, ഒരു പായിന്റ് ഓഫ് ഓർഡർ. നിയമസഭയിൽ ഇരുന്നുകൊണ്ടു ന്യൂസ്പേപ്പർ വായിക്കുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ശരിയല്ല.

ശ്രീ. ടി. വി. തോമസ് : ഏത്ര ഗൗരവമുള്ള ഒരു പ്രശ്നമാണ് ഇപ്പോൾ ചർച്ചചെയ്യുന്നത് 'ഓന്തിനിടയിൽ പട്ട കച്ചവടം' എന്നൊരു ചൊല്ലുണ്ട്. വളരെ ഗൗരവമുള്ള ഒരു പ്രശ്നം അതേ ഗൗരവ ബോധത്തോടുകൂടി ചർച്ചചെയ്യാനുള്ള ഒരു മനോഭാവംപോലും.....

ശ്രീ. എം. എം. മണിയേയി : ബഹുമാനപ്പെട്ട മെംബറുടെ പാർട്ടിയിൽപെട്ട ആളുകൾതന്നെ വളരെ നിസ്സാരമായി പത്രം വായിച്ചു രസിക്കുന്നതുകൊണ്ടാണ് ഈ ചോദ്യം ചോദിച്ചത്.

ശ്രീ. ടി. വി. തോമസ് : സർ, ഞാൻ ഈ പ്രശ്നം വീണ്ടും ഒരു നല്ല കീഴ്വഴക്കം സൃഷ്ടിക്കാൻ വേണ്ടിയാണ് ഈ സഭയുടെ മുൻപിൽ അവതരിപ്പിക്കുന്നത്. ഈ റിപ്പോർട്ട് ഇതേപടി അംഗീകരിച്ചാൽ വരാവുന്ന ഭവിഷ്യത്തുകളെപ്പറ്റി അറിവുള്ളവരിരിക്കുന്ന ആളുകളും ആലോചിച്ചുനോക്കണം. ഞാൻ നാളെ എഴുന്നേറ്റുനിന്നുകൊണ്ട് ഇതു ആവഡികാങ്ഗ്രസ് സമ്മേളനത്തിൽ പാസാക്കിയ ഒരു റസലൂഷനാണെന്നു പറഞ്ഞു, അങ്ങനെ ല്ലാത്തതെന്നു വായിച്ചാൽ എന്താണു ചെയ്യുക? അങ്ങനെയെല്ലാടി കളിപ്പിക്കത്തക്കവണ്ണം ഒരു പ്രസ്താവന ചെയ്യുകൊണ്ടു ഞാൻ അതു വായിക്കുകയാണ്. ഈ റിപ്പോർട്ടിൽ യാതൊരു ഭേദഗതിയും കൂടാതെ അംഗീകരിക്കാൻ എല്ലാവരും സമ്മതിച്ചാൽ, ഈ സഭയുടെ നടത്തിപ്പുതന്നെ പൂർത്തിയാകും അലങ്കോലമായിരിക്കുമെന്നതു നമുക്കു ആലോചിക്കാതെതന്നെ ഊഹിക്കാവുന്നതാണ്. അതുപോലെ, നാളെ ബാംഗ്ളൂർ നാഷണൽ പി എസ്. പി. എക്സിക്യൂട്ടീവു പാസാക്കിയ റസലൂഷനാണ് എന്നു, പ്രതിപക്ഷനേതാവെന്ന പ്രത്യേക അവകാശത്തെ വച്ചുകൊണ്ടു, വായിച്ചാൽ അതിന്റെ വിധി എന്തായിരിക്കും? അതുപോലെ, എന്റെ മാന്യ ആർ. എസ്. പി. സ്നേഹിതന്മാർ എറണാകുളത്തു സ്വതന്ത്രകേരള മീറ്റിംഗിൽവച്ചു പാസാക്കിയ ഒരു റസലൂഷനാണെന്നു, അതിനോടു ബന്ധമില്ലാത്ത ഒരു റസലൂഷൻ വായിച്ചാൽ അതു ശരിയായിരിക്കുമോ? ഇങ്ങനെ എല്ലാവക്കും സഹകര്യം കൊടുത്താൽ സ്ഥിതി എന്തായിരിക്കും? അല്ലാതെ മുഖ്യമന്ത്രിയെ കുറ്റപ്പെടുത്താനോ അദ്ദേഹത്തെ കുറ്റവാളിയാക്കാനോ എനിക്കുദ്ദേശമില്ല. നമുക്കു നമ്മുടെ നിയമസഭാ പ്രവർത്തനത്തിൽ ന്യായമായ ഒരു കീഴ്വഴക്കം ഉണ്ടാക്കാൻ ഇനിയെങ്കിലും സാധിക്കുമോ എന്നു നോക്കേണ്ടതായിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി ഒരു സ്റ്റാൻഡർ മുഖ്യമന്ത്രി പറഞ്ഞതുകൊണ്ടു ഒരു കുഴപ്പവും ഉണ്ടാകാൻ പോകുന്നില്ല. ഒരു ലോക പാർട്ടിയായ, ലോകരാഷ്ട്രങ്ങളിൽ അറിയപ്പെടുന്ന ഒരു പാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ചാലക്കുടിക്കാരനായ ഒരു ഗോവിന്ദമേനോൻ അവഹേളിച്ചതുകൊണ്ടു ഒരു ദോഷവും വരാൻ പോകുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : മധുരയിൽവച്ചു പാസാക്കിയ വസ്തുവത്തിൽ ഇന്നയിന്ന് ആയിട്ടുള്ള റസലൂഷൻ ബഹുമാനപ്പെട്ട മെംബറിന്റെ കൈവശമുണ്ടോ?

ശ്രീ. ടി. വി. തോമസ് : പരിശോധിക്കേണ്ടതാണ്. വേണമെങ്കിൽ ഹാജരാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ചെറിയാൻ : ബഹുമാനപ്പെട്ട മെംബർ പറയുന്നതു ഉത്തമബോദ്ധ്യത്തോടുകൂടിയാണെങ്കിൽ നാളെത്തന്നെ ആ രേഖ ഈ സഭയുടെ മുൻപാകെ ഹാജരാക്കാമോ?

ശ്രീ. ടി. വി. തോമസ് : ഒരു മണിക്കൂറിനകം വയ്ക്കാം. പരിശ്രമിച്ചിട്ടു കാര്യമില്ല.

കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സ്റ്റാൻഡറ്റിനെപ്പറ്റി മുഖ്യമന്ത്രി പറഞ്ഞു. കമ്മ്യൂണിസ്റ്റുപാർട്ടി, സ്റ്റാൻഡർ പരത്തുന്നതിനെപ്പറ്റി അല്ലേഹം കേമമായിട്ടു പറഞ്ഞു. ഞങ്ങളുടെ സ്റ്റാൻഡർ പരത്തുന്നതുകൊണ്ടുമാത്രമെ മുഖ്യമന്ത്രിക്കു ഭരിക്കാൻ ഒക്കുകയുള്ളു എന്നാണെങ്കിൽ അല്ലേഹത്തിനു് അതു ചെയ്യാതെ സംധിക്കുകയില്ലല്ലോ. പനമ്പിള്ളി ഗോവിന്ദമേനോൻ കമ്മ്യൂണിസ്റ്റുപാർട്ടിയെപ്പറ്റി സ്റ്റാൻഡർ പറഞ്ഞതുകൊണ്ടു ഞങ്ങൾക്കു യാതൊരു വിഷമവുമില്ല. പക്ഷെ, ഈ സംപ്രദായത്തിലുള്ള അടവുനമ്മുടെ സ്റ്റേറ്റിലെ ചീഫ് മിനിസ്റ്റർ ഉപയോഗിക്കുന്നതു ശരിയാണോ എന്നാണു് ഈ സഭ ആലോചിക്കാനുള്ളതു്. എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഞങ്ങൾ തമ്മിലുണ്ടായിരുന്നാലുംശരി, ഞങ്ങളുടെ നാടിനെസംബന്ധിച്ചും, മന്ത്രിസഭയെസംബന്ധിച്ചും അഭിമാനംകൊള്ളാൻ ഈ നാടിനുവെളിയിൽപോകുമ്പോൾ ഞങ്ങൾക്കും ആവേശമുണ്ടു്. ഞങ്ങളുടെ മുഖ്യമന്ത്രി അല്പലാഭത്തിനുവേണ്ടിപ്പോലും എന്തും പറയാൻ മടിയില്ലാത്ത, ഇൻറലക്ചൽ ഡിസ്സാണസ്റ്റിയ്ക്കു് (intellectual dishonesty) വിധേയമാകുന്ന ആളാണു എന്നു പറയുന്നതു ഞങ്ങൾക്കും കുറച്ചിലാണു്. എത്രയോ സ്റ്റാൻഡറുകൾ, എത്രയോ ദീക്ഷണികൾ, എത്രയോ അക്രമങ്ങൾ ഇക്കഴിഞ്ഞ രണ്ടു വർഷക്കാലമായി നേരിട്ടു് വിജയിച്ചിരിക്കുന്ന ഒരു പാർട്ടിയെപ്പറ്റി ആരെങ്കിലും സ്റ്റാൻഡർ പറഞ്ഞാൽ അതിൽ വിഷമിക്കുന്ന കൂട്ടത്തിലല്ല ഞങ്ങൾ.

സർ, എന്താണു് അല്ലേഹം ഇവിടെ പറഞ്ഞതു്? അതേ സംബന്ധിച്ചു അഭിപ്രായവ്യത്യാസമുണ്ടു്. കമ്മ്യൂണിസ്റ്റുപാർട്ടി, ഒരു കൊല്ലം മുൻപു മധുരയിൽവച്ചുകൂടിയ ഒരു കാൺഫറൻസിൽവച്ചു ഒരു റസലൂഷൻ പാസാക്കിയതിനെ സംബന്ധിച്ചുള്ള രേഖയാണു അല്ലേഹം വായിച്ചതു്. അതു വായിക്കുന്ന സന്ദർഭത്തിൽ അതിൻറെ പ്രിൻറുടെയും പബ്ലിഷറുടെയും പേരു പറയണമെന്നു ആവശ്യപ്പെട്ടതു, അതു ഒരു ആതൻറിക് പബ്ലിക്കേഷൻ ആണോ എന്നു അറിയൻവേണ്ടിയാണു്. ആ ചോദ്യത്തിനു് മേശപ്പുറത്തു വച്ചിട്ടുണ്ടു്, നോക്കിയാൽ അറിയാം എന്നാണു മുഖ്യമന്ത്രി പറഞ്ഞ മറുപടി. സർ, ഇതു വ്യക്തമായ ഒരു കളവല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഇംപ്ലൈഡായിട്ടുള്ള ഒരു കളവല്ലേ ഇതു്? ഇതിനു മറുപടിയായി സ്പീക്കർ പറഞ്ഞതു് അതു് ഒരു പബ്ലിക്കേഷനാണു്. അതു സെക്രട്ടറിയുടെ മേശപ്പുറത്തു വച്ചിരിക്കും. ആക്കാര്യമെങ്കിലും, ആരുടെ പബ്ലിക്കേഷനാണെന്നുള്ളതും നല്ലതുപോലെ നോക്കി മനസ്സിലാക്കാം; എന്നാണു്. ഇങ്ങനെ പറഞ്ഞാൽ പ്രിൻറും പബ്ലിഷറും ഉള്ള, ആതൻറിക്കായിട്ടുള്ള ഒരു പബ്ലിക്കേഷനാണു് താൻ വായിക്കുന്നതെന്നു ലോകത്തെ തെറ്റിദ്ധരിപ്പിക്കുവാൻ സാധിക്കുമല്ലോ. പ്രിൻറും പബ്ലിഷറുമുള്ള ഒരു ആതൻറിക് ഡാക്യുമെൻറാണു താൻ വായിക്കുന്നതെന്നു ഈ സഭയ്ക്കും സഭയ്ക്കു പുറത്തുള്ളവർക്കും തോന്നണം. "ജനയുഗം" ആണെന്നു പറഞ്ഞു അതിൽനിന്നു ഞാൻ എന്തെങ്കിലും വായിക്കുകയാണെന്നിരിക്കട്ടെ. അതു ഒരു ആതൻറിക് ഡാക്യുമെൻറാണെന്നുള്ളതിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്]

സംശയമുണ്ടോ? അതുപോലെ താൻ ഉപയോഗിച്ച രേഖയിൽ പ്രിൻറുടെയും, പബ്ലിഷറുടെയും പേരുണ്ടെന്ന തെറ്റിദ്ധാരണ തോന്നത്തക്കവണ്ണം മുഖ്യമന്ത്രി ഒരു പ്രസ്താവനചെയ്തു വായിച്ചതു ശരിയാണോ എന്നു നിങ്ങൾതന്നെ കൈവച്ചു തൊക്കണം. ഞാനോ, ശ്രീ. വിവേകാനന്ദനോ, ശ്രീ. പട്ടം താണുപിള്ളയോ കോൺഗ്രസ് പാർട്ടിയെപ്പറ്റി ഇങ്ങനെയുള്ള ഉദ്ധരണികൾ ഇവിടെവച്ചു വായിക്കുവാൻ തുടങ്ങിയാൽ നമ്മുടെ പാർലമെൻറിറി ഡമോക്രസിയുടെ ഭാവി എന്തായിരിക്കുമെന്നു ആലോചിക്കേണ്ടതാണ്. കമ്മിറ്റിയുടെ നടപടികളെപ്പറ്റിയോ സാങ്കേതിക വിഷമങ്ങളെപ്പറ്റിയോ ഒന്നും ഞാൻ സൂചിപ്പിക്കുന്നില്ല. ശ്രീ. കെ. സി. ജോർജിൻറെ ഡിസൻറിംഗ് മിനിട്ടിനെപ്പറ്റിയും ഞാൻ ഒന്നും പറയുന്നില്ല. അതൊന്നും എൻറെ വാദത്തിനു പ്രസക്തമല്ലാത്തതുകൊണ്ടു അതിനെപ്പറ്റി ഞാൻ പറയുന്നില്ലെന്നേയുള്ളൂ. ഒരുപക്ഷേ സഖാവു കെ. സി. ജോർജ് ഡിസൻറിംഗ് മിനിട്ട് എഴുതാൻ പാടില്ലാത്തതായിരിക്കാം. ഡിസൻറിംഗ് മിനിട്ട എന്ന പേർപോലും അതർഹിക്കുന്നില്ലായിരിക്കാം. അതെല്ലാം വേറെ കാര്യം.

ഇവിടെ ആലോചിക്കാനുള്ളതു, ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഉപയോഗിച്ച അടവു നമ്മുടെ പാർലമെൻറിറി പ്രവർത്തനത്തിൽ അനുവദിക്കാമോ എന്നുള്ളതാണ്. ഇതുപോലെയുള്ള അടവു് സ്വീകരിക്കുവാൻ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെ അനുവദിക്കാമോ? ഈ മാതിരി അൺ ആതൻറിക് ഉദ്ധരണികൾ നിയമസഭയിൽ പ്രയോഗിക്കാമോ? ഈ മൂന്നു പ്രശ്നങ്ങളെപ്പറ്റി ഈ സഭയിലെ അംഗങ്ങൾ നിഷ്പക്ഷമായ മനസ്ഥിതിയോടുകൂടി ചിന്തിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അല്ലാതെ ഞാൻ ഇരിൻറെ സാങ്കേതിക വശങ്ങളിലേക്കു പ്രവേശിക്കുന്നില്ല.

SHRI T. T. DANIEL : Is not a false document defined in the Indian Penal Code and is it not proper for us to look at it from that point of view ?

ശ്രീ. ടി. വി. തോമസ് : ഞാൻ ഇതുപോലെയുള്ള നൂലാമാലകളിലേക്കു പ്രവേശിക്കുന്നില്ലെന്നു പറഞ്ഞുകഴിഞ്ഞു.

സർ, അങ്ങയുടെ റഫറൻസ് എന്താണെന്നു നോക്കാം. എൻറെ പരാതി, ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഫാൾസിഫൈഡ് ആൻഡ് ഫാബ്രിക്കേറ്റഡ് ഡാക്കുമെൻറ് ഇവിടെ വായിച്ചുവെന്നാണ്. അതിനെപ്പറ്റി ഒരു റഫറൻസു ഇവിടെ ഉണ്ടായി. അങ്ങു ഈ ഡാക്കുമെൻറ കൊണ്ടുവന്നതിനുശേഷം, അതു പരിശോധിച്ചുനോക്കി, അങ്ങയ്ക്കും കൂടിച്ചേർന്നിരിക്കുന്നു എന്നു തോന്നി. അതുകൊണ്ടു സാങ്കേതിക വിഷമങ്ങളിൽനിന്നും രക്ഷപ്പെടുവാൻവേണ്ടി അങ്ങു മനഃപൂർവമായിട്ടാണ് ഇതുപോലെ ഒരു റഫറൻസ് കൊടുത്തതു്. പ്രിൻററുടെയും, പബ്ലിഷറുടെയും പേർ ഉണ്ടെന്നു പറഞ്ഞിട്ടു്, ഡാക്കുമെൻറ കൊണ്ടുവന്നതിനുശേഷം, അതിൽ പ്രിൻററുടെയും പബ്ലിഷറുടെയും പേർ ഇല്ലെന്നു കണ്ടെത്തിയപ്പോൾ അങ്ങു ക്ഷുഭിതനായി. ധാർമ്മികമായ ക്ഷോഭംമൂലം അതി

LIBRARY ARCHIVES Kerala Legislative Assembly

നെപ്പറ്റി ആലോചിക്കുവാൻ പ്രിവിലേജസ് കമ്മിറ്റിയിലേക്കു അങ്ങു ഒരു റഫറൻസു നടത്തി. സാങ്കേതികകാര്യങ്ങൾകൊണ്ടു ഇക്കാര്യത്തിൽ നിന്നു രക്ഷപ്പെടണമെന്നുള്ള ഒരു ചിന്താഗതി ഇതിന്റെ പിന്നിലില്ലെ എന്നും ന്യായമായി സംശയിക്കാം. ഇതു ഒരു "ഫാർസിഫൈഡ്" ആൻഡ് ഫാബ്രിക്കേറ്റഡ്" ഡാക്കുമെന്റ് ആണോ എന്നു നോക്കണമെന്നല്ല ജനയിൻ ആണോ എന്നു നോക്കണമെന്നാണു അങ്ങു ആവശ്യപ്പെട്ടതു്. ജനയിൻ ആണോ എന്ന സങ്കുചിതമായ പരിധിയിൽമാത്രം ഇതു നിറുത്തരുതായിരുന്നു. ഇതിനെപ്പറ്റി സമഗ്രമായി കമ്മിറ്റി ആലോചിക്കേണ്ടതായിരുന്നു.

SHRI T. S. RAMASWAMI : Sir, I rise to a point of order. You have moved a motion before the House which is now under discussion and under democratic procedure, is it proper for the mover of the motion to preside ?

MR. DEPUTY SPEAKER : In the Lok Sabha, when amendments to certain resolutions given notice of by a member of the panel of Chairmen, come up for discussion, that Chairman who moved the amendments sometimes happen to be in the Chair. On that precedent, there is nothing wrong in my occupying the Chair, especially when the Chair has no vote. I do not take part in the voting and therefore there is nothing wrong in my presiding over the discussions.

ശ്രീ. ടി. വി. തോമസ് : ഇവിടെ നടന്ന സംഭവമെന്താണു? ചീഫ് മിനിസ്റ്റർ ആ പ്രസ്താവനചെയ്യുമ്പോൾ നമ്മുടെ എല്ലാവരുടേയും ഹൃദയത്തിൽ കടന്നുകൂടിയ ഒരു വിശ്വാസം എന്തായിരുന്നു? കമ്മ്യൂണിസ്റ്റ് പാർട്ടി മധുര കാൺഫറൻസിൽ പാസാക്കിയ റസലൂഷൻ, അതിന്റെ ഔദ്യോഗിക കാപ്പി അല്ലേഹം ഉപയോഗിക്കുകയാണെന്ന ഒരു ധാരണയാണു നമുക്കുണ്ടായതു്. നമ്മിൽ ആ ധാരണ കടത്തിവിടുവാനുള്ള ശരിയായ ഡാക്കുമെന്റാണോ അല്ലേഹം കൈകാര്യം ചെയ്തതു്? ഒരു സ്റ്റേറ്റിലെ ചീഫ്മിനിസ്റ്റർ ഒരു കണികപോലും അസത്യം കാണിച്ചാൽ നമുക്കു ദുഃഖിക്കേണ്ടതല്ലേ? നമ്മുടെ ചീഫ് മിനിസ്റ്റരും സത്യവും തമ്മിൽ തമിഴനാടു ഡിക്ടേറ്ററായ ശ്രീ. കണ്ണൻനാടാരും തമിഴും തമ്മിലുള്ള ബന്ധംപോലും വേണ്ടേ? ഏതെങ്കിലും സ്റ്റാൻഡർകൊണ്ടു വീണുപോകുന്ന ഒരു പാർട്ടിയല്ല കമ്മ്യൂണിസ്റ്റ്പാർട്ടി. കമ്മ്യൂണിസ്റ്റ്പാർട്ടിയെ രക്ഷിക്കൻവേണ്ടി ആരും ഈ പ്രമേയത്തെ അനുകൂലിക്കണമെന്നു് എനിക്കു് അഭ്യർത്ഥനയില്ല. നമ്മളോടും, ഈ സഭയോടും, നമ്മുടെ ചീഫ്മിനിസ്റ്ററോടും നീതികാണിക്കാൻവേണ്ടി നിങ്ങൾ ഈ റിപ്പോർട്ടിനെപ്പറ്റി ആലോചിക്കണം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഇവിടെ ഹാജരാക്കിയ രേഖ ശരിയായ രേഖ അല്ലെന്നു തെളിഞ്ഞോ? മറുപടിപറയാൻ വന്നില്ലല്ലോ.

ശ്രീ. ടി. വി. തോമസ് : അതിന്റെ ഒറിജിനൽ ഡാക്കുമെന്റ് എപ്പോൾ വേണമെങ്കിലും ഹാജരാക്കാം. മധുര കമ്മ്യൂണിസ്റ്റ്പാർട്ടി കാൺഫറൻസു ഇതുപോലെയുള്ള ഒരു റസലൂഷൻ അംഗീകരിച്ചിട്ടില്ലെന്നു എനിക്കു ഔദ്യോഗികമായി പറയാൻകഴിയും. ഒരിക്കലും അക്രമപ്രസ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്]

ക്ഷമായ ഒരു റസലൂഷൻ അവിടെ പാസാക്കിയിട്ടില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി അക്രമത്തിൽ വിശ്വസിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ഭരണകക്ഷികളുടേയും, മറ്റുള്ള പ്രബല കക്ഷികളുടെയും എതിർപ്പുമൂലം ഒരു കാലം കമ്മ്യൂണിസ്റ്റുപാർട്ടി കൂപ്പയിൽ കിടന്നിരുന്നു. അങ്ങനെ ഒരു കാലമുണ്ടായിരുന്നു. എന്നാൽ അന്നും ജനങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഉപേക്ഷിച്ചിട്ടില്ല എന്നുള്ള വസ്തുത അക്കാലത്തെ തെരഞ്ഞെടുപ്പുകളിൽനിന്നും മനസ്സിലാക്കാം. കമ്മ്യൂണിസ്റ്റുപാർട്ടി അംഗീകരിച്ചിട്ടുള്ള പരിപാടികൾ തുറന്നുപറയാൻ പാർട്ടിക്കു മടിയില്ല. എന്നാൽ ഇന്ന് അതല്ല. അഡൽട്ട് ഫ്രാഞ്ചയിസിന്റെ കാലമാണ് ഇതു്. Judicial independence ന്റെ കാലമാണ്. പാർലമെന്റ് ഡെമോക്രസി സംബന്ധിച്ചു് ഉത്ഭവിക്കുന്ന പരിപാടികൾ അനുവദിച്ചുതന്നിരിക്കുന്ന കാലമാണ്. അങ്ങനെ ഇരിക്കെ തുറന്ന ഹൃദയത്തോടുകൂടി ആ പരിപാടികൾ ഒന്നു് പരീക്ഷിച്ചുനോക്കാം എന്നു വിചാരിച്ചുവന്നിരിക്കുന്ന ഞങ്ങളുടെ മുമ്പിൽ, ഇതുപോലെ ഉള്ള വഞ്ചന, ഡെമോക്രസിയിലുള്ള അവിശ്വാസം നിങ്ങൾ കാണിക്കുന്നതു് ഒട്ടും ശരിയല്ല. അതിനു് മറ്റുള്ളവർ കൂട്ടുനിൽക്കുന്നതും ശരിയല്ല. ഇതു് വഞ്ചനാത്മകമായ ഒരു പ്രവൃത്തിയാണ് സർ, സർ, ചീട്ടുകളി നടന്നുകൊണ്ടിരിക്കുന്ന മദ്ധ്യേ ഒരാളുടെ അടുക്കൽ ചീട്ടു കുത്താൻ കൊടുത്താൽ അതിൽ ഒരു ചീട്ടു് എടുത്തു് ആരും കാണാതെ ഒളിച്ചു് കക്ഷത്തു വയ്ക്കുന്നതു എന്തു നടപടിയാണ് സർ, അതുപോലുള്ള നടപടിയാണ് മുഖ്യമന്ത്രി ഇവിടെ എടുത്തിട്ടുള്ളതു്. എന്റെ നാട്ടിലെ മുഖ്യമന്ത്രി, ഈ സഭയിലെ സഭാനാഥൻ ഇതുപോലുള്ള ചെറ്റത്തരം കാണിച്ചതു് എന്നെ അത്യധികം ദുഃഖിപ്പിക്കുകയാണ് ചെയ്തതു്. അതുകൊണ്ടു് ഈ റിപ്പോർട്ടു് അംഗീകരിക്കാൻ ഇടകൊടുക്കരുതു് എന്നുള്ള മനഃപൂർവ്വം ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഇത്രയും പറയാൻ ഇടയായതു്. ഇവിടത്തെ പാർലമെന്ററിലെ ഡെമോക്രസിക്കു് ഈ നടപടി സാരമായ ദോഷമാണ് ചെയ്യുന്നതു്.

ശ്രീ. കെ. കരുണാകരൻ: സർ, ചെറ്റത്തരം എന്നാൽ അർത്ഥമെന്താണ്? ആ പ്രയോഗം പാർലമെന്ററിയാണോ? ആ പ്രയോഗം ഈ സഭയുടെ അന്തസ്സിനു് യോജിച്ചതാണോ?

ശ്രീ. ടി. വി. തോമസ്: കള്ളത്തരത്തേക്കാൾ ഒരു ഡിഗ്രി കുറഞ്ഞതാണ് ചെറ്റത്തരം. അതാണ് ചെറ്റത്തരമെന്നു് പറഞ്ഞിട്ടുള്ളതു്.

[Mr. Speaker in the Chair.]

മി. സ്പീക്കർ: ഈ സഭയുടെ അന്തസ്സ് എന്നു പറയുന്നതു് സഭയിൽ വരുന്ന മെമ്പറന്മാരുടെ അന്തസ്സാണ്. ഇവിടെ ഉപയോഗിക്കുന്ന വാക്കുകൾ ഒക്കെ പാർലമെന്ററിയായിട്ടുതന്നെ പരിഗണിക്കേണ്ടതുകൊണ്ടു് ഈ വാക്കിനെപ്പറ്റി പ്രത്യേകം ഒന്നും പറയേണ്ട കാര്യം ഇല്ല. ഇവിടെ പലതരത്തിലുള്ള പദപ്രയോഗങ്ങളും നടന്നുവരുന്നുണ്ട്. അതുപോലെ പ്രയോഗിക്കാതിരിക്കണമെങ്കിൽ എല്ലാ കക്ഷികളും പരസ്പരം യോജിച്ചുകൊണ്ടു് ഇങ്ങനെയുള്ള വാക്കുകൾ ഉപയോഗിക്കണം. ഇതു് ഉപയോഗിച്ചുകൂടാ എന്നുള്ള ഒരു തീരുമാനം എടുക്കുന്നതുവരെ ഇങ്ങനെ ഉള്ള നടപടികൾ അംഗീകരിക്കാതെ നിവർത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ബാലൻ : സർ, ചൊറഞ്ഞരം എന്ന വാക്കിന്റെ അർത്ഥം എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. വി. തോമസ് : അതിന്റെ അർത്ഥം ഞാൻ പറഞ്ഞു തരാം. വെറും നിസ്സാരമായ കള്ളത്തരം, എന്നാണ് അർത്ഥം.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ് ചെയ്യുന്നത്. അതോടൊടുകൂടി പ്രിവിലേജ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അതേപടി അംഗീകരിക്കണമെന്നും അഭിപ്രായപ്പെടുന്നു. സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ കാര്യത്തെപ്പറ്റി ഇവിടെ സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ വർത്തമാനത്തിന്റെ ആദ്യഭാഗത്തു് സൂചിപ്പിച്ചതു്, നിയമത്തിന്റെ നൂലാമാലയിൽ പ്രവേശിക്കാതെ ഇതേപ്പറ്റി ചില കാര്യങ്ങൾ പറയണമെന്നാണ്. എന്നാൽ അതു സംബന്ധിച്ചു് പിന്നീടു് അദ്ദേഹം ഉപയോഗിച്ച ചില പദപ്രയോഗങ്ങളും ഈ സഭയുടെ അന്തസ്സിനെത്തന്നെയും സാരമായി ബാധിക്കുകയില്ലെ എന്നാണ് ഞാൻ സംശയിക്കുന്നതു്. അതായതു് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയ്ക്കു തടസ്സമായി ഒരു ചാലക്കുടിക്കാരൻ ഇവിടെ വന്നിരിക്കുന്നു എന്നും മറ്റും ഉള്ള പദപ്രയോഗങ്ങളാണ് അദ്ദേഹം നടത്തിയിട്ടുള്ളതു്. അതിനിടയിൽത്തന്നെ പറയുന്നുണ്ടു് മുഖ്യമന്ത്രിയോടു് ഞങ്ങൾക്കു് ബഹുമാനമാണുള്ളതു്, വിരോധം ഒന്നും ഇല്ല എന്നൊക്കെ. ഇങ്ങനെ സഭയുടെയും അദ്ദേഹത്തിന്റെ തന്നെയും അന്തസ്സിനെ ചോദ്യംചെയ്യുന്ന മാതിരിയാണ് പ്രസംഗം ചെയ്തതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ചാലക്കുടിക്കാരൻ എന്നു പറഞ്ഞാൽ ആക്ഷേപസൂചകമായി അതിൽ എന്താണ് ഉള്ളതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ചാലക്കുടിക്കാരൻ എന്നു് നിസ്സാരമായി പറയുന്നതിൽത്തന്നെ ആക്ഷേപത്തിന്റെ ധ്വനി അടങ്ങിയിട്ടുണ്ടു്. അങ്ങനെ ആക്ഷേപത്തിന്റെ സകല സ്വഭാവങ്ങളും ഉൾക്കൊള്ളുന്ന ധ്വനിയോടുകൂടി പ്രയോഗിക്കുന്ന പദമാണു് ചാലക്കുടിക്കാരൻ എന്നു് നിസ്സാരമായി പറയുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : എന്നെ കൂത്താട്ടുകുളത്തുകാരനെന്നോ അല്ലെങ്കിൽ മീനച്ചൽക്കാരനെന്നോ വിളിക്കുന്നതിൽ വലിയ ആക്ഷേപമുണ്ടെന്നു് തോന്നുന്നില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ : ബഹുമാനപ്പെട്ട മെമ്പറിനു് അങ്ങനെ തോന്നുന്നില്ലായിരിക്കാം. അതിൽ ഞാൻ അതിശയിക്കുന്നുമില്ല. സർ, ഇവിടത്തെ പ്രിവിലേജ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിരിക്കുന്നതു വളരെ പരിമിതമായ ഒരു കാര്യമാണു്. മധുരയിൽവച്ചു കൂടിയ കമ്മ്യൂണിസ്റ്റ് കോൺഫറൻസിൽ എടുത്ത തീരുമാനം ഇവിടത്തെ ജനങ്ങൾക്കു് വിശ്വസിക്കാൻ യോഗ്യതയുണ്ടോ അല്ലെങ്കിൽ ആ തീരുമാനം സംബന്ധിച്ചു് ഈ സഭയിൽ സംസാരിക്കുന്നതുകൊണ്ടു് തെറ്റിദ്ധാരണ ഉണ്ടാക്കാൻ ഇടയുണ്ടോ ഇതൊക്കെ നോക്കാൻ കമ്മിറ്റിക്കു് സാധിച്ചിട്ടില്ല. അവയെപ്പറ്റി ഒന്നും നോക്കേണ്ട ആവശ്യംതന്നെ കമ്മിറ്റിക്കു് ഇല്ലാത്തതാണു്. ഞാൻ പറയുന്നതു ഇപ്രകാരമുള്ള കാര്യങ്ങളെപ്പറ്റി ഒരു പ്രിവിലേജ് പ്രശ്നം ഇവിടെ ഉണ്ടായതു് ഈ സഭയിൽ മുഖ്യന്ത്രി

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

ഹാജരാക്കിയ പ്രസിദ്ധീകരണം ഉത്തമ വിശ്വാസത്തോടുകൂടി നടത്തിയിട്ടുള്ളതല്ല എന്നുള്ളതിനെ സംബന്ധിച്ചാണ്. എന്നാൽ ചീഫ് മന്ത്രി സഭയിൽ വായിച്ച ഡാക്യുമെൻറ് ഉത്തമ വിശ്വാസത്തോടുകൂടിയുള്ളതായിരുന്നോ അല്ലയോ എന്നുള്ളതല്ലാതെ അതേപ്പറ്റി കൂടുതൽ തെളിവെടുക്കാൻ ആരെക്കൊണ്ടും സാദ്ധ്യമല്ല. ഇവിടെ ചീഫ്മന്ത്രി ഒരു രേഖ വായിച്ചു. ശ്രീ. ടി. വി. തോമസ് അതേപ്പറ്റി ആക്ഷേപം പുറപ്പെടുവിച്ചു. മുഖ്യമന്ത്രി വായിച്ചതു് കമ്മ്യൂണിസ്റ്റുപാർട്ടി അംഗീകരിച്ച ഔദ്യോഗിക പരിപാടിയാണെന്നു് അഭിപ്രായം പറഞ്ഞുവെന്നാണു് ശ്രീ. ടി. വി. ആക്ഷേപം പുറപ്പെടുവിച്ചിരിക്കുന്നതു്. ചീഫ്മന്ത്രി ഈ സഭയിലെ മെമ്പർന്മാരേയും നാട്ടുകാരേയും സ്ത്രീക്കരേയും മറ്റും തെറ്റിദ്ധരിപ്പിക്കുവാനായി കൊണ്ടുവന്നിട്ടുള്ള ഒരു falsified and fabricated document ആണെന്നു് ഒരു സ്റ്റേറ്റുമെൻറ് കൊടുത്തിട്ടുണ്ടു്. പ്രിവിലേജ് കമ്മിറ്റി റിപ്പോർട്ടിൻറെ രണ്ടാമത്തെ പേജിൽ അതു ഉദ്ധരിച്ചിരിക്കുന്നു. അതിൽ പറയുന്നതു് ഇപ്രകാരമാണു്.

"The said document was later placed on the Table of the House. On verification it is found that it is a falsified and fabricated document."

ഈ സ്റ്റേറ്റുമെൻറ് പിൻവലിച്ചു് ചീഫ്മന്ത്രി സഭയിൽ വായിച്ച ഡാക്യുമെൻറ് ജനിവിൻ ആയിരുന്നോ അതോ അല്ലയോ എന്നുള്ളതല്ല പ്രധാനമായ പ്രശ്നം. പ്രധാനമായ പ്രശ്നം ഇതു് ഒരു ഫാൾസിഫൈഡ് ആൻറ് ഫാബ്രിക്കേറ്റഡ് ഡാക്യുമെൻറാണോ അല്ലയോ എന്നുള്ളതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു് : ജനിവിൻ എന്നു പറഞ്ഞാൽ എന്താണെന്നു് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : മനസ്സിലാക്കിയിട്ടുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പു് : മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ എന്തു് അർത്ഥത്തിലാണു് മനസ്സിലാക്കിയിട്ടുള്ളതു് ?

ശ്രീ. കളത്തിൽ വേലായുധൻനായർ : സർ, എനിക്കു് സമയം അധികം ഇല്ലാത്തതുകൊണ്ടു് ഇതുപോലുള്ള ചോദ്യങ്ങൾക്കു് ഞാൻ വഴങ്ങുന്നില്ല.

സർ, ഇനിയും ഹാജരാക്കിയിട്ടുള്ള ഡാക്യുമെൻറ് ജനിവിൻ ആണോ അതോ അല്ലയോ എന്നതാണെങ്കിൽ അതിൽ പറയുന്ന സംഗതികൾ എല്ലാം സത്യമായിരുന്നെങ്കിലേ ജനിവിൻ ആകുകയൊള്ളൂ, അല്ലെങ്കിൽ ജനിവിൻ അല്ല എന്നു പറയുന്നതിൽ വലിയ അർത്ഥമില്ല. ഒരു ഡാക്യുമെൻറിൽ പറയുന്ന സംഗതികൾ എല്ലാം സത്യമായിരിക്കണമെന്നില്ല. ആ സ്ഥിതിക്കു് ഡാക്യുമെൻറിൻറെ genuineness-നെപ്പറ്റി നോക്കേണ്ടതില്ല. കുറെ മുൻപു് ശ്രീ. രാഘവക്കുറുപ്പു തന്നെ കള്ളനോട്ടു് അടിച്ചു പ്രചരിപ്പിക്കുന്നതിനെ ഈ കാര്യത്തോടു ഉപമിച്ചു പറയുകയുണ്ടായി. പക്ഷേ ഇങ്ങനെയുള്ള പ്രസംഗങ്ങൾ ഇടതുപക്ഷപാർട്ടിക്കു് മാത്രം നടത്താമെന്നും അങ്ങനെ നടത്തുന്നതു് സഭയുടെ അന്തസ്സിനെ

LIBRARY ARCHIVES Kerala Legislative Assembly

ബാധിക്കുകയില്ലെന്നുമാണ് അവർ വിചാരിച്ചിരിക്കുന്നത്. ഈ ഡാക്യുമെന്റിന്റെ അടിസ്ഥാനമായ കാരണങ്ങളെ സംബന്ധിച്ച് യു. പി. അസംബ്ലിയിലും റഫർ ചെയ്തിട്ടുണ്ടെന്നും ഈ റിപ്പോർട്ടിൽത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : യു. പി. അസംബ്ലിയിൽ ഇതിനെ റഫർ ചെയ്കയുണ്ടായി എന്ന് ഈ റിപ്പോർട്ടിൽ പറയുന്നത് ശരിയാണോ? ഇതു് ഇവിടത്തെ പ്രിവിലേജ് കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സംഗതികളല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു ശരിയാണോ അല്ലയോ എന്നുള്ളതു് ഇവിടത്തെ പ്രിവിലേജ് കമ്മിറ്റി തീരുമാനിക്കേണ്ട കാര്യമില്ല. ഈ പ്രശ്നത്തെ സംബന്ധിച്ചു് പ്രസക്തമായിരിക്കുന്ന കാര്യം ഇതാണു്. അതായതു്, മുഖ്യമന്ത്രി അസംബ്ലിയിൽ വായിച്ചിട്ടുള്ള ഡാക്യുമെന്റ് ഈ സഭയിലെ മെമ്പറന്മാരേയും നാട്ടുകാരേയും തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടി കൃത്രിമമായി ഉണ്ടാക്കിയിട്ടുള്ള ഒരു രേഖയാണോ, ആ രേഖനിമിത്തം സഭയുടെ പ്രിവിലേജിനു് ഹാനി സംഭവിച്ചിട്ടുണ്ടോ, അങ്ങനെ സംഭവിക്കാൻ ഉതകുന്നതായ വല്ല പ്രയോഗങ്ങളും ആ ഡാക്യുമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുള്ളതാണു്. നോക്കേണ്ടതു്. അങ്ങനെ നോക്കുകയാണെങ്കിൽ ആ റിക്കാർഡ് ഫാൾസി ഫൈഡ് ആൻഡ് ഫാബ്രിക്കേറ്റഡ് അല്ലെന്നു് ഡെമോക്രാറ്റിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും വരുത്തിയിട്ടുള്ള റിക്കാർഡുകളും വച്ചുകൊണ്ടു് പ്രിവിലേജ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടു്. അതു മാത്രവുമല്ല പൊതുജനങ്ങളുടെ ഇടയിൽ പരസ്യം ചെയ്തിട്ടുള്ള ഒരു പുസ്തകത്തിൽ നിന്നും ഈ സഭയിലെ ഏതെങ്കിലും ഒരു അംഗം ആ പുസ്തകത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തുനിന്നും ഏതെങ്കിലും ഒരു കാര്യത്തെപ്പറ്റി ഉദ്ധരിച്ചാൽ അതു് ഈ സഭയുടെ പ്രിവിലേജിനെ ബാധിക്കുന്നതു് എങ്ങനെ എന്നു് എനിക്കു് മനസ്സിലാകുന്നില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : മുഖ്യമന്ത്രി വായിച്ച റിക്കാർഡ് ഏതെങ്കിലും ഒരു പ്രസാധകന്റെയോ അല്ലെങ്കിൽ പബ്ലിഷറുടെയോ ആണെന്നു് പറഞ്ഞിട്ടുണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പ്രിന്ററുടെയും പബ്ലിഷറുടെയും പേരു് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞതു് അതു് മേശപ്പുറത്തു വച്ചിരിക്കുന്ന അതിൽനിന്നും മനസ്സിലാക്കിക്കൊള്ളണമെന്നാണു്.

ശ്രീ. ടി. വി. തോമസ് : പ്രിന്ററുടെയും പബ്ലിഷറുടെയും പേരു പറയാതെ, മേശപ്പുറത്തു വയ്ക്കുമ്പോൾ മനസ്സിലാക്കിക്കൊള്ളണമെന്നു് പറയുന്നതു തന്നെ ജനങ്ങളുടെയും ഈ സഭയുടെയും ഇടയിൽ ഒരു തെറ്റിദ്ധാരണക്കു വഴി തെളിക്കുകയല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഏതെങ്കിലും കാര്യത്തെ സംബന്ധിച്ചു് വിശദമായി പറയണമെന്നു് ആവശ്യപ്പെട്ടാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്കു് കടക്കേണ്ടതു് ആവശ്യക്കാരുടെ ചുമതലയാണു്. അതനുസരിച്ചു് ആ റിക്കാർഡ് മേശപ്പുറത്തു വച്ചിട്ടുണ്ടായിരുന്നു. അതിൽ വല്ലതും ഉണ്ടെങ്കിൽ അതു മനസ്സിലാക്കണം. ഇല്ലെങ്കിൽ അതു് ഇല്ലെന്നു മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇങ്ങനെയുള്ള ഒരു ലേഖനം സഭയിൽ വായിച്ചപ്പോൾ അതു് ഡെമോക്രസിയുടെ റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ ഇന്ന ലേഖനത്തിന്റെ ഇന്ന ഭാഗത്തുള്ളതാണെന്നു് അദ്ദേഹം വെളിപ്പെടുത്തിയിരുന്നോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അപ്പോൾ അങ്ങനെ വെളിപ്പെടുത്തേണ്ട ആവശ്യം ഇല്ലായിരുന്നിരിക്കാം. ഇപ്പോഴത്തെ ആക്ഷേപം ആ റിക്കാർഡു് ഏതു ബുക്കിന്റെ ഏതു ഭാഗത്തുനിന്നും ഉദ്ധരിച്ചിട്ടുള്ളതാണെന്നാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഒരു ചോദ്യത്തിനു മറുപടിയായി മുഖ്യമന്ത്രി പറഞ്ഞതു് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഒരു പ്രസിദ്ധീകരണമാണെന്നല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ തന്നെയാണു് ഡെമോക്രാറ്റിക്കു് റിസർച്ചുകാർ പറയുന്നതു്. ആ വസ്തുത പ്രിവിലേജ് കമ്മിറ്റി റിപ്പോർട്ടിലും ഉള്ളതാണല്ലോ. ആ സമിതിക്കു് അതു് ഒരു വ്യാജ പ്രസ്താവനയാണെന്നു് പറയുന്നതു് എങ്ങനെയാണു്? സർ, ശ്രീ. ടി. വി. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉന്നയിച്ച ഒരു ഭാഗം ഞാൻ മുൻപു പറഞ്ഞതുപോലെ, അദ്ദേഹം നിയമത്തിന്റെ നൂലാമാലയിൽ കടക്കുന്നില്ല എന്നാണു്. സർ, അങ്ങനെ കടക്കണ്ട, കടക്കുന്നതു നല്ലതുമല്ല എന്നാണു് ഞാൻ അദ്ദേഹത്തെ അറിയിക്കുന്നതു്. കമ്മ്യൂണിസ്റ്റുപാർട്ടി അംഗീകരിച്ചുവന്ന നയം എന്താണു്, അവരുടെ പരിപാടി എന്താണു്, എന്നു കാര്യങ്ങൾ വെളിപ്പെടുത്തുന്ന ഒരു പുസ്തകത്തിൽനിന്നുമാണു് ചീഫ്മന്ത്രി ഒരു ഉദ്ധരണി എടുത്തു് ചൂണ്ടിക്കാണിച്ചതു്. അതിൽ ഏതു ഭാഗത്തോടാണു് കമ്മ്യൂണിസ്റ്റുപാർട്ടി വിയോജിക്കുന്നതു് എന്നു് അവർ തന്നെ പറയട്ടെ. അതു പറയുന്നതിനു പകരം പ്രിൻറുടെയും പബ്ലിഷറുടെയും പേരും മറ്റുമാണു് അവക്കു് ആവശ്യം.

ശ്രീ. കെ. സി. ജോർജ്ജ് : കമ്മ്യൂണിസ്റ്റുപാർട്ടി മീറ്റിംഗിൽ വച്ചു് പാസ്സാക്കാത്ത ഒരു പ്രമേയം പാസ്സാക്കി എന്നു പറയുന്നതു് തെറ്റല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിൽ വലിയ തെറ്റെന്താണു് ഉള്ളതു് ? ഒരു നല്ല കാര്യം ഒരാൾ അല്ലെങ്കിൽ ഒരു പാർട്ടി ചെയ്തിട്ടില്ലെന്നു പറഞ്ഞാൽ യഥാർത്ഥത്തിൽ അതിലെന്താണു് തെറ്റുള്ളതു് ? അല്ലെങ്കിൽ ആക്ഷേപം ഉള്ളതു് ?

ശ്രീ. ടി. വി. തോമസ് : അവസാനമായി ഒരു ചോദ്യംകൂടി ചോദിച്ചുകൊള്ളട്ടെ. ചെയ്യാത്തകാര്യം ചെയ്തു എന്ന ഇംപ്രഷൻ വരുത്തുന്നതു് ആത്മാർത്ഥതയുമായി ബന്ധപ്പെട്ട ഒരാൾക്കു് ഭൂഷണമാണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഞാൻ പറയുന്നതു് ഇതു ആക്ഷേപമല്ലെന്നാണു്. അതായതു് ഇന്ന ബുക്കിൽ ഇന്നതു സംബന്ധിച്ചു് ഇന്നപോലെ പറഞ്ഞിരിക്കുന്നു എന്നു പറയുന്നതു് ഒരു ആക്ഷേപമല്ല. പക്ഷെ അപ്രകാരമുള്ള ഒരു നയമാണു പാർട്ടി അംഗീകരിച്ചിരിക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞാൽ അതു ആക്ഷേപമായിരിക്കും. പക്ഷെ അങ്ങനെയല്ല പറയുന്നതു്. ആ ബുക്കിൽ പറഞ്ഞതുപോലെയുള്ള നയമാണെങ്കിൽ അതു ആക്ഷേപമാണെന്നു ഇവർ പറഞ്ഞെങ്കിലും അവർ സമ്മതിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഈ വാദപ്രതിവാദംകൊണ്ടു രാജ്യത്തിനും അവർക്കും ഗുണമുണ്ടു്. അങ്ങനെയല്ലെങ്കിൽ യാതൊരു കഴമ്പും ഇല്ലാത്ത ഒരു സംഗതിയെസംബന്ധിച്ചു് ഇത്ര വളരെ അധികം സമയം കളഞ്ഞതു് ശരിയല്ല. ഇവിടെ കൊണ്ടുവന്ന പുസ്തകം ജനുവിൻ ആണെന്നു പ്രിവിലേജ് കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. മഞ്ജനാഥപ്രഭു : സർ, ഐകകണ്ഠ്യേന തീരുമാനിച്ചുവെന്നു് പറഞ്ഞതു് തെറ്റാണു്.

"My position is that the publication in question is not genuine inas much as the contents of the publication is not the same as that passed by the Madura Congress."

ഇങ്ങനെയൊന്നു് പാസ്സാക്കിയിട്ടുണ്ടെന്നു പറയുന്നു. കൂടാതെ റൂൾ 168-ൽ പറയുന്നതു്,

RULE 168 SAYS :

"Provided that if the question arises whether the evidence of a person or the production of a document is relevant for the purposes of the Committee, the question shall be referred to the Speaker whose decision shall be final."

എന്നാണു്. ഇതിൽ അപ്രകാരം ചെയ്തിട്ടില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് എന്റെ അഭിപ്രായമാണു്. കാരണങ്ങൾ എന്തുതന്നെയായാലും മി. കെ. സി. ജാർജ്ജു് ഉപ്പെടെയുള്ള അംഗങ്ങൾ ഇതു ഡ്രാപ്പു ചെയ്യണമെന്നു തീരുമാനിച്ചു. അതിനു മി. ജാർജ്ജു് സാങ്കേതികകാരണങ്ങൾ പറഞ്ഞു. എന്തായാലും ഡ്രാപ്പുചെയ്യണമെന്നുള്ളതു ഐകകണ്ഠ്യേനയുള്ള തീരുമാനമാണു്. അതുകൊണ്ടു സഭ ഇതു സ്വീകരിക്കുകയും മി. കെ. സി. ജാർജ്ജു് പറഞ്ഞതുപോലെ ആയി താക്കീതുചെയ്യുകയും ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

SHRI P. S. NATARAJA PILLAI: Sir, we are discussing the Report of the Privileges Committee. A question of Privilege arises when a contempt is committed. It has been defined in authoritative works that "It is a breach of privilege to present or cause to be presented to the House forged, fabricated documents with intent to decieve the House or Committee of the House." It is exactly within the four corners of the definition the Leader of the Opposition raised this question and said that "on verification it is found that it is a falsified and fabricated document." He further said that "the intention

LIBRARY ARCHIVES Kerala Legislative Assembly

[SHRI P. S. NATARAJA PILLAI]

of the Chief Minister was to deceive the House." That definition as defined in the authoritative texts was taken by the Leader of the Opposition as the ground to move for a Privilege motion. The Privileges Committee came to the conclusion that the Committee is of opinion that the document in question is not a false or fabricated one as alleged and therefore there was no breach of privilege. That is the clear finding of the Committee. The point which was persistently urged by the Leader of the Opposition was about the wording in the order of reference. The words "false and fabricated" are omitted in that order. The words used are "to examine the genuineness or otherwise of the document." I have my own doubt whether if a document that is not genuine is presented to the House, that will become a contempt according to Parliamentary practice. It is only the positive action of falsification or forgery that will be a contempt of the House. A wrong document, a document not genuine may be produced in the House.

SHRI T. V. THOMAS: Presentation of false document is also contempt.

SHRI P. S. NATARAJA PILLAI: I accept that. But a document, the contents of which are not genuine is not a false document. Whether it is genuine or not in its contents is not the question we have to handle. If it is a true document that is presented then the question of contempt does not arise. For a finding of contempt a person with the intention to deceive the House must produce a document which he has falsified or fabricated. Without those two elements a contempt does not arise. Now Sir, the Committee has after examination come to the conclusion that the document produced in this House is not a fabricated or falsified one.

SHRI N. RAGHAVA KURUP: Should not the Committee go into the reasons?

SHRI P. S. NATARAJA PILLAI: I am dealing with the Privileges question. It is a highly technical subject as I understand it from Parliamentary practice. I do not want to travel beyond its ambit now. Has the hon. member produced a document which is fabricated or falsified with the intention of misleading or deceiving the House? Then only it becomes a contempt of the House. That is the

LIBRARY ARCHIVES Kerala Legislative Assembly

definition; I am able to interpret it only this way. In this particular instance too the charge made by the Leader of the Opposition was not that the document was not genuine but as I find it, to satisfy the Rules or the convention that control the Privileges Motion, he has definitely used the words "false, fabricated document" and he has further qualified it with the words "intention of misleading the House." So we must judge whether this falls within the four corners of the definition. And the Privileges Committee has gone into the question. In regard to the words "genuineness or otherwise" in the reference, it can be interpreted or understood in this context only as a reference to find out whether that document was false or not, whether it was genuine or not in the sense of it being understood as true or false document. That was only what was meant by genuine or otherwise in this reference order. Then to the next stage. At any rate the Committee has submitted its report. It is a Committee of the House, one of the very important Committees of the House. This Committee went into the question and they have made a report. The next procedure as I find is that if the Committee reports that no breach of the privilege of the House has been committed no further proceedings are usually taken in reference to the report. That is the usual practice. It is the generally accepted principle as stated in May's Parliamentary Practice.

I shall quote a sentence from that book. "If the Committee reports that no breach of the privileges of the House has been committed, no further proceedings are usually taken in reference to the Report." In a reference to the Committee to enquire into and report on the question of breach of privilege and other incidental matters, 'other incidental matters' arise only subsequent to the finding by the Committee, that there has been a breach of privilege. If there has been a breach of privilege, then further steps to implement that will have to be taken by the House. That becomes absolutely necessary. If the Committee recommends that breach of privilege has been committed, then it is for this House to take the responsibility of summoning the person, ordering his detention in jail or asking the Attorney General to prosecute and so on. All these the Committee of Privileges cannot do. It can be done only by the House. The House takes, as I interpret it, a Jurisdiction when there is a breach of privilege. If the Committee has made that finding, then the House has to undertake the responsibility of implementing it by further action.

LIBRARY ARCHIVES Kerala Legislative Assembly

SHRI MANJANATHA PRABHU: Sir, a point of order. When it was sent to the Privileges Committee for reference the ultimate decision will rest with them.

SHRI P. S. NATARAJA PILLAI: I request my friend not to raise any point of order if he wants to express his opinion. Let us not trade in that to make a suggestion. If he wanted to express an opinion I would have yielded.

Certainly the ultimate decision will be with the House. But that comes in only when there is a finding by the Committee that there is a breach of privilege. When contempt is committed punishment can be awarded only by the House. The Committee can make only a recommendation. On that recommendation this House will have to take its ultimate decision.

So, Sir, according to the general practice obtaining elsewhere in the Mother of Parliaments, if it is reported that no breach of privilege of the House has been committed, no further proceedings are usually taken in reference to that report. That procedure, I think, may be followed; but here, at present, we have got the motion moved by the Chairman of the Privileges Committee that the report be adopted. That perhaps was not necessary and even if it was, still let us accept it.

To conclude, I am of the view that the Leader of the Opposition moved a question of contempt and wanted a Privileges Committee to be constituted with definite terms of reference. He framed the charge that the document introduced in the House was a false and fabricated one and that too with the intention of misleading the House. The Speaker then referred the matter to the Privileges Committee to enquire into the genuineness or otherwise of the document. I interpret that the reference made by the Speaker is to examine whether the document is false or not, because it has to conform to the terms of the complaint. On that basis, the Committee went into the question and came to the definite conclusion unanimously, that it was not a fabricated, false or falsified document and they have unanimously recommended that the question may be dropped. In these circumstances, there is no use or justification for a further debate on the truth or otherwise of the statements contained in the document which was not a false or falsified document. Since a motion has been moved, I think the House will do well to accept it and not to go to extraneous matters.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ഞാൻ ഈ കമ്മിറ്റിയിലെ അംഗമെന്നുള്ള നിലയിൽ കമ്മിറ്റിയിലെ ചെയർമാൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ പിൻതാങ്ങുന്നു. അവിടെ സാങ്കേതികമായ ചില പ്രശ്നങ്ങളാണു ചർച്ചയ്ക്കു വന്നതു്. അതിനകത്തു് രാഷ്ട്രീയമായ പല കാര്യങ്ങളും സന്ദർഭവശാൽ ചർച്ചയ്ക്കു വിഷയമായെങ്കിലും പ്രശ്നം സാങ്കേതികമാണെന്നു തന്നെ ഞാൻ ധരിക്കുന്നു. ഈ നിയമസഭയിൽ ലീഡർ ചെയ്ത ഒരു പ്രസ്താവന ഈ നിയമസഭയുടേയും നിയമസഭയിലെ പ്രതിപക്ഷ പാർട്ടിയുടേയും അന്തസ്സിനു ഹാനികരമാകയാൽ ആ പ്രസ്താവന സത്യവിരുദ്ധവും കൃത്രിമവുമായതുകൊണ്ടു പ്രിവിലേജസ് കമ്മിറ്റി അതിനെപ്പറ്റി അന്വേഷിക്കണമെന്നു് അങ്ങു് ആവശ്യപ്പെടുകയും കമ്മിറ്റി അതു പഠിച്ചാലോചനയ്ക്കു വയ്ക്കുകയുമാണുണ്ടായിട്ടുള്ളതു്. കമ്മിറ്റിയുടെ പഠിച്ചാലോചനയ്ക്കു വന്ന വിഷയങ്ങളുടെ കൂട്ടത്തിൽ നിയമസഭാനേതാവു് നിയമസഭയിൽ ചെയ്ത പ്രസ്താവന ഒരു ഡാക്കുമെൻറിൽ നിന്നും വായിച്ചതു ശരിയാണോ കൃത്രിമമാണോ എന്നുള്ളതിൽ കവിഞ്ഞു് അദ്ദേഹം പ്രതിപാദിച്ച ഡാക്കുമെൻറിനകത്തു് അതായതു് അതിൻെറ ഉള്ളടക്കം ഇതുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാക്കി അതു് ശരിയാണോ തെറ്റാണോ എന്നു പരിശോധിക്കുവാനുള്ള റഫറൻസ് ഇല്ലാതിരുന്നു. കമ്മിറ്റിയുടെ മുമ്പാകെ നിയമസഭാലീഡർ നിയമസഭയിൽ വായിച്ച ഡാക്കുമെൻറ് false ആണോ fabricated ആണോ എന്നു കണ്ടുപിടിക്കേണ്ട ചുമതല മാത്രമാണുണ്ടായിരുന്നതു്. ഭിന്നാഭിപ്രായക്കുറിപ്പു് എഴുതിയിട്ടുള്ള മി. കെ സി. ജാക്കു് തന്നെ അങ്ങനെയാണു കരുതിയിരിക്കുന്നതു് എന്നു മനസിലാകും. സർ, ഈ പ്രിവിലേജ് മോഷൻ ഇവിടെ അവതരിപ്പിക്കുവാനുണ്ടായ കാരണങ്ങളും ലീഡർ ഓഫ് ദി ഹൗസു് നിയമസഭയിൽ ഈ ഡാക്കുമെൻറ വായിച്ചപ്പോൾ അതിൻെറ ഉള്ളടക്കം കമ്മ്യൂണിസ്റ്റ പാർട്ടി മധുര കാൺഫറൻസിൽ പാസാക്കിയ പ്രമേയമാണെന്നു തെറ്റിദ്ധാരണയുണ്ടാക്കി അതിൻെറ അടിസ്ഥാനത്തിൽ പാർട്ടിയെപ്പറ്റി എങ്ങനെയെങ്കിലും ചില തെറ്റിദ്ധാരണകളും സങ്കല്പങ്ങളും ജനങ്ങളിലുണ്ടാക്കി എന്നുള്ളതാണു്. ആ അടിസ്ഥാനത്തിലാണു് മോഷൻ അവതരിപ്പിച്ചുകൊണ്ടു് ഇതു കമ്മിറ്റിക്കു റഫർ ചെയ്യണമെന്നു പറഞ്ഞതു്. കമ്മിറ്റി അതു പരിശോധിച്ചുകഴിഞ്ഞതിനുശേഷം ഇതു മധുര കാൺഫറൻസു് പാസാക്കിയ പ്രമേയമാണോ അല്ലയോ എന്ന പ്രശ്നത്തെ സംബന്ധിച്ചു് ഒരു വിധി എഴുതിക്കഴിഞ്ഞിട്ടില്ലെങ്കിലും സഭയിൽ സഭാനേതാവു വായിച്ച ഡാക്കുമെൻറ് ഡെമോക്രാറ്റിക്കു് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പ്രസിദ്ധീകരിച്ച പുസ്തകത്തിലെ ചില ഭാഗങ്ങളാണെന്നു കമ്മിറ്റിയുടെ റിപ്പോർട്ടിൽ കാണുന്നു. ഡെമോക്രാറ്റിക്കു് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിൽ നിന്നും ഇവിടെ കാൺഗ്രസ് മന്ത്രിസഭയുടെ നേതാവായ നിയമസഭാനേതാവു വാദിച്ച ഒരു ഭാഗം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അന്തസ്സിനോ അഭിമാനത്തിനോ ഹാനികരമാണെന്നു തോന്നുന്നില്ല. കമ്മിറ്റിയിൽ ഈ പ്രശ്നം അവതരിപ്പിക്കുന്നതിനു മുമ്പു് ഇതിനെ സംബന്ധിച്ചു് ഈ നിയമസഭയിലുണ്ടായ ചോദ്യങ്ങളിൽനിന്നും ഉപചോദ്യങ്ങളിൽ നിന്നും മനസ്സിലാകുന്നതു് ഇതിലെ കക്ഷികൾക്കു ഇതു എവിടെ പബ്ലിഷ് ചെയ്ത തുരു് പബ്ലിഷ് ചെയ്ത എന്നുള്ള കാര്യത്തെക്കുറിച്ചു വ്യക്തമാക്കണമെന്നു മാത്രമേ ആഗ്രഹമുണ്ടായിരുന്നുള്ളു എന്നുകാണുന്നു. മധുര കാൺഫറൻസിൽ പാസാക്കിയ ഒരു പ്രമേയമാണു് എന്നു് അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ബാലകൃഷ്ണൻ]

പ്രസ്താവിച്ചതായി പ്രൊസീഡിംഗ്സിൽ കാണുന്നില്ല. ഒരു ടാക്റ്റിക്കൽ റസലൂഷൻ എന്നാണ് കാണുന്നത്. ഈ പുസ്തകം പ്രസിദ്ധം ചെയ്തവരുടെ പേർ അറിയണമെന്ന പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടപ്പോൾ സഭാനേതാവു പറഞ്ഞ മറുപടി ഇതു ശുദ്ധമായി ലഭിച്ച ഡാക്യുമെൻറാണെന്നാണ്. അതു മേശപ്പുറത്തു് വച്ചിരിക്കുന്നു എന്നും പറഞ്ഞു. ശുദ്ധമായി സഭാനേതാവ് ഉണ്ടാക്കി ഇതു സഭയെ തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടി വായിച്ചതാണോ അതല്ല, മറ്റാരെങ്കിലും ഉണ്ടാക്കിയതാണോ എന്നു പരിശോധിക്കുന്നതിനു മുൻപു് മധുര കോൺഫറൻസിൽ പാസാക്കിയ റസലൂഷൻ ആണോ അല്ലയോ എന്നു പരിശോധിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. പ്രതിപക്ഷനേതാവു് അങ്ങനെ ഒരു റഫറൻസ് ഉണ്ടായിരുന്നു എന്നു പറഞ്ഞതു് ശരിയല്ല. സർ, ഇതു റഫർ ചെയ്തുകൊണ്ടുള്ള അങ്ങയുടെ പ്രസ്താവനയിലെ സംഗ്രഹമായ ഭാഗം ഞാൻ വായിക്കാം.

"In view of the complicated issues involved in the matter it seems desirable that such matters go to the Committee of Privileges for the purpose of examining the genuineness or otherwise of the document placed on the table by the Chief Minister on the 13th April, 1955. The Committee will not only go into the limited question of the genuineness or otherwise of the document produced but also of other allied questions including the question of any breach of privilege and other incidental matters. The ultimate decision will, of course, rest with the House."

സർ, ആദ്യമായി ഡാക്യുമെൻറ് ജനുവിൻ ആണോ അല്ലയോ എന്നു പരിശോധിച്ചു് ഇതിലെ ഒരംശംകൂടിയായ നിയമസഭാനേതാവു് എവിഡൻസ് കൊടുത്തിരിക്കുന്നതു് അംഗമെന്ന നിലയിലല്ല, ആരോപണത്തിനു വിധേയമായിട്ടുള്ള ഒരാൾ എന്ന നിലയിലാണ്. അദ്ദേഹം ഇവിടെ വായിച്ച ഡാക്യുമെൻറ് രണ്ടു പുസ്തകങ്ങളിൽ ഉണ്ടായിരുന്നു. അതിൽ ഒന്നു് കമ്മിറ്റിയുടെ പര്യാലോചനയ്ക്കു സമർപ്പിച്ചു. ഇവിടെ സഭാനേതാവു വായിച്ചു വാചകവും പുസ്തകത്തിലെ വാചകവും ഒന്നുതന്നെയാണു്. അതു് നിയമസഭയിലെ അളകൾക്കും പുറത്തുള്ളവർക്കും വായിക്കാവുന്ന ഒരു പ്രസിദ്ധീകരണമാണു്. ഡെമോക്രാറ്റിക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനു കമ്മ്യൂണിസ്റ്റ് പാർട്ടിയോടുള്ള മനോഭാവം എല്ലാവർക്കും അറിയാവുന്നതാണു്. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രകടനയായ പുസ്തകത്തിൽ നിന്നു എന്തെങ്കിലും ഉദ്ധരിച്ചുകൊണ്ടു് മുഖ്യമന്ത്രി പ്രസ്താവനചെയ്യുൽ അതു കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് ആക്ഷേപമല്ല. മറ്റൊരു പ്രശ്നമുള്ളതു് ഈ ഇൻസ്റ്റിറ്റ്യൂട്ടുകാർ പ്രസിദ്ധീകരിച്ചിരുന്ന പുസ്തകത്തിൽ യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിച്ച പ്രമേയം അടങ്ങിയിരുന്നാൽ തന്നെയും അതു പാർട്ടിക്കു് ആക്ഷേപകരമായിരിക്കുമെന്നു പറയുവാൻ ഞാൻ തയ്യാറില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി പ്രമേയം പാസാക്കിയിരുന്നാൽ തന്നെയും അതു വിപ്ലവപാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി തെറ്റിദ്ധാരണ പരത്തുവാൻ പര്യാപ്തമായിട്ടുള്ളതു് ഒന്നല്ല എന്നാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്റെ അഭിപ്രായം. ഈ ഡാക്യുമെന്റ് ജനുവിൻ ആണോ എന്നു കമ്മിറ്റി പരിശോധിച്ചു; ജനുവിൻ ആണ്. അങ്ങനെ ഒരു പുസ്തകം ഉണ്ട്.

ശ്രീ. ടി. വി. തോമസ്: ആക്ഷേപം ഒസമൂഷൻ സംബന്ധിച്ചുള്ളതു മാത്രമല്ല. ഇവിടെ ഡാക്ടർ സുകുമാരന്റെ പ്രമേയം ആലോചനയ്ക്കു വന്നപ്പോൾ ഇങ്ങനെ ഒരു ആരോപണം കൊണ്ടുവന്നു. അതു തള്ളുകയും അതുപോലെയുള്ള വേറൊരു പ്രമേയം അംഗീകരിക്കുകയും ചെയ്തു. അതിനെ സംബന്ധിച്ചുകൂടി ആക്ഷേപമുണ്ട്. അതാണ് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. ബാലകൃഷ്ണൻ: ഡാക്ടർ സുകുമാരന്റെ പ്രമേയവുമായി ഇതിനെ ബന്ധപ്പെടുത്തേണ്ട ആവശ്യമില്ല. ഞാൻ പറയുന്നതു് കമ്മിറ്റിയുടെ മുമ്പാകെയുള്ള പ്രശ്നം ഇതു് false ആണോ fabricated ആണോ എന്നാണു്. അങ്ങനെ അല്ലെന്നു തെളിയിക്കുവാൻ ആരുടെ പേരിലാണോ ചാർജുണ്ടായിരുന്നതു് അവർക്കു കഴിഞ്ഞു. പിന്നെയുള്ള റഫറൻസ്:

"The Committee will not only go into the limited question of the genuineness or otherwise of the document produced but also of other allied questions including the question of any breach of privilege and other incidental matters."

എന്നുള്ളതാണു്. ഈ പ്രശ്നത്തിലേക്കു കടക്കുന്നതിൽ വച്ചുള്ള കമ്മിറ്റിയുടെ പരിഗണനയ്ക്കു വന്നിട്ടുള്ളതുമായ ഭാഗങ്ങളിൽ ജനുവിൻ അല്ല എന്നു വരുമ്പോഴാണു്:

ശ്രീ. എൻ. രാഘവക്കുറുപ്പ്: ആ പുസ്തകത്തിന്റെ കാപ്പിയാണോ സഭയുടെ മുമ്പാകെ ഹാജരാക്കിയതു്?

ശ്രീ. കെ. ബാലകൃഷ്ണൻ: ഏതായാലും ഈ പുസ്തകത്തിൽ അദ്ദേഹം പറഞ്ഞ വാചകങ്ങളും ഉണ്ടു്. അതുകൊണ്ടു് ഇതു ജനുവിൻ തന്നെയാണു്. അതുകൊണ്ടു് മറ്റു ഭാഗങ്ങളിലേക്കു് കടക്കേണ്ട ആവശ്യമില്ല. ഞാൻ മോഷനെ പിൻതാങ്ങുന്നു.

ശ്രീ. പന്മ്പിള്ളി ഗോവിന്ദമേനോൻ: ചർച്ചക്കു വിധേയമായ കായ്ങ്ങൾ മുഖ്യമന്ത്രിയുടെ നിലയിലും നിയമസഭാനേതാവിന്റെ നിലയിലും എന്നിൽ നിന്നു് ഉണ്ടായതുകൊണ്ടാണു് ഇതിനു സാധാരണയിൽ കവിഞ്ഞ പ്രാധാന്യം പ്രതിപക്ഷനേതാവും സഭാംഗങ്ങളും നൽകിയതെന്നു ഞാൻ വിശ്വസിക്കുന്നു. അല്ലാതിരുന്നു എങ്കിൽ ഇതിനു ഇത്ര പ്രാധാന്യം നൽകുമായിരുന്നില്ല. ഈ വാദപ്രതിവാദം പ്രതിപക്ഷനേതാവും കമ്മ്യൂണിസ്റ്റ് നേതാവുമായ മി. ടി. വി തോമസ് ഉദ്ദേശിച്ച കാര്യങ്ങൾ സാധിക്കുന്നതിനു് സഹായപ്രദമായതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. അദ്ദേഹത്തിന്റെ പാർട്ടി അക്രമത്തിലും ഹിംസയിലും വിശ്വസിക്കുന്ന ഒരു പാർട്ടിയാണെന്നും അക്രമത്തെ അടിസ്ഥാനമാക്കിയുമുള്ള മാർഗ്ഗങ്ങളിൽ കൂടി രാഷ്ട്രീയപ്രവർത്തനം ചെയ്യുന്ന ഒരു പാർട്ടിയാണെന്നും ഉള്ള തെറ്റിദ്ധാരണ നീക്കാൻ അദ്ദേഹത്തിനു നല്ല ഒരവസരം കിട്ടി. അദ്ദേഹം ആ അവസരം ശരിക്കു് ഉപയോഗിച്ചു. അതിൽ എനിക്കു് വളരെ സന്തോഷമുണ്ടു്. ഈ നിയമസഭയുടെ പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

നേതാവു് അസന്ദിഗ്ദ്ധമായ ഭാഷയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അക്രമ പരിപാടി ഉപേക്ഷിച്ചിരിക്കുന്നു എന്നും ഒരു കാലത്തു് അങ്ങനെയുള്ള പരിപാടികൾ ഉണ്ടായിരുന്നെന്നും അങ്ങനെയുള്ള ചില വാദങ്ങൾ ഇന്നു് ഉപേക്ഷിച്ചിരിക്കുകയാണെന്നും അസന്ദിഗ്ദ്ധമായി ഈ നിയമ സഭാമദ്ധ്യത്തു് നിന്നു് പറയുവാൻ ഇടവന്നതിലും അതു കേൾക്കാൻ ഇട വന്നതിലും എനിക്കു് അതിരറ്റ സന്തോഷമാണുള്ളതു്. അതിന്റെ ഇടയിൽ എന്നെക്കുറിച്ചു് ചില ആക്ഷേപങ്ങളൊക്കെ ഉണ്ടായെങ്കിലും ഇങ്ങനെയൊരു വത്തമാനം കേൾക്കാൻ ഇടയായതിൽ എനിക്കു് വളരെ സന്തോഷമുണ്ടു്.

സർ, പണ്ടു് അക്രമങ്ങളിൽ വിശ്വസിച്ചിരുന്നു. അക്രമമാർഗ്ഗം സ്വീകരിച്ചിരുന്നു. അക്രമമാർഗ്ഗം സ്വീകരിച്ചിരുന്നതു് ഇന്നു ഞങ്ങൾ സ്വീകരിക്കുന്നില്ല. ഒരു പാർലമെന്ററി പാർട്ടി ഇൻഡ്യയിൽ ഉണ്ടായിരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ആ വിധത്തിലുള്ള ഒരു നിലപാടാണു് ഇന്നു എടുത്തിട്ടുള്ളതെന്നു കമ്മ്യൂണിസ്റ്റ് പാർട്ടി പറയുകയുണ്ടായി. ഈ നാട്ടിലെ ജനങ്ങളും, ഈ നാട്ടിലെ കോൺഗ്രസ്സുകാരും, ഈ നാട്ടിലെ ശ്രീമാൻ വിവേകാനന്ദനും, ശ്രീ. ബാലകൃഷ്ണനും അഭിപ്രായപ്പെടുന്ന രീതിയിലുള്ള വിശ്വാസങ്ങൾ ഇനിയും വച്ചുകൊണ്ടിരിക്കാതെ ശ്രീമാൻ ടി. വി. തോമസ്സു് മാറിയതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുകയാണു്. അതായതു് വിപ്ലവം കൊണ്ടു്, അക്രമപ്രയോഗം കൊണ്ടു്, ഒരു റവല്യൂഷൻകൊണ്ടു മാത്രമേ അധികാരത്തിൽ വരുന്ന ജനവിഭാഗത്തിന്റെ കാര്യങ്ങൾ സാധിക്കാൻ കഴികയുകയുള്ളു എന്നുള്ള ശ്രീ. വിവേകാനന്ദന്റെയും ശ്രീ. ബാലകൃഷ്ണന്റെയും വിശ്വാസം. അതല്ല, പ്രായപൂർത്തി വോട്ടവകാശവും ഒരു ഇൻഡിപ്പെൻഡൻറ് ജുഡിഷ്യറിയും ഇപ്പോൾ അനുവദിച്ചിട്ടുള്ളതുകൊണ്ടു പാർലമെന്ററി സമ്പ്രദായം താൽക്കാലികമായിട്ടെങ്കിലും നോക്കാൻ ഉദ്ദേശിക്കുന്നു എന്നാണു് ശ്രീമാൻ ടി. വി. തോമസ്സു് പറഞ്ഞതു്. അങ്ങനെ ശ്രീ. ടി. വി. തോമസ്സു് പറഞ്ഞതിനെപ്പറ്റി ശ്രീമാൻ വിവേകാനന്ദനും ശ്രീ. ബാലകൃഷ്ണനും അല്പം വിമ്മിഷ്ടം ഉണ്ടെങ്കിലും എനിക്കു വളരെ സന്തോഷമാണുള്ളതു്. എന്നാൽ സർ, ഒരു വിഷമമുണ്ടു്. ആ വിഷമം എന്താണെന്നുവച്ചാൽ ശ്രീമാൻ ടി. വി. തോമസ്സു് തന്നെ പറഞ്ഞു പണ്ടു് ഇതൊക്കെ ഞങ്ങൾക്കു് ഉണ്ടായിരുന്നു എന്നു്.

സർ, 1949 നവംബറിലാണു് ഇൻഡ്യൻ ഭരണഘടനയിൽ നമ്മൾ ഒപ്പു വച്ചതു്. അതു പ്രഖ്യാപനം ചെയ്തതു് 1950 ജനുവരി 26-ാംതീയതിയാണു്. ഇപ്പോഴെങ്കിലും അഞ്ചാറു കൊല്ലം കഴിഞ്ഞതിനുശേഷമെങ്കിലും പ്രായപൂർത്തിവോട്ടവകാശവും ഇൻഡിപ്പെൻഡൻറ് ജുഡിഷ്യറിയും അനുവദിച്ചുകിട്ടിയതായി സമ്മതിക്കുകയും അഞ്ചാറുകൊല്ലം കൊണ്ടു് അതു മനസ്സിലാക്കാൻ സാധിച്ചതും അദ്ദേഹത്തിന്റെ മന്ദബുദ്ധികൊണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇവിടെ ഉന്നയിച്ചിരിക്കുന്ന പ്രിവിലേജ് പ്രശ്നവും ഇദ്ദേഹത്തിന്റെ പ്രസംഗവും തമ്മിൽ ഉള്ള പൊരുത്തം എന്താണെന്നു് അറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രിവിലേജസ് മോഷന്റെ നായകൻ മി. ടി. വി. തോമസ്സ്. ഞാൻ അതിന്റെ പ്രതിനായകൻ.

പ്രായപൂർത്തിവോട്ടവകാശവും ഇൻഡിപെൻഡന്റ് ജുഡിഷ്യറിയുമൊക്കെ അനുവദിച്ചുകിട്ടി. അതുകൊണ്ടാണ് അക്രമപ്രവർത്തനങ്ങളും അങ്ങനെയുള്ള നടപടികളും വേണ്ടെന്നു വച്ചിട്ടുള്ളത്. ഇതെന്നാണ് മാറിയതെന്ന് എനിക്ക് അറിയാൻ നിവൃത്തിയില്ലാതെ വന്നു. അതുകൊണ്ട് ഈ മസാനിയുടെ പുസ്തകം ഡെമോക്രാറ്റിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകാർ പബ്ലിഷ് ചെയ്തിട്ടുള്ളതായ ആ പുസ്തകം ഞാൻ ഇവിടെ വായിക്കുന്നതിനിടയായി. അന്നുതന്നെ ഈ വസ്തുത ശ്രീമാൻ ടി. വി. തോമസ്സ് ഇവിടെ പറഞ്ഞിരുന്നുവെങ്കിൽ അതു പിൻവലിക്കുമായിരുന്നു.

ശ്രീ. എ. താണുപിള്ള : എന്തു പിൻവലിക്കുമായിരുന്നു എന്നാണു പറഞ്ഞത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതായത് ഈ അഭിപ്രായം. ശ്രീമാൻ താണുപിള്ളയ്ക്കും എനിക്കും കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റിയുള്ള അഭിപ്രായം. അങ്ങനെ ആ അഭിപ്രായം വച്ചുകൊണ്ടിരുന്നതിനെ ഞാൻ മാഠമായിരുന്നു. നമ്മുടെ നാട്ടിൽ പ്രവർത്തനം നടത്തുന്ന ആളുകളെ നല്ലവരാണെന്നുവേണം..... .....

ശ്രീ. കെ. സി. ജോർജ്ജ് : അപ്പോൾ മസാനി പറഞ്ഞതു വിശ്വസിച്ചിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മി. ജോർജ്ജ് പറഞ്ഞാൽ അതും വിശ്വസിക്കും. പ്രായപൂർത്തിവോട്ടവകാശവും ഇൻഡിപെൻഡന്റ് ജുഡിഷ്യറിയും ഇൻഡ്യൻ ഭരണഘടനയിൽ പ്രഖ്യാപനം ചെയ്തിട്ടുള്ളതുകൊണ്ട് ഞങ്ങൾ നിയമസഭാ മാർഗ്ഗങ്ങളിൽക്കൂടി അഭ്യർത്ഥിക്കുന്ന ജനവിഭാഗങ്ങളുടെ കാര്യം സാധിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നു മി. തോമസ്സ് പറഞ്ഞു. എന്നാൽ അതു് എന്നു മുതൽ സംഭവിച്ചു എന്നെനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അങ്ങനെ ഒരു പ്രഖ്യാപനം ഉണ്ടായതുകൊണ്ടു് ഇന്നു ശ്രീ. തോമസ്സിന്റെ പാർട്ടി ഒരു കലിനയും സാധ്വിയും ആയി തീർന്നിരിക്കുകയാണു്. എന്നാൽ അതു് 'എ ലേഡി വിത്തു് എ പാസ്റ്റ്' ആണു്. അവരുടെ പൂർവ്വകാലചരിത്രങ്ങൾ അത്ര തൃപ്തികരമല്ല. അതുകൊണ്ടാണു് ഇത്ര വളരെ പ്രസംഗങ്ങൾ ഉണ്ടായതു്.

സാങ്കേതികമായി പറയുകയാണെങ്കിൽ ഒരു പുസ്തകത്തിലുള്ള കാര്യം ഒരു നിയമസഭയിൽ വായിക്കുന്നതുകൊണ്ട് ആ പുസ്തകം കൃത്രിമമായി ഉണ്ടാക്കപ്പെട്ടതല്ലെങ്കിൽ അങ്ങനെ ബ്രീച്ച് ഓഫ് പ്രിവിലേജ് ആണെന്നു ഞാൻ കണക്കാക്കുന്നില്ല. ടെക്സ്റ്റ്ബുക്കുകളുടെ കൂട്ടത്തിലും പുസ്തകങ്ങളുടെ കൂട്ടത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചുള്ള ലേഖനങ്ങളും ഉണ്ടാകാം. അതവരുടെ എതിരാളികൾ വായിച്ചു എന്നും വരാം. ആ പുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ളതു ശരിയോ തെറ്റോ എന്നുള്ളതു മറ്റൊരു കാര്യം. പക്ഷേ പാർട്ടിഅംഗങ്ങൾ അവരുടെ പാർട്ടിയെ ബലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി ഇന്ന പുസ്തകത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടു് എന്നു പറയുകയും ചെയ്യുന്നതാണു്.

പ്രിവിലേജസ് കമ്മിറ്റിയുടെ മുമ്പാകെ ഞാൻ ഹാജരായതിനെപ്പറ്റി ശ്രീമാൻ രാഘവക്കുറുപ്പ് ആക്ഷേപിക്കുകയുണ്ടായി. ഇന്ന ആൾ പ്രിവിലേജസ് കമ്മിറ്റിയിൽ അംഗമാണു്; അതുകൊണ്ടു് അതു ന്യായമാണോ എന്നു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഒരു സംശയം; ശ്രീമാൻ ചങ്ങാരപ്പിള്ളി നാരായണൻപോറ്റിയാണെന്നു തോന്നുന്നു ഉന്നയിച്ചതു്. അതനുസരിച്ചു് ഒരു വ്യാഖ്യാനം ഉണ്ടാവുകയും ചെയ്തു. ആ അഭിപ്രായത്തിൽ അംഗമായി തുടരാമെന്നാണു് ആ വ്യാഖ്യാനം. അതിന്റെ ബലത്തിൽ മാത്രം എനിക്കു് അംഗമായി തുടർന്നുകൊണ്ടുപോകാം. എന്നിട്ടുകൂടി ഞാൻ അങ്ങനെ പ്രവർത്തിച്ചില്ല. അതു് ഈ റിപ്പോർട്ടു നോക്കിയാൽ കാണാൻ സാധിക്കും. ഈ റിപ്പോർട്ടിന്റെ എട്ടാംപുറത്തു നോക്കുക. "not as a member of the committee" എന്നാണു ഞാൻ പറഞ്ഞതു്. അതു ശരിക്കു രേഖപ്പെടുത്തണമെന്നു ചെയർമാനോടു ഞാൻ ആവശ്യപ്പെടുകയും അതു രേഖപ്പെടുത്തുകയും ചെയ്തു. അതിനുശേഷവും എങ്ങനെയായാലും ചില ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അതിൽ എനിക്കു പറയുവാനുള്ളതു് റിപ്പോർട്ടിന്റെ പത്താമത്തെ പുറം ഒന്നു വായിക്കണമെന്നുള്ളതാണു്.

SHRI. N. RAGHAVA KURUP : Was not the Chief Minister present at the meeting of Committee which decided to report to the House that the matter be dropped.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ഹാജരായിരുന്നു എന്നു ഇതിൽ പറഞ്ഞിട്ടില്ല, സർ.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അടുത്ത പ്രാവശ്യം കൂടിയ കമ്മിറ്റിയിൽ ഉണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു കഴിഞ്ഞു കൂടിയ കമ്മിറ്റിയിലാണു റിപ്പോർട്ടു പാസാക്കിയതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അടുത്ത പ്രാവശ്യം എന്നാണു കൂടിയതു എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശ്രീ. തോമസ്സു് പറഞ്ഞു ഞാൻ അവിടെ ഉണ്ടായിരുന്നു എന്നു്. ഞാൻ നിയമസഭാഹാളിൽ ഉണ്ടായിരുന്നതുകൊണ്ടു് ദോഷം ഒന്നും സംഭവിച്ചില്ല. പിന്നീടു് ഇതു സംബന്ധിച്ചു റിപ്പോർട്ടു തയ്യാറാക്കുന്ന അവസരത്തിൽ ഞാൻ ആ പ്രദേശത്തു് ഉണ്ടായിരുന്നില്ല.

SHRI. N. RAGHAVA KURUP : When the decision was taken he was present.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടെന്തു വിരോധം? അങ്ങനെ സാങ്കേതികമായിട്ടു പോകുകയാണെങ്കിൽ സ്വീകരിച്ചു വ്യാഖ്യാനിച്ചു് എനിക്കു പങ്കെടുക്കാമെന്നാണു പറഞ്ഞിട്ടുള്ളതു്.

ശ്രീ. എ. തങ്കപിള്ള : ഇതു രണ്ടു പുസ്തകങ്ങളിൽ പബ്ലിഷ് ചെയ്തിട്ടുള്ളതാണെന്നാണല്ലോ, ഇപ്പോൾ കാണുന്നതു്. പുസ്തകത്തിന്റെ പബ്ലിഷറുടെ പേരു് ആ പുസ്തകത്തിൽ വയ്ക്കാതെ അതു ഗ്രൂഡമായി കിട്ടിയതാണെന്നു പറഞ്ഞു. ഞാൻ ധരിച്ചതു് ഈ റസല്യൂഷൻ ഗ്രൂഡമായി പാസാക്കിയതാണു് എന്നാണു്. അങ്ങനെ ഗ്രൂഡമായി പാസാക്കിയതാണെങ്കിൽ മറ്റുള്ളവർക്കു് അതെങ്ങനെയാണു കിട്ടുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതു പബ്ലിഷ് ചെയ്യുവക്കു ശ്രദ്ധമായി കിട്ടിയതായിരിക്കാം. അല്ലാതെ എനിക്കു ശ്രദ്ധമായി കിട്ടിട്ടുള്ളതല്ല.

ശ്രീ. എ. താണുപിള്ള : അന്നു് ഈ പുസ്തകങ്ങളുടെ സംഗതി മാത്രം പറഞ്ഞിരുന്നെങ്കിൽ ഈ കുഴപ്പമുണ്ടാകുകയില്ലായിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ മിസ്റ്റർ മസാനിക്കു് എങ്ങനെ കിട്ടിയെന്നു എനിക്കറിവില്ല. ഡെമോക്രാറ്റിക്കു് റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടു് പബ്ലിഷ് ചെയ്ത കമ്മ്യൂണിസ്റ്റ് ചരിത്രത്തിൽ മി. മസാനി എഴുതിട്ടുള്ളതാണു്. അതു ശരിയായി പാസ്സാക്കിട്ടുള്ളതല്ലെങ്കിലും അങ്ങനെങ്കിലും അവരുടെ കയ്യിൽ ശ്രദ്ധമായി കിട്ടിയതാകണം. അങ്ങനെ പാസാക്കിയതല്ലെന്നു എന്നെ സംബന്ധിച്ചിടത്തോളം പറയാൻ നിവൃത്തിയില്ല. നിയമസഭയിൽ ഞാൻ വായിച്ച ഡാക്യുമെൻറ് ഫാർസും ഫാബ്രിക്കേറ്റഡും ആണോ എന്നതിനെപ്പറ്റി എനിക്കു് ഒന്നും പറയാനില്ല.

Mr. Speaker: The debate will close now. The question before the House is.....

Shri. A. Thanu Pillai: Is the debate closed, Sir? Can I say a word?

Mr. Speaker: If you are very particular.

Shri A. Thanu Pillai: Sir, I wish to say a word because I should like to see, in the light of the circumstances disclosed here, the Report of the Committee is unanimously accepted. The Committee understood the reference to mean that they were called upon to find out whether there was falsification or fabrication so far as the Member who made the statement was concerned. The Committee have recorded their finding on that. Nobody, not even Mr. George, objected to the way in which the Committee came to their decision. The publication really contained the Madura Resolution of the Party. Normally, I could understand Mr. Govinda Menon taking this position that the statement was contained in published books, and it was the publishers who went wrong and he was not responsible for it. That is the position. Since that is also the view contained in the unanimous recommendation of Committee, the matter may be dropped. I think, in matters of this kind it will be graceful for the entire House to accept the unanimous decision of the Committee. I think this is the first report made by the Committee. Nothing is gained by sending it again to that Committee. Can the Committee go into the question of the genuineness of the original publication? The Communist Party has not supplied the original publication.

LIBRARY ARCHIVES Kerala Legislative Assembly

SHRI T. V. THOMAS : Why should they?

SHRI A. THANU PILLAI : No, I am not accusing them. Therefore, Sir, I request the House not to press for any further consideration.

MR. SPEAKER : Mr. Prabhu, do you press your amendment?

SHRI MANJANATHA PRABHU : No, Sir. I don't press.

SHRI T. V. THOMAS : Sir, I object to leave being granted to withdraw the amendment.

The question that leave be granted to withdraw the amendment was put and carried.

SHRI T. V. THOMAS : Sir, I demand a poll.

'A poll was taken when the House divided as follows' :

AYES—81.

1	SHRI	P. K. Abdul Khadir	21	SHRI	K. M. Chandy
2	,,	K. C. Abraham	22	,,	M. V. Cheriyan
3	,,	A. Achuthan	23	,,	A. Chidambaranatha Nadar
4	,,	V. K. Achutha Menon	24	,,	O. R. Chummar
5	,,	J. Alexander Parambithara	25	,,	D. Damodaran Potti
6	,,	J. A. Bhatt	26	,,	T. T. Daniel
7	,,	D. Anantharaman	27	,,	T. K. Divakaran
8	,,	M. A. Antony	28	,,	K. M. George
9	,,	Baby John	29	,,	K. P. Gopala Menon
10	,,	K. Balakrishnan	30	,,	Panampilli Govinda Menon
11	,,	K. K. Balakrishnan	31	,,	K. P. Hormis
12	,,	T. O. Bava	32	,,	Idiculla Idiculla
13	,,	B. B. Pandarathil	33	,,	A. J. John
14	,,	M. Bhaskaran Nair	34	,,	V. J. Joseph
15	,,	N. G. Chacko	35	,,	K. Karunakaran
16	,,	A. C. Chacko	36	,,	P. Kesava Menon
17	,,	K. M. Chacko	37	,,	T. T. Kesavan Sastry
18	,,	N. Chandrasekharan Nair	38	,,	C. Kochukunju
19	,,	M. P. Chandra-sekharan Pillai	39	,,	K. Kochukuttan
20	,,	K. Chandrasekhara Sastri	40	,,	K. M. Korah
			41	,,	P. R. Krishnan
			42	,,	K. S. Krishnan Sastry

LIBRARY ARCHIVES Kerala Legislative Assembly

AYES—(*contd.*)

43 Dr. N. K. Kumaran
44 Shri P. Kunjan
45 „ A. Kunjan Nadar
46 Sry T. C. Leela Devi Amma
47 Shri Manjanatha Prabhu
48 „ P. M. Markose
49 „ M. M. Mathai
50 „ C. A. Mathew
51 „ N. Narayana Kurup
52 „ K. Narayana Kurup
53 „ P. Narayanan Potti
54 „ P. S. Nataraja Pillai
55 „ U. Neelakantan
56 „ N. A. Noor Mohammed
57 „ M. P. Menon
58 „ V. P. Parameswaran Nambudiri
59 „ N. Parameswaran Pillai
60 „ R. Ponnappa Nadar
61 „ A. A. Rahim
62 „ C. K. Ramachandran Nair
63 „ P. Ramaswami Pillai
64 „ P. J. Sebastian
65 „ V. V. Sebastian
66 „ S. Seshadrinatha Sarma
67 „ A. M. Simon
68 „ K. A. Sivarama Bharathi
69 „ P. Thanulingam Nadar
70 „ A. Thanu Pillai
71 „ A. Thankiah
72 „ K. T. Thomas
73 „ P. S. Vasudevan Pillai
74 „ K. I. Velayudhan
75 „ Kalathil Velayudhan Nair
76 „ T. M. Varghese
77 „ P. Viswambharan
78 „ D. Vivekanandan
79 „ M. William
80 „ P. K. Yesodharan
81 „ A. A. D. Luiz

NOES—28.

1 Shri P. V. Avira Tharakan
2 „ C. C. Ayyappan
3 „ K. A. Balan
4 „ R. Balakrishna Pillai
5 „ P. Bhaskaran Nair
6 „ Thoppil Bhaskaran Pillai
7 „ P. K. Chathan
8 „ K. C. George
9 „ P. Gopalan
10 Sry. K. R. Gouri
11 Shri Joseph Chazhikattu
12 „ Joseph Mundassery
13 „ Thalekkare K. Krishnan
14 „ P. K. Kunjachan
15 Shri Kuttappan Koickal
16 „ P. R. Madhavan Pillai
17 „ T. A. Majid
18 „ N. Neelakantaru Pandarathil
19 „ R. Prakasam
20 „ N. Raghava Kurup
21 „ P. Ravindran
22 „ C. G. Sadasivan
23 „ R. Sankaranarayanan Thampi
24 „ V. Sridharan
25 „ R. Sugathan
26 Dr. P. K. Sukumaran
27 Shri T. V. Thomas
28 „ C. K. Viswanathan

LIBRARY ARCHIVES Kerala Legislative Assembly